

ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം

# കുടുംബജ്യോതി 2026

ജൂലൈ | പുസ്തകം 44 | ലക്കം 7

SINCE 1982

കവർ സ്റ്റോറി

## ദൈവത്തിനൊരിക്കലും തെറ്റുപറ്റുകയില്ല

★ ★ ★

അഭിമുഖം: മാർ ജോസഫ് പെരുന്തോട്ടം

## ദൈവം കൂടെയുണ്ട്

★ ★ ★

## മഹത്തായ മാനവരാശി

ടെക്ക് ലോകത്തിനൊരു മാർഗരേഖ

# content | ഉള്ളടക്കം

**ചീഫ് എഡിറ്റർ**
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

**മാനേജിംഗ് എഡിറ്റർ**
ഡോ. ജോസഫ് പാറയ്ക്കൽ

**സർക്കുലേഷൻ മാനേജർ**
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

**ആശയം, രൂപകല്പന.**
ബിന്നി മാത്യു

**അക്ഷരവിന്യാസം.**
മനോജ് വർഗീസ്

**മുദ്രണം.** സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101




Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

അഭിപ്രായങ്ങളും രചനകളും
അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272

| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@/ kudumbajyothi



08 **ദൈവത്തിനൊരിക്കലും തെറ്റുപറ്റുകയില്ല**
സ്റ്റാഫ് റിപ്പോർട്ടർ



13 അഭിമുഖം :
മാർ ജോസഫ് പെരുന്തോട്ടം
**ദൈവം കൂടെയുണ്ട്**

20 **വന്യതയിൽ നിന്ന് നാടിന്റെ സമഗ്രസമൃദ്ധിയിലേക്ക്:**
ചാക്കോ കെ.വി. കാളംപറമ്പിൽ

25 **മഹത്തായ മാനവരാശി ടെക്ക് ലോകത്തിനൊരു മാർഗരേഖ**
ഫാ. ജോസഫ് ഇലഞ്ഞിമറ്റം



32 **സ്വർഗം കാട്ടിയ വഴിയേ:**
ഫാ. ജോജിൻ ഇലഞ്ഞിക്കൽ

36 **TUITION! CAUTION! പഠനക്കൂട്ടിലെ പറക്കാത്ത പക്ഷികൾ**

38 **അനന്തരാവകാശം നേടിയെടുക്കാൻ നിയമവഴികൾ**
ആന്റണി ആറിൽചിറ




40 **നരനും നരിയും: 'സ്പാ'യിലെ ഇരട്ട മുഖങ്ങൾ**
ഫാ. മിന്റോ മൂന്നുപറയിൽ

42 **വേരുകൾ തേടുന്ന ചില്ലകൾ**
ജേക്കബ് ജോസഫ് പതിനഞ്ചിൽ

## സ്ഥിരം പംക്തികൾ

04 പൂമുഖം:
**ലോകകപ്പിലെഴുതിയ പള്ളിവിചാരങ്ങൾ**

17 തിരിവെട്ടം:
**യേശുവിലുള്ള വിശ്വാസവും യേശുവിന്റെ വിശ്വാസവും**

45 പുതിയനിയമത്തിലെ കുടുംബദർശനം:
**ഉപമകളിൽ വിരിയുന്ന കുടുംബലോകം**

50 പുറംവാതിൽ:
**ഭക്തിമറയും വ്യക്തിവൈകല്യവും**



> മാർപ്പാപ്പ ലോകകപ്പിൽ അമേരിക്കൻ ടീമിനൊപ്പമാണ്. ഫുട്ബോൾ അദ്ദേഹത്തിനു കളി മാത്രമല്ല, സുവിശേഷം പറയാനുള്ള കാര്യവുമായിരുന്നു. മാർപ്പാപ്പയുടെ സന്ദേശം പക്ഷേ, നമ്മുടെ എല്ലാ ഇടവകകളിലും എത്തിയില്ല.

കുടുംബജ്യോതി
ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം
പുസ്തകം 44 ലക്കം 07

# ലോകകപ്പിലെഴുതിയ പള്ളിവിചാരങ്ങൾ

പൂമുഖം Poomugham



ജോസ് ആൻഡ്രൂസ്

ലോകകപ്പ് മേളാങ്കങ്ങൾക്ക് വീടുകളിലും മൈതാനങ്ങളിലും ആരാധനാലയവളപ്പുകളിലും ഇടം കൊടുക്കാതെ കുട്ടികളെ ഇറക്കിവിടുന്ന കാഴ്ച പലയിടത്തുമുണ്ടായി. തങ്ങൾ എന്തോ വലിയ മൂല്യവും അച്ചടക്കവും സംരക്ഷിക്കുകയാണെന്നാവും അവർ ധരിച്ചുവെച്ചിരിക്കുന്നത്. പക്ഷേ, 'ജെൻസി'കളെ, അഥവാ കൗമാരക്കാരെ ചേർത്തുനിർത്താനുള്ള വലിയൊരു അവസരമാണ് ഇതിലൂടെ നഷ്ടമാക്കിയത്. സുരക്ഷിതമായിരിക്കേണ്ട ഇടങ്ങളിൽനിന്ന് കുട്ടികളോട് 'കടക്കൂ പുറത്ത്' എന്ന് നാം പറയും. പിന്നീട്, അവർ മദ്യ-മയക്കുമരുന്ന് കൂട്ടുകെട്ടുകളിൽ ചെന്നുപെട്ടല്ലോ എന്ന് പരിതപിക്കുകയും ചെയ്യും! നമ്മൾ കൊട്ടിയടച്ച വീട്-പള്ളി വാതിലുകൾ കടന്നാണ്, ചിലരെങ്കിലും, ഇരുട്ടിന്റെ സങ്കേതങ്ങളിലേക്ക് എത്തിപ്പെടുന്നത്.

സ്പെയിൻ സന്ദർശനത്തിനിടെ, താൻ അമേരിക്കൻ നാഷണൽ ടീമിനെ പിന്തുണയ്ക്കുമെന്നാണ് ലെയോ മാർപ്പാപ്പ പറഞ്ഞത്. അദ്ദേഹം ഇങ്ങനെയും കൂട്ടിച്ചേർത്തു: "താൻ മാത്രം കളിക്കുകയും മറ്റുള്ളവർക്ക് അവസരം നൽകാതിരിക്കുകയും ചെയ്യുന്ന കളിക്കാരൻ ടീമിനെ തോൽപ്പിക്കും." മാർപ്പാപ്പ ഫുട്ബോളിനെ ഇവിടെ സുവിശേഷമാക്കുകയായിരുന്നു. ഇതിനെയാണ് അവസരങ്ങളെ വിവേകത്തോടെ ഉപയോഗിക്കുക എന്നുപറയുന്നത്. മാതാപിതാക്കൾക്കും വൈദികർക്കുമൊക്കെയുള്ള സന്ദേശം അതിലുണ്ട്.

മൈതാനങ്ങളിലും ആരാധനാലയവളപ്പുകളിൽ നിന്നുമൊക്കെ 'ഒപ്പറേഷൻ തൂഫാൻ' വഴി മയക്കുമരുന്നടിമകളെയും വ്യാപാരികളെയുമൊക്കെ പോലീസ് ഓടിച്ചിട്ടു പിടിച്ചുകൊണ്ടിരിക്കുകയാണ്. പോലീസുകാരിലും അധ്യാപകരിലും മാതാപിതാക്കളിലും പുരോഹിതരിലുമൊക്കെ പലർക്കും ഇതേക്കുറിച്ച് ഭയമുണ്ട്. ആ ഭയം പൂർണ്ണമായും അസ്ഥാനത്തല്ല; മയക്കുമരുന്നിന് അടിമപ്പെട്ടവർ എങ്ങനെ പ്രതികരിക്കുമെന്നു പറയാനാകില്ല. പലരും പള്ളിമൈതാനങ്ങൾ നിശ്ചിതസമയം കഴിഞ്ഞാൽ അടച്ചിടുന്നത് അതുകൊണ്ടാണ്.

പക്ഷേ, പ്രശ്നം അതല്ല. എല്ലാ കുട്ടികളും മയക്കുമരുന്ന് ഉപയോഗിക്കുന്നവരല്ല. ആരൊക്കെയോ മദ്യപിക്കുന്നുണ്ട്, മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ട് എന്നുപറഞ്ഞ് നാം എല്ലാവരെയും ആട്ടിപ്പായിച്ചാൽ, അത് കളനശിപ്പിക്കാൻ വിളയ്ക്കു തീയിടുന്നതിനു തുല്യമാകും.

സഭയുടെ പല വിദ്യാലയ-പള്ളി മൈതാനങ്ങളിലും ലോകകപ്പ് ഫുട്ബോളിന്റെ വലിയ കട്ടൗട്ടുകളും ബാനറുകളുമൊക്കെ ഉയർന്നിട്ടുണ്ട്. എന്നാൽ ചുരുക്കം ചിലയിടങ്ങളിലെങ്കിലും, "അതൊന്നും ഇവിടെ പറ്റില്ല" എന്നുപറഞ്ഞ് കുട്ടികളെ നിരാശരാക്കി മടക്കി അയച്ചിട്ടുമുണ്ട്. ഇത് അച്ചടക്കമല്ല, അറിവില്ലായ്മയാണ്. കളിക്കാനും വലിയ സ്ക്രീനിൽ കളി കാണാനും ടീമുകളുടെ വലിയ ചിത്രങ്ങൾ സ്ഥാപിക്കാനുമൊക്കെ എത്തിയവരെ വിവിധ അസൗകര്യങ്ങൾ

പറഞ്ഞ് അകറ്റിനിർത്തിയ സംഭവങ്ങളുണ്ട്. നാം ഇറക്കിവിട്ടവരെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ പുറത്ത് ആളുകളുണ്ടെന്ന് ഇക്കൂട്ടർ ഓർക്കുന്നില്ല.

നമ്മുടെ പള്ളിവളപ്പുകളുടെ ഉപയോഗങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങളുണ്ടായിരുന്നെങ്കിൽ! ആരാധനകൾക്കും കല്യാണങ്ങൾക്കും സമ്മേളനങ്ങൾക്കും മാത്രം തുറന്നുകൊടുക്കേണ്ട ഇടങ്ങളല്ല അവയെന്ന് നമ്മുടെ പല ഇടവകകളും തെളിയിച്ചിട്ടുണ്ട്. വൈകുന്നേരങ്ങളിൽ കുട്ടികളും യുവാക്കളും കളിക്കുന്ന, മുതിർന്ന പൗരന്മാർ ചീട്ടും കാരംസും കളിക്കുന്ന, സായാഹ്നങ്ങളിൽ സ്ത്രീപുരുഷന്മാർ നടക്കാനെത്തുന്ന, ലൈബ്രറികൾ ഉപയോഗിക്കുന്ന, ചിരികളികൾ നിറയുന്ന പള്ളിപ്പരിസരങ്ങൾ ധാരാളമുണ്ട്. പക്ഷേ, എല്ലായിടത്തും ഈ കാഴ്ചയില്ല. നാം ആട്ടിപ്പായിച്ച കുട്ടികളും യുവാക്കളും, പള്ളിയുടെ ഒരു ആവശ്യം വരുമ്പോൾ ഓടിയെത്തുമെന്നു കരുതുന്നതല്ലേ മണ്ടത്തരം!

നമുക്ക് മാർപ്പാപ്പയിലേക്ക് മടങ്ങാം. സ്പെയിനിലേക്കുള്ള യാത്രാമധ്യേ വിമാനത്തിൽവെച്ച് മാധ്യമപ്രവർത്തകർ ചോദിച്ചു: "പാപ്പാ ഏതു ടീമിനെയാണ് പിന്തുണയ്ക്കുന്നത്?" ഉടൻ വന്നു മറുപടി: "മാർപ്പാപ്പ എല്ലാ ടീമിനുമൊപ്പമാണ്. പക്ഷേ, പ്രൊവേസ്ത് റയൽ മാഡ്രിഡിനൊപ്പം." (റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്ത് എന്നത് ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ പഴയ പേരാണ്.) മാർപ്പാപ്പ ഇങ്ങനെ കൂട്ടിച്ചേർത്തു: "പക്ഷേ, ഫിഫ ലോകകപ്പിൽ ഞാൻ അമേരിക്കയെ പിന്തുണയ്ക്കും." പെറുവിനെ പിന്തുണച്ചിരുന്ന മാർപ്പാപ്പ, അവർക്കു ലോകകപ്പിൽ യോഗ്യത നേടാനാകാതെ വന്നതോടെയാണ്, അമേരിക്കൻ ടീമിന്റെ പക്ഷത്തായത്.

സ്പെയിനിലെ ബാഴ്സലോണയിലുള്ള സെന്റ് അഗസ്റ്റിൻ ദേവാലയത്തിനുള്ളിൽ ജീവകാരുണ്യ സംഘടനാംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിൽ, അദ്ദേഹം സംസാരിച്ചത് കൂടുതലും ലോകകപ്പ് ഫുട്ബോളിനെക്കുറിച്ചാണ്. പള്ളിയിലുണ്ടായിരുന്ന ജനങ്ങൾ മാർപ്പാപ്പയുടെ പൊട്ടിച്ചിരികളും ഫുട്ബോൾ വർത്തമാനങ്ങളും ശ്രദ്ധയോടെ കേട്ടിരുന്നു. പരസ്പരം ആവേശത്തോടെ കമന്റുകൾ പറയുന്നതും മാതാപിതാക്കൾ കുട്ടികൾക്കു പാപ്പായെ ചൂണ്ടിക്കാണിക്കുന്നതും കുട്ടികൾ ഫുട്ബോളിനെക്കുറിച്ചു പറയുന്ന മാർപ്പാപ്പയെ സാകൂതം കേട്ടിരിക്കുന്നതുമൊക്കെ ആ കൂടിക്കാഴ്ചയുടെ വീഡിയോയിലുണ്ട്. അച്ചടക്കപ്രശ്നങ്ങളൊന്നും ഉണ്ടായില്ല! അതിനിടയിലാണ് അദ്ദേഹം ഫുട്ബോളിനെ ഒരു സുവിശേഷ മാധ്യമമാക്കിയത്. "താൻ മാത്രം കളിക്കുകയും മറ്റുള്ളവർക്ക് അവസരം നൽകാതിരിക്കുകയും ചെയ്യുന്ന കളിക്കാരൻ ടീമിനെ തോൽപ്പിക്കും" പിന്നെ ഒരു പൊട്ടിച്ചിരി. ആളുകളും ചിരിച്ചു. എത്ര ആവേശകരവും സമാധാനം നൽകുന്നതുമായിരുന്നു സെന്റ് അഗസ്റ്റിൻ പള്ളിയിലെ ആ പ്രസംഗം!




ലോകകപ്പിന്റെ രാത്രിയിലെ കളികൾ കാണാൻ നമ്മുടെ പള്ളിമൈതാനങ്ങളും കെട്ടിടങ്ങളും തുറന്നുകൊടുക്കുകയും, കാഴ്ചക്കാർക്കൊപ്പം വൈദികരും കൈക്കാരന്മാരും സംഘടനാ പ്രതിനിധികളുമൊക്കെ ഇരുന്ന് കളി ആസ്വദിക്കുകയും ചെയ്യുമ്പോൾ, പള്ളി തങ്ങളുടേതാണെന്ന ബോധ്യം ആ യുവാക്കളിൽ വളരും. അവരെ സഭയുടെ സ്വന്തം ടീമാക്കി മാറ്റാൻ ഇതിലൂടെ സാധിക്കും. നീണ്ട പ്രസംഗങ്ങളേക്കാളും എത്രയോ ഫലപ്രദമാണിത്!

ചങ്ങനാശേരി ആർച്ച്ബിഷപ്പ് മാർ തോമസ് തറയിൽ നടത്തിയ ഒരു പ്രസംഗം ഇപ്പോഴും സമൂഹമാധ്യമങ്ങളിലുണ്ട്. സൺഡേ സ്കൂൾ വിദ്യാർഥികളെ അച്ചടക്കം പഠിപ്പിച്ചു പഠിപ്പിച്ച്, പള്ളിയെ വെറുക്കുന്നവരാക്കുന്നതിനെക്കുറിച്ച് രസകരവും, എന്നാൽ ചിന്തോദ്ദീപകവുമായ പരാമർശങ്ങൾ. പള്ളിയിൽ നിരതെറ്റിക്കാതെ നിർത്തുക, മൂത്രമൊഴിക്കാൻ പോകുന്ന കുട്ടിയെ അതിനനുവദിക്കാതെ പേടിപ്പിക്കുക, ഇരിക്കാൻ അനുവദിക്കാതിരിക്കുക, കുർബാന കഴിഞ്ഞാലും നീണ്ട നിർദേശങ്ങൾകൊണ്ട് പൊറുതിമുട്ടിക്കുക... ഇതൊക്കെയാണത്രേ നമ്മുടെ അച്ചടക്കങ്ങൾ! മൂന്നു വർഷം മുമ്പായിരുന്നു ആ പ്രസംഗം. പക്ഷേ, കേൾക്കേണ്ടവർ അത് കേട്ടില്ല. ഇന്നും ഉച്ചക്കുർബാനയ്ക്കും സൺഡേ സ്കൂളിലും കുട്ടികൾ ഞെളിപിരി കൊള്ളുകയാണ്.

മാർപ്പാപ്പയുടെ ലോകകപ്പ് ആവേശവും തിരുത്തേണ്ടവർ കേൾക്കുമോയെന്നറിയില്ല. അതെന്തായാലും, ഇടവകകൾക്ക് തങ്ങളുടെ കുട്ടികളെ ചേർത്തുനിർത്തി ഒരു 'ടീം' ഒരുക്കാൻ ജൂലൈ 19 വരെ സമയമുണ്ട്. അന്നാണ് ഫിഫ ലോകകപ്പ് ഫൈനൽ!

○

കവർ
coverstory
സ്റ്റോറി

# ദൈവത്തിനൊരിക്കലും തെറ്റുപറ്റുകയില്ല



"ദൈവം തന്നു, ദൈവം എടുത്തു; ദൈവതിരുനാമത്തിനു മഹത്വം..." എന്ന് പറഞ്ഞ വിശുദ്ധ ഗ്രന്ഥത്തിലെ ജോബിനെ അനുസ്മരിപ്പിക്കുന്ന ദമ്പതികൾ - ജോസഫും പ്രീതയും. വാഹനാപകടത്തിൽ കഴിഞ്ഞ മാസം കോഴിക്കോടുവെച്ച് മരണമടഞ്ഞ ജിയന്നയുടെ മാതാപിതാക്കൾ. അകാലത്തിൽ, അപ്രതീക്ഷിതമായി തങ്ങളിൽനിന്ന് വേർപിരിഞ്ഞുപോയ മകളുടെ നഷ്ടപ്പെടലിനെപ്പോലും ദൈവകരങ്ങളിൽനിന്ന് പ്രത്യാശയോടെ സ്വീകരിക്കാൻ വിശ്വാസ സ്ഥൈര്യം ലഭിച്ച ആ ദമ്പതികളുടെ ജീവിതത്തിലൂടെ ഒരു യാത്ര...

**"നാളെ ഈശോയുമായുള്ള ജിയന്നയുടെ വിവാഹമാണ്. ഞങ്ങളുടെ കുടുംബത്തിലെ ആദ്യ വിവാഹം..."**

എന്ന് സ്വന്തം മകളുടെ മരണത്തെക്കുറിച്ച് ഇങ്ങനെ ചിന്തിക്കാൻ മാത്രം ക്രിസ്തുവിനെ പ്രാണനായി സ്നേഹിക്കുന്നവർ!
കഴിഞ്ഞമാസം കോഴിക്കോടുവെച്ചുണ്ടായ വാഹനാപകടത്തിലാണ് അവരുടെ ഇരട്ടമക്കളിലൊരാളായ ജിയന്ന മറിയം ജോസ് വിടപറഞ്ഞത്.



യേശുവിന്റെ ചേതനയറ്റ ശരീരം മടിയിൽ കിടത്തിയിരിക്കുന്ന മാതാവിന്റെ ചിത്രം (പിയാത്ത) നെഞ്ചിലൊരു വിങ്ങലോടെയല്ലാതെ നമുക്ക് കണ്ടിരിക്കാനാവില്ല. ഒരമ്മയ്ക്ക് എങ്ങനെയാണ് ഇത്രയും തീവ്രമായ അനുഭവങ്ങളിലൂടെ കടന്നുപോകാൻ കഴിയുക എന്ന് നാം അദ്ഭുതപ്പെടും. "അമ്മ ദൈവമാതാവല്ലേ, മാതാവിന് അതിനുള്ള കൃപയുണ്ടാകും; പക്ഷേ, നമ്മുടെ കാര്യം അങ്ങനെയല്ലല്ലോ" എന്നുപറഞ്ഞ് നാം സ്വന്തം ദുഃഖങ്ങളെ പർവതീകരിക്കാറുമുണ്ട്. എന്നാൽ, ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്ക്, അവിടുത്തെ കരങ്ങളിൽനിന്ന് ഏതുതരം കയ്പേറിയ അനുഭവങ്ങളെയും പ്രത്യാശയോടെ സ്വീകരിക്കാൻ കഴിയും എന്ന് പുതിയ കാലത്തിന് മാതൃകയാവുകയാണ് ചങ്ങനാശേരി അതിരൂപതയിലെ കുമാരനല്ലൂർ ഇടവകയിലെ ചക്കുപുരയ്ക്കൽ കുടുംബത്തിലെ ജോസഫ് - പ്രീത ദമ്പതികൾ.

"നാളെ ഈശോയുമായുള്ള ജിയന്നയുടെ വിവാഹമാണ്. ഞങ്ങളുടെ കുടുംബത്തിലെ ആദ്യ വിവാഹം..." എന്ന് സ്വന്തം മകളുടെ മരണത്തെക്കുറിച്ച് ഇങ്ങനെ ചിന്തിക്കാൻ മാത്രം ക്രിസ്തുവിനെ പ്രാണനായി സ്നേഹിക്കുന്നവർ! കഴിഞ്ഞമാസം കോഴിക്കോടുവെച്ചുണ്ടായ വാഹനാപകടത്തിലാണ് അവരുടെ ഇരട്ടമക്കളിലൊരാളായ ജിയന്ന മറിയം ജോസ് വിടപറഞ്ഞത്. പതിനാല് ദിവസത്തെ തീവ്രമായ ആശുപത്രിവാസത്തിനൊടുവിലായിരുന്നു ആ വേർപാട്. അപകടത്തെത്തുടർന്ന്, ചികിത്സയുടെയും പ്രാർഥനയുടെയും ഫലമായി ജിയന്ന ജീവിതത്തിലേക്ക് തിരികെ വരുമെന്ന് പ്രതീക്ഷ നൽകിയ ദിവസങ്ങളിലാണ്, പെട്ടെന്ന് രോഗം മൂർച്ചിച്ചതും ജിയന്ന യാത്രയായതും.

അപ്രതീക്ഷിതമായിരുന്നു മകളുടെ മരണമെങ്കിലും, ജോസഫും പ്രീതയും തകർന്നുപോയില്ല. കാരണം, ദുഃഖത്തിന്റെ പാനപാത്രമാണ് കർത്താവ് കൈയിൽ തരുന്നതെങ്കിലും, സന്തോഷത്തോടെ അതു വാങ്ങി സ്തോത്രം പറയാൻ കഴിയുന്ന ആഴമേറിയ ആത്മീയ അടിത്തറ അവർക്കുണ്ടായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നതുപോലെ, കാറ്റടിച്ചിട്ടും പെരുമഴ പെയ്തിട്ടും, ഇളക്കം തട്ടാത്ത, വിശ്വാസമാകുന്ന പാറയിൽ പണിയപ്പെട്ടതായിരുന്നു അവരുടെ കുടുംബജീവിതം.

> 'ഇത്രയുമൊക്കെ പ്രാർഥിക്കുന്ന ഞങ്ങൾക്ക് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു' എന്ന് ചോദിക്കുന്നവരുണ്ടാകാം. പ്രതിസന്ധികൾ എല്ലാ ജീവിതത്തിലുമുണ്ട്. പക്ഷേ, കർത്താവ് കൂടെയുണ്ടോ, കർത്താവിന്റെ കരം നാം മുറുകെ പിടിച്ചിട്ടുണ്ടോ എന്നതാണ് പ്രധാനം. കർത്താവിന്റെ കരം ഞങ്ങൾ പിടിച്ചിട്ടുണ്ട്; അതുകൊണ്ടാണ് ഞങ്ങൾക്ക് ജിയന്നയെ പ്രത്യാശയോടെ യാത്രയാക്കാൻ സാധിച്ചത്.

## 'എയ്ഞ്ചൽസ് ആർമി'യുടെ ആത്മീയ വഴിത്താര

മതബോധനാധ്യാപകർ കൂടിയായ പ്രീതയും ജോസഫും 'ജീസസ് യൂത്ത്' കൂട്ടായ്മയിലൂടെയാണ് ആത്മീയ നവീകരണാനുഭവത്തിലേക്ക് വരുന്നത്. റെയിൽവേ എഞ്ചിനീയറാണ് ജോസഫ്, പ്രീത വീട്ടമ്മയും. വിവാഹത്തിലൂടെ ദൈവം ഇവരെ ഒരുമിപ്പിച്ചപ്പോൾ, അത് ഇരുവരുടെയും വ്യക്തിപരമായ ആത്മീയജീവിതത്തിനും പരസ്പരമുള്ള വളർച്ചയ്ക്കും ഏറെ സഹായകരമായി. തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിനിടയിലും, പ്രാർഥനക്കൂട്ടായ്മകളിൽ മുടക്കമില്ലാതെ അവർ പങ്കെടുക്കുമായിരുന്നു. അങ്ങനെയുള്ള ഒരു പ്രാർഥനാവേളയിലാണ്, ഗർഭസ്ഥശിശുക്കൾക്കുവേണ്ടിയുള്ള ഒരു മിനിസ്ട്രി എന്ന ചിന്തയുണ്ടാകുന്നതും, 'എയ്ഞ്ചൽസ് ആർമി' രൂപീകരിക്കുന്നതും. മാതാപിതാക്കളുടെ ഈ പ്രാർഥനാധിഷ്ഠിത ജീവിതം കണ്ടു വളർന്ന ഇവരുടെ മക്കൾ സ്വാഭാവികമായും ഈശോയോട് കൂടുതൽ അടുത്തു.

ചെറുപ്രായം മുതലേ ഈശോയുമായി മക്കൾ വ്യക്തിപരമായ ബന്ധം സ്ഥാപിക്കണമെന്നതായിരുന്നു ഈ മാതാപിതാക്കളുടെ ആഗ്രഹം. "ലോകം മുഴുവൻ നേടിയാലും, സ്വന്തം ആത്മാവ് നഷ്ടമായാൽ, അതുകൊണ്ട് എന്ത് പ്രയോജനം?" എന്ന തിരുവചനത്തിൽ വിശ്വസിച്ചതുകൊണ്ട്, മക്കളെ ഈ ലോകത്തിന്റെ

കവർ coverstory സ്റ്റോറി

വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നതുപോലെ, കാറ്റടിച്ചിട്ടും, പെരുമഴ പെയ്തിട്ടും, ഇളക്കം തട്ടാത്ത, വിശ്വാസമാകുന്ന പാറയിൽ പണിയപ്പെട്ടതായിരുന്നു അവരുടെ കുടുംബജീവിതം.



വഴിക്കു വളർത്താനല്ല, ദൈവത്തിന് ഇഷ്ടമുള്ള വരാക്കി മാറ്റാനാണ് ഇവർ ശ്രമിച്ചത്.

### മക്കൾക്ക് 'ഈശോയെ' കൊടുക്കുക

"കുഞ്ഞുപ്രായം മുതലേ, മക്കൾക്ക് ദൈവത്തെ പകർന്നു നൽകണം. മുതിർന്നതിനുശേഷം, അത് എപ്പോഴും സാധിച്ചെന്നു വരില്ല", പ്രീത സ്വന്തം അനുഭവം പങ്കുവെക്കുന്നു. "മാതാപിതാക്കളുടെ എല്ലാ കുറവുകളും നന്മകളും മക്കൾ 'വാച്ച് ചെയ്യു ന്നുണ്ട്'. മാതാപിതാക്കൾ ഈശോയ്ക്ക് പ്രഥമ സ്ഥാനം നൽകുന്നത് കണ്ടുവളരുന്ന മക്കളുടെ മുൻഗണനയും മറ്റൊന്നാകില്ല. കുഞ്ഞുപ്രായം മുതൽ ദൈവത്തിൽ അടിസ്ഥാനമിട്ട് വളർത്തിയാൽ, മുതിർന്നതിനുശേഷം അവർ ഏതെങ്കിലും സാഹ ചര്യത്തിൽ വഴിതെറ്റിപ്പോയാൽപ്പോലും, അവർക്ക് തിരിച്ചുവരാതിരിക്കാനാവില്ല. അമ്മയുടെ ഉദരം മുതൽ ചെറുപ്രായം വരെയുള്ള കാലയളവാണ് മക്കൾക്ക് ഈശോയെ കൊടുക്കാനുള്ള സുവർ ണ്ണാവസരം. അത് പരമാവധി പ്രയോജനപ്പെടു ത്തിയാൽ, പിന്നെയൊരിക്കലും അവർ ദൈവത്തെ ഉപേക്ഷിക്കുകയില്ല."

"'ദൈവമേ, നീയെന്റെ മക്കളുടെ ഹൃദയത്തിന്റെ നാഥനായിരിക്കണമേ' എന്നതായിരുന്നു എന്റെ എക്കാലത്തെയും പ്രാർഥന", ജോസഫ് ഓർക്കു ന്നു. മക്കളുടെ ഭൗതിക വളർച്ചയ്ക്കൊപ്പംതന്നെ, മാതാപിതാക്കൾ അവർക്കായി ഇപ്രകാരവും പ്രാർ ഥിക്കേണ്ടതുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇങ്ങനെ പ്രാർഥിക്കുന്ന മാതാപിതാക്കൾക്ക്, അവരുടെ മക്കളെ ഒരിക്കലും നഷ്ടപ്പെടുകയില്ല; നമ്മുടെ ഒരു പ്രാർഥനപോലും പാഴാകുകയുമില്ല. "ദൈവമേ, നീ ആഗ്രഹിക്കുന്നതുപോലെ ഞങ്ങളുടെ മക്കൾ അവരുടെ ദൈവവിളി തെരഞ്ഞെടുക്കണമേ" എന്നതായിരുന്നു മറ്റൊരു പ്രാർഥന. "കർത്താവിന്റെ സന്നിധിയിലാണ് ഇന്ന് ജിയന്നയുള്ളതെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ആ ബോധ്യമാണ്, ഈ വേദനയിലും ഞങ്ങൾക്ക് സമാധാനവും പ്രത്യാശയും നൽകുന്നത്." ജോസഫും പ്രീതയും ഒരേസ്വരത്തിൽ പറയുന്നു.

### 'ദൈവത്തിന് ഒരിക്കലും തെറ്റുപറ്റില്ല'

ജിയന്നയ്ക്ക് അപകടം സംഭവിച്ച വാർത്തയറി ഞ്ഞ് കോഴിക്കോട്ടേക്ക് പോകുന്ന വഴിയിലുടനീളം പ്രീത വായിച്ചിരുന്നത് സങ്കീർത്തനങ്ങളായിരുന്നു. ആ വചനങ്ങൾ നൽകിയ 'എക്സ്ട്രാ ധൈര്യ ത്തോടെ'യാണ് ആശുപത്രിയിൽ എത്തിയതും. "മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, കർത്താവെന്റെ കൂടെ യുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല..." ജീവിത ത്തിൽ എന്തെല്ലാം സംഭവിച്ചാലും 'കർത്താവ് കൂടെയുണ്ടോ' എന്നത് മാത്രമാണ് നോക്കേണ്ടത്.

"ഇത്രയുമൊക്കെ പ്രാർഥിക്കുന്ന ഞങ്ങൾക്ക് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്ന് ചോദിക്കു ന്നവരുണ്ടാകാം. പ്രതിസന്ധികൾ എല്ലാ ജീവിതത്തി

ലുമുണ്ട്. പക്ഷേ, കർത്താവിന്റെ കരം നാം മുറുകെ പിടിച്ചിട്ടുണ്ടോ എന്നതാണ് പ്രധാനം. കർത്താവിന്റെ കരം ഞങ്ങൾ പിടിച്ചിട്ടുണ്ട്; അതുകൊണ്ടാണ് ഞങ്ങൾക്ക് ജിയന്നയെ പ്രത്യാശയോടെ യാത്രയാക്കാൻ സാധിച്ചത്. നമുക്ക് സംഭവിക്കുന്നതെല്ലാം ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമാണ്. നമുക്കായെന്ത് അവൻ തീരുമാനിക്കുന്നോ, അത് അവന്റെ ശരിയായിരിക്കും. അവിടുന്നൊരിക്കലും നമുക്ക് അനർത്ഥം വരുത്തില്ല. ദൈവത്തിന് ഒരിക്കലും തെറ്റുപറ്റുകയില്ല..."

ഇങ്ങനെ പറയാൻ എത്ര അമ്മമാർക്കു കഴിയും? അതും തങ്ങളുടെ പൊന്നോമന മക്കൾ അകാലത്തിൽ വിട്ടുപിരിയുമ്പോൾ? ദൈവം കൂടെയുണ്ടെന്ന് തിരിച്ചറിയാത്ത മനുഷ്യരുടെ ജീവിതത്തിൽ സംഭവിക്കുന്ന ദുരന്തങ്ങൾ നൽകുന്ന ഇരുട്ട് എത്രയോ വലുതായിരിക്കും.

"ഒരു സാധാരണ കുടുംബമാണ് ഞങ്ങളുടേത്; സാധാരണ മനുഷ്യർ. ജീവിതത്തിൽ ഉരുണ്ടുപിടച്ച് വീണവരും, വീണ്ടും എഴുന്നേറ്റവരുമൊക്കെയാണ് ഞങ്ങൾ. എന്നാൽ, കർത്താവ് ഞങ്ങളോടു കൃപ കാണിച്ചു; അതുകൊണ്ടാണ്, ആ ദൈവഹിതത്തിനു മുന്നിൽ 'ആമ്മേൻ' പറയാൻ ഞങ്ങൾക്കു സാധിച്ചത്." പ്രീത സങ്കടങ്ങളില്ലാതെ, വലിയ പ്രത്യാശയോടെ പറഞ്ഞു നിർത്തി.

> "കർത്താവിന്റെ സന്നിധിയിലാണ് ഇന്ന് ജിയന്നയുള്ളതെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ആ ബോധ്യമാണ് ഈ വേദനയിലും ഞങ്ങൾക്ക് സമാധാനവും പ്രത്യാശയും നൽകുന്നത്."
> ജോസഫും പ്രീതയും ഒരേസ്വരത്തിൽ പറയുന്നു.



അഞ്ചു മക്കളാണ് ഈ ദമ്പതികൾക്ക്. മൂത്ത മകൻ നോയൽ സിഎംഐ തിരുവനന്തപുരം പ്രോവിൻസിലെ വൈദികാർഥിയാണ്. രണ്ടാമത്തെ മകൾ കൊച്ചുത്രേസ്യ എറണാകുളത്ത് പിജിഡിഎം കഴിഞ്ഞ് ജോലി ചെയ്യുന്നു. ഇരട്ടമക്കളാണ് ജിയന്ന മറിയം ജോസഫും അന്ന മറിയം ജോസഫും. അന്ന മറിയം ആഫ്രിക്കയിൽ മിഷനിലെ ഫുൾടൈമറായി ശുശ്രൂഷ ചെയ്യുന്നു. ഇളയമകൾ ആഗ്നസ് മറിയം ജോസഫ് പ്ലസ് ടു വിദ്യാർഥിനിയാണ്.

പ്രിയപ്പെട്ടവരുടെ മരണത്തിനു മുന്നിൽ ദൈവത്തെ തള്ളിപ്പറയുകയും, വിശ്വാസം കൈവെടിയുകയും ചെയ്യുന്നവർക്കിടയിലാണ് ജിയന്നയുടെ മാതാപിതാക്കൾ നമുക്ക് മുന്നിൽ വലിയ വിസ്മയമായി മാറുന്നത്. "അവളെ ഞങ്ങൾക്ക് മിസ് ചെയ്യും എന്നത് സത്യമാണ്. പക്ഷേ, അവൾ അവൾക്ക് ഏറ്റവും ഇഷ്ടമുള്ള ആളുടെ (ഈശോയുടെ) അടുക്കലേക്കാണല്ലോ പോയിരിക്കുന്നത്! അതോർക്കുമ്പോൾ ഞങ്ങൾക്ക് കരഞ്ഞിരിക്കാനും കഴിയില്ല..." എന്ന് ഈ മാതാപിതാക്കൾ പറയുമ്പോൾ, നമുക്കത് പുതിയൊരു സുവിശേഷമായി മാറുകയാണ്. കാരണം, "തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്" (സങ്കീ 116:15) എന്ന് അവർ ആഴത്തിൽ തിരിച്ചറിയുന്നു.


## വിവാഹ ഒരുക്ക ധ്യാനം

2026 JULY - 06, 07, 08 [MON-WED]
- 27, 28, 29 [MON-WED]
2026 AUGUST - 08, 09, 10 [SAT-MON]
- 15, 16, 17 [SAT-MON]
- 31, Sept. 01, 02 [MON-WED]
2026 SEPTEMBER - 12, 13, 14 [SAT-MON]
- 19, 20, 21 [SAT-MON]

SEHIYON
Retreat centre
Kunnamthanam

Booking going on

അന്വേഷണങ്ങൾക്ക്
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി
ഫോൺ - 0481 2424476 സമയം – 11 am to 5 pm

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഡെയ്സമ്മ

coverstory



# വിശുദ്ധ കുർബാനയുടെ ജിയന്ന

ജിയന്ന തന്റെ ജീവിതത്തിൽ ഏറ്റവും അധികം സ്നേഹിച്ചത് യേശുവിനെയും അവിടുത്തെ സജീവസാന്നിധ്യം കുടികൊള്ളുന്ന വിശുദ്ധ കുർബാനയെയുമായിരുന്നു. ആരോഗ്യമുള്ളിടത്തോളം കാലം, അവൾ എല്ലാ ദിവസവും അവിടുത്തെ കാണാനും സ്വീകരിക്കാനും ദേവാലയത്തിൽ എത്തുമായിരുന്നു. എന്നാൽ, അപകടത്തെത്തുടർന്ന് അവൾക്ക് പള്ളിയിൽ പോകാൻ കഴിയാതെ വന്നപ്പോൾ, തന്നോടുള്ള അവളുടെ സ്നേഹം മനസ്സിലാക്കി ദിവ്യകാരുണ്യനാഥൻ അവളുടെ അരികിലേക്ക് എത്തി!

അപകടം പറ്റി ജിയന്ന അഡ്മിറ്റായിരുന്നപ്പോൾ, അവൾ വെന്റിലേറ്ററിലായിരുന്ന ദിവസങ്ങളൊഴികെ, സമീപത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽനിന്ന് തിരുശരീരവും തിരുരക്തവുമായി വൈദികൻ എത്തുമായിരുന്നു. തന്നോടുള്ള ജിയന്നയുടെ സ്നേഹം മനസ്സിലാക്കിയതുകൊണ്ട്, ഈശോ തന്നെയാണ് അങ്ങനെ അവളുടെ ഉള്ളിലേക്കെത്തിയതെന്ന് പ്രീത വിശ്വസിക്കുന്നു. രോഗീലേപനവും ജിയന്നയ്ക്ക് സുബോധത്തോടെ സ്വീകരിക്കാൻ കഴിഞ്ഞു.


പഠനത്തിന്റെ തിരക്കിലും ജിയന്ന ഒരിക്കലും വിശുദ്ധ കുർബാന മുടക്കിയിരുന്നില്ല. രാവിലെ പോകാൻ സാധിച്ചില്ലെങ്കിൽ വൈകുന്നേരം പോകും. വിശുദ്ധ കുർബാനയോടുള്ള അവളുടെ സ്നേഹം അക്രൈസ്തവരായ സുഹൃത്തുക്കളെപ്പോലും വിശ്വാസത്തിലേക്ക് നയിച്ചു. "ജിയന്നയുടെ ഈശോയെ കാണാൻ ഞങ്ങളും വരുന്നു" എന്നായിരുന്നു പള്ളിയിലേക്കുള്ള അവരുടെ വരവിന് സുഹൃത്തുക്കൾ നൽകിയ വിശദീകരണം. വിശുദ്ധ കുമ്പസാരവും മുടക്കമില്ലാതെ നടത്തിയിരുന്നു. ദൈവവചനം വായിക്കാനും, അത് എഴുതി സൂക്ഷിക്കാനും അവൾക്ക് വലിയ താല്പര്യമുണ്ടായിരുന്നു.




ഇടവകകേന്ദ്രീകൃതമായ ജീവിതമായിരുന്നു ജിയന്നയുടേത്. ഇടവകയിലെ ഏത് കാര്യത്തിലും ജിയന്ന മുന്നിലുണ്ടാകും. അവൾ ആരോടെങ്കിലും പിണങ്ങിയിരിക്കുകയോ ശത്രുത പുലർത്തുകയോ ചെയ്തിരുന്നില്ല. പുഞ്ചിരിയായിരുന്നു അവളുടെ ഏറ്റവും വലിയ പ്രത്യേകത. പതിവായി നോമ്പ് എടുക്കുമായിരുന്നു എന്നുമാത്രമല്ല, കർശനമായ രീതിയിൽ പാലും മുട്ടയും വരെ ഉപേക്ഷിച്ചുകൊണ്ടുള്ള നോമ്പായിരുന്നു അനുഷ്ഠിച്ചിരുന്നത് എന്നുകൂടി പറയേണ്ടതുണ്ട്.

എന്നാൽ, ജിയന്ന ഒരു സാധാരണ പെൺകുട്ടി കൂടിയായിരുന്നു എന്ന് പ്രീത ഓർക്കുന്നു. ഭക്തിഗാനങ്ങൾ മാത്രമല്ല, സിനിമാഗാനങ്ങളും ആസ്വദിച്ചിരുന്ന, സിനിമകളെ സ്നേഹിച്ചിരുന്ന, സുഹൃത്തുക്കളുമൊത്ത് പുറത്തുപോകാനും നല്ല ഭക്ഷണം കഴിക്കാനും ഇഷ്ടപ്പെട്ടിരുന്ന, ഒരു സാധാരണ പെൺകുട്ടി തന്നെയായിരുന്നു അവളും. പക്ഷേ, അവളുടെ ജീവിതകേന്ദ്രം ദിവ്യകാരുണ്യമായിരുന്നു. ഈശോയോടായിരുന്നു അവളുടെ പ്രണയം മുഴുവനും. തീരെ ചെറിയ കാര്യങ്ങളിൽപ്പോലും, ഈശോയോടു ചോദിക്കാതെ അവൾ ഒരു തീരുമാനവും എടുത്തിരുന്നില്ല. "ഞാൻ ഇതു ചെയ്താൽ ഈശോയ്ക്ക് ഇഷ്ടമാവുമോ?" എന്നതായിരുന്നു അവളുടെ ചിന്ത. ഈശോയ്ക്ക് ഇഷ്ടമാകില്ല എന്ന് ഉറപ്പുള്ള കാര്യമാണെങ്കിൽ, തന്റെ ഏറ്റവും വലിയ ഇഷ്ടങ്ങളെപ്പോലും ബലികഴിക്കാൻ അവൾക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല.

യുകെ ആസ്ഥാനമായുള്ള രാജ്യാന്തര അക്കൗണ്ടിംഗ് കോഴ്സായ എസിസിഎ ആറ് പേപ്പറുകളും മികച്ച നിലയിൽ പാസായി, ഏഴാമത്തെ പേപ്പറിന്റെ പരീക്ഷാ ദിവസമാണ് ജിയന്നയുടെ മരണം സംഭവിച്ചത്. ഭൗതികമായ പരീക്ഷകൾക്കപ്പുറം, ജീവിതമെന്ന വലിയ പരീക്ഷ ഉന്നത വിജയത്തോടെ പാസായി, അവൾ തന്റെ മണവാളന്റെ സന്നിധിയിലേക്ക് യാത്രയായിക്കഴിഞ്ഞിരുന്നു. ○



അഭിമുഖം
interview

ചങ്ങനാശേരി
അതിരൂപതയുടെ
മുൻ മെത്രാപ്പോലീത്ത
മാർ ജോസഫ് പെരുന്തോട്ടം
**മെത്രാൻ പദവിയിൽ**
**25 വർഷങ്ങൾ**
പൂർത്തിയാക്കിയിരിക്കുകയാണ്.
ഈ ധന്യമുഹൂർത്തത്തിൽ
'കുടുംബജ്യോതി' മാസികയോട്
അദ്ദേഹം മനസ്സ് തുറക്കുന്നു.

# ദൈവം കൂടെയുണ്ട്

? *ഏറെ ആഗ്രഹിച്ചും പ്രാർഥിച്ചും പൗരോഹിത്യ ജീവിതത്തിലേക്ക് കടന്നുവന്നിട്ടും, പ്രതിസന്ധികൾക്കു മുമ്പിൽ പതറിപ്പോകുന്ന നിരവധി വൈദികരുണ്ട്. ഇത്തരം അനുഭവങ്ങൾ പിതാവിനുണ്ടായിട്ടുണ്ടോ?*

ഓർമ്മവെച്ച നാൾ മുതൽ ഒരു വൈദികനാകണമെന്നതായിരുന്നു എന്റെ ആഗ്രഹം. 'അച്ചനാക്കണമേ...' എന്നതായിരുന്നു നിരന്തരമായ പ്രാർഥന. ഞാൻ ഒരു വൈദികനാകാൻവേണ്ടി അമ്മ ആഗ്രഹിച്ചു പ്രാർഥിച്ചിരുന്നുവെന്ന്, ഞാൻ വൈദികനായി ഏതാനും വർഷങ്ങൾക്കു ശേഷമാണ് അമ്മ എന്നോട് പറഞ്ഞത്. അങ്ങനെ ഏറെ ആഗ്രഹിച്ച് വൈദികനായിത്തീർന്നിട്ടും, പൗരോഹിത്യത്തിനു ചേരാത്ത ചില ആഗ്രഹങ്ങളും പ്രവണതകളും എന്നിലും പലപ്പോഴും ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ, അവയ്ക്ക് അടിമപ്പെടാതിരിക്കാൻ ദൈവം എന്നെ കാത്തുപരിപാലിച്ചു.

> പൗരോഹിത്യം
> തികച്ചും ഒരു
> ദൈവദാനമാണെന്നും,
> ആ ദാനം സംരക്ഷിക്കാനും ഫലം
> പുറപ്പെടുവിക്കാനും ആവശ്യമായ
> കൃപ നൽകിക്കൊണ്ട് ദൈവം
> കൂടെയുണ്ടെന്നുമുള്ള
> ബോധ്യമാണ് എനിക്കുള്ളത്.

പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യവർഷങ്ങളിൽത്തന്നെ പല പ്രതിസന്ധികളും കഠിനമായ മനഃക്ലേശങ്ങളും ഉണ്ടായിട്ടുണ്ട്. അധികാരികൾ ഏൽപ്പിച്ച ചില ചുമതലകൾ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട്, എനിക്ക് പിന്തുണയും പ്രോത്സാഹനവും ലഭിക്കുമെന്നു പ്രതീക്ഷിച്ചിരുന്നവരിൽ നിന്നുതന്നെ ശക്തമായ എതിർപ്പും ശത്രുതയും നേരിടേണ്ടി വന്നിട്ടുണ്ട്. എങ്കിലും ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്താതെ, ഉത്സാഹത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞു. ആ ദിവസങ്ങളിൽ ഞാൻ തീക്ഷ്ണമായും ദീർഘമായും പ്രാർഥിക്കുമായിരുന്നു. 'തന്നെ അനുഗമിക്കുന്നവർ കുരിശെടുത്ത് തന്റെ പിന്നാലെ വരട്ടെ' എന്നാണല്ലോ ഈശോ പറഞ്ഞിട്ടുള്ളത്.

ഒരു പുരോഹിതനെ സംബന്ധിച്ചിടത്തോളം പൗരോഹിത്യ ശുശ്രൂഷയ്ക്ക് ആവശ്യമായ സമൃദ്ധമായ ദൈവകൃപ തിരുപ്പട്ടത്തിലൂടെ നൽകപ്പെടുന്നുണ്ട്. പ്രാർഥനാപൂർവം അതിനോടു സഹകരിക്കുമ്പോൾ, ക്ലേശങ്ങളെ നേരിടാനുള്ള ശക്തി ലഭിക്കും. പൗരോഹിത്യം തികച്ചും ഒരു ദൈവദാനമാണെന്നും, ആ ദാനം സംരക്ഷിക്കാനും ഫലം പുറപ്പെടുവിക്കാനും ആവശ്യമായ കൃപ നൽകിക്കൊണ്ട് ദൈവം കൂടെയുണ്ടെന്നുമുള്ള ബോധ്യമാണ് എനിക്കുള്ളത്. കഴിഞ്ഞകാലത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ ബോധ്യം കൂടുതൽ ഉറപ്പാവുകയാണ് ചെയ്യുന്നത്. പിന്നെ, ഏത് ജീവിതാന്തസ്സിലും ക്ലേശങ്ങളും പ്രതിസന്ധികളും സ്വാഭാവികമല്ലേ? അന്ന് എന്നെ



എതിർത്തിരുന്നവരുമായി, പിന്നീട് വളരെ ഹൃദ്യമായ ബന്ധം പുലർത്താൻ കഴിഞ്ഞു എന്നത് ഇന്ന് സന്തോഷത്തോടെ ഓർക്കുന്നു.

**?** *മെത്രാനായും മെത്രാപ്പോലീത്തയായും ശുശ്രൂഷ ചെയ്തിരുന്ന കാലഘട്ടത്തെ എങ്ങനെയാണ് ഓർമ്മിക്കുന്നത്?*

മെത്രാൻ സ്ഥാനത്തേക്ക് വിളിക്കപ്പെട്ടപ്പോൾ, 'കർത്താവേ, ഇത് നിന്റെ ഇഷ്ടമല്ലെങ്കിൽ ഇത് ഏറ്റെടുക്കാൻ എന്നെ അനുവദിക്കരുത്; നിന്റെ ഇഷ്ടമാണെങ്കിൽ അതിനുള്ള കൃപ എനിക്കു നൽകണമേ' എന്നായിരുന്നു എന്റെ പ്രാർഥന. ദൈവകൃപയിൽ പൂർണ്ണമായി ആശ്രയിച്ചാണ് ഞാൻ ആ നിയോഗം സ്വീകരിച്ചത്. ഉള്ളിൽ അനുഭവിക്കുന്ന ആത്മവിശ്വാസവും ചുമതലകളെക്കുറിച്ചുള്ള വ്യക്തതയുമാണ് ഏതുകാര്യത്തിലും എനിക്ക് ധൈര്യം നൽകിയിട്ടുള്ളത്.

പൊതുവേ എല്ലാവരിൽനിന്നും നല്ല സഹകരണം ലഭിച്ചിരുന്നു. എങ്കിലും ചില സംഭവങ്ങൾ വേദനിപ്പിച്ചിട്ടുണ്ട്. വൈദികരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് ഇടവകകളിൽനിന്ന് രൂക്ഷമായ എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. ഇടവകയുടെയും വികാരിയച്ചന്റെയും യഥാർഥ നന്മ ലക്ഷ്യംവെച്ച് എടുത്ത തീരുമാനങ്ങൾ തെറ്റിദ്ധരിക്കപ്പെടുകയോ, അല്ലെങ്കിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടുകയോ ചെയ്തതുകൊണ്ടാണ്, ആ എതിർപ്പുകൾ ഉണ്ടായത്. അനുരഞ്ജന സംഭാഷണങ്ങൾ നടത്തിയും ക്ഷമയോടെ കാത്തിരുന്നും പ്രാർഥിച്ചുമൊക്കെയാണ് ആ പ്രശ്നങ്ങളെ നേരിട്ടത്.

ചുരുക്കം ചില വൈദികരുടെമേൽ അച്ചടക്ക നടപടികൾ എടുക്കേണ്ടി വന്നതാണ് ഞാൻ നേരിട്ട മറ്റൊരു പ്രതിസന്ധി. ഏറെ മനഃക്ലേശത്തോടെയാണ് ആ നടപടികൾ സ്വീകരിച്ചത്. എന്നാൽ കാര്യങ്ങൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ



ആത്മാവിലും സത്യത്തിലുമായിരിക്കണം ദൈവത്തെ ആരാധിക്കേണ്ടത്. ഇവിടെ 'ആത്മാവ്' എന്നത് റൂഹാദ്ക്കുദ്ശായും, 'സത്യം' എന്നത് മിശിഹായുമാണ്. റൂഹാദ്ക്കുദ്ശായിൽ, പുത്രനിലൂടെയല്ലാതെ ശരിയായ ദൈവാരാധന നടത്താൻ മനുഷ്യന് സ്വയമേവ സാധ്യമല്ല.

ശ്രമിക്കുകയും, അവർ സഹകരണ മനോഭാവത്തോടെ അതിനു വിധേയപ്പെടുകയും ചെയ്തു. തന്മൂലം, വിദ്വേഷമോ പകയോ ഇല്ലാതെ സമാധാനാന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞു. ആരാധനാക്രമ കാര്യങ്ങളിൽ ചിലരുടെ ഉദാസീനതയും നിർദേശങ്ങൾ പാലിക്കാത്തതുമാണ് വേദനയുണ്ടാക്കിയ മറ്റൊരു കാര്യം. എങ്കിലും, അതിന്റെ പേരിൽ വലിയ പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല.

***'പവ്വത്തിൽ പിതാവിന്റെ പിൻഗാമി' എന്നത് വലിയൊരു ഭാരവും ഉത്തരവാദിത്തവുമായിരുന്നോ?***

ചങ്ങനാശേരി അതിരൂപതയ്ക്ക് ദീർഘകാലം മഹത്തായ നേതൃത്വം നൽകിയ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ പിൻഗാമിയാകുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു; എന്നാൽ അതേസമയംതന്നെ, വ്യക്തമായ ഒരു വഴിത്താര മുന്നിലുണ്ടായിരുന്നുതാനും. അതിരൂപത എനിക്ക് ഒട്ടും അപരിചിതമായിരുന്നില്ല. 28 വർഷത്തെ എന്റെ പൗരോഹിത്യ ശുശ്രൂഷാകാലത്ത്, അതിരൂപതയുടെ മുക്കും മൂലയും പരിചയപ്പെടാനും ജനങ്ങളുമായി ഇടപഴകാനും എനിക്ക് അവസരം ലഭിച്ചിരുന്നു. വിശ്വാസപരിശീലനം, തൊഴിലാളി പ്രസ്ഥാനം, കുടുംബക്കൂട്ടായ്മ, ലിറ്റർജി തുടങ്ങിയവയുടെ അതിരൂപതാ തലത്തിലുള്ള ചുമതലകൾ വഹിച്ചിരുന്നതിനാൽ, വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടെയുള്ള അതിരൂപതാ കുടുംബാംഗങ്ങളെല്ലാവരെയും അടുത്തറിയാൻ സാധിച്ചു. അജപാലന ശുശ്രൂഷയിലെ ആവശ്യങ്ങളെയും മുൻഗണനകളെയുംകുറിച്ച് വ്യക്തമായ ബോധ്യങ്ങൾ രൂപപ്പെടുത്താൻ ഇത് എന്നെ ഏറെ സഹായിച്ചിട്ടുണ്ട്.

***പവ്വത്തിൽ പിതാവ് തുടങ്ങിവെച്ച സഭാദർശനവും ദൈവശാസ്ത്ര സമീപനങ്ങളും തുടരുന്നതിലും, അതിരൂപതയിൽ ശരിയായ സഭാദർശനം വളർത്തിയെടുക്കുന്നതിലും എങ്ങനെയാണ് വിജയിച്ചത്?***

സീറോ മലബാർ സഭയിൽ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ട കാര്യങ്ങളെക്കുറിച്ച് കൃത്യമായൊരു ദിശാബോധം നൽകാൻ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നേതൃത്വത്തിനും ഇടപെടലുകൾക്കും കഴിഞ്ഞിട്ടുണ്ട്. സഭാത്മകവും ആരാധനാക്രമപരവുമായ വ്യക്തിത്വ പൂർണ്ണതയിലേക്ക് സഭയെ നയിക്കുക എന്നതായിരുന്നു അത്. അതനുസരിച്ച്, എല്ലാ തലങ്ങളിലും അതിരൂപതാ കുടുംബത്തിന്

> ഇടവകകളെ കേന്ദ്രീകരിച്ചും ഇടവകകളിലുമായിരിക്കണം അജപാലന പ്രവർത്തനങ്ങൾ പ്രധാനമായും നടക്കേണ്ടത്. അതു വഴിതെറ്റിപ്പോകാതിരിക്കാൻ വ്യക്തമായ മാർഗനിർദേശങ്ങൾ രൂപതാകേന്ദ്രത്തിൽനിന്ന് നൽകേണ്ടതുണ്ട്.



ശരിയായ പരിശീലനവും ബോധ്യവും നൽകുക എന്നത് മേൽപ്പട്ട ശുശ്രൂഷയുടെ മുഖ്യ ധർമ്മമാണെന്ന എന്റെ കാഴ്ച പ്പാടിന് അത് കൂടുതൽ ഊർജം പകർന്നു.

ഈ രംഗത്ത് 1979 മുതൽ ഞാൻ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അല്മായരുടെ സഭാത്മകവും ആരാധനാക്രമപരവും ദൈവശാസ്ത്രപരവുമായ രൂപീകരണത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കാനും നേതൃത്വം നൽകാനും എനിക്കു സാധിച്ചു. അതിൽ നിന്നു ലഭിച്ച നല്ല പ്രതികരണങ്ങളും സൽഫലങ്ങളും അജപാലന ശുശ്രൂഷയിൽ നൽകേണ്ട മുൻഗണനകളെക്കുറിച്ചുള്ള എന്റെ ബോധ്യങ്ങളെ കൂടുതൽ ആഴപ്പെടുത്തി. വൈദികരുടെ ഭാഗത്തുനിന്നു ലഭിച്ച ശക്തമായ പിന്തുണയും ഇതിന് കരുത്തുപകർന്നു. ഇത്തരം കാഴ്ചപ്പാടുകളും നിലപാടുകളും സഭയുടെ നിയമാനുസൃത പാരമ്പര്യങ്ങളോടും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളോടും പൂർണ്ണ വിശ്വസ്തത പുലർത്തുന്നവയായതിനാൽ, അവയ്ക്ക് ആധികാരികതയുമുണ്ട്.

***? 'ആത്മാവിലും സത്യത്തിലും' (യോഹ. 4:23-24) എന്ന തിരുവചനത്തിൽ നിന്നെടുത്ത പിതാവിന്റെ ആപ്തവാക്യത്തിനു പിന്നിലെ ചിന്ത എന്താണ്?***

ദൈവാരാധനയെ സംബന്ധിച്ച വലിയൊരു സത്യമാണ് ഈ വചനഭാഗം വെളിപ്പെടുത്തുന്നത്. അതായത്, ആത്മാവിലും സത്യത്തിലുമായിരിക്കണം ദൈവത്തെ ആരാധിക്കേണ്ടത്. ഇവിടെ 'ആത്മാവ്' എന്നത് റൂഹാദ്ക്കുദ്ശായും, 'സത്യം' എന്നത് മിശിഹായുമാണ്. റൂഹാദ്ക്കുദ്ശായിൽ, പുത്രനിലൂടെയല്ലാതെ ശരിയായ ദൈവാരാധന നടത്താൻ മനുഷ്യന് സ്വയമേവ സാധ്യമല്ല. യഥാർഥ ആരാധകൻ പുത്രൻ തന്നെയാണ്. റൂഹാദ്ക്കുദ്ശായിൽ പുത്രൻ അർപ്പിക്കുന്ന ആരാധനയിൽ, മനുഷ്യനെയും പങ്കാളിയാക്കി മനുഷ്യരക്ഷ സാധ്യമാക്കാനാണ് പുത്രൻ മനുഷ്യനായി അവതരിച്ചത്. ദൈവാരാധനയുടെ ത്രിത്വാത്മകവും മിശിഹാകേന്ദ്രീകൃതവുമായ സ്വഭാവമാണ് ഈ വചനം വ്യക്തമാക്കുന്നത്.

***? ഇടവകകളെക്കുറിച്ചുള്ള പിതാവിന്റെ സങ്കല്പം എന്താണ്?***

ഇടവകകളെ കേന്ദ്രീകരിച്ചും ഇടവകകളിലുമായിരിക്കണം അജപാലന പ്രവർത്തനങ്ങൾ പ്രധാനമായും നടക്കേണ്ടത്. അതു വഴിതെറ്റിപ്പോകാതിരിക്കാൻ വ്യക്തമായ മാർഗനിർദേശങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് നൽകേണ്ടതുണ്ട്. ആരാധനാവത്സരത്തിന് അനുസൃതമായി അജപാലന പദ്ധതികൾ തയ്യാറാക്കണമെന്ന തിരുസഭയുടെ ഉദ്ബോധനം, വിശ്വാസികൾ ശരിയായ ആരാധനാസമൂഹമായി രൂപപ്പെടണം എന്ന ലക്ഷ്യത്തോടെയാണ്. ആത്മാവിലും സത്യത്തിലും ഇടവകകളെ കേന്ദ്രീകരിച്ച് യഥാർഥ ആരാധനാസമൂഹങ്ങൾ രൂപപ്പെടുകയും, അവയോടു ചേർന്ന് സഭയുടെ അടിസ്ഥാന ഘടകവും ഗാർഹിക സഭയുമായി ഓരോ കുടുംബവും ജീവിച്ചു വളരുകയും ചെയ്യുമ്പോൾ, അജപാലന ശുശ്രൂഷ പൂർണ്ണ അർഥത്തിൽ ഫലവത്താകുന്നു.

വൈദികർ ഇടവകകളിലും കുടുംബങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും, നൽകപ്പെടുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കുകയും വേണം. എല്ലാവർക്കും ആരാധനക്രമപരിശീലനം നൽകേണ്ടതുണ്ട്; വിശ്വാസപരിശീലനം ആരാധനക്രമാധിഷ്ഠിതമായിരിക്കണം. ആരാധനാവത്സര കലണ്ടർ അനുസരിച്ച് ആരാധനാജീവിതം പരിപോഷിപ്പിക്കണം. യാമപ്രാർഥനകൾ ചൊല്ലുന്നത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി, ശരിയായ ബോധനവും പരിശീലനവും നൽകണം. സഭാപരമായ മറ്റെല്ലാ പ്രവർത്തനങ്ങൾക്കും ഊർജം ലഭിക്കുന്നത് ആരാധനാക്രമത്തിൽ നിന്നാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

ഈ പരിശ്രമങ്ങൾ പൂർണ്ണമായി വിജയിച്ചു എന്ന് ഞാൻ കരുതുന്നില്ല. ഇക്കാര്യത്തിൽ കൂടുതൽ ഉത്സാഹവും ജാഗ്രതയും തുടർപരിശീലനവും ഇനിയും ആവശ്യമാണ്. അറിവില്ലായ്മയും ബോധ്യക്കുറവും അലസതയുമൊക്കെ ഇതിന് പ്രതിബന്ധങ്ങളാണ്. അവയൊക്കെ പരിഹരിക്കപ്പെടേണ്ടതുണ്ട്.

*(അഭിമുഖത്തിന്റെ ബാക്കി ഭാഗം അടുത്ത ലക്കത്തിൽ...)*

തിരിവെട്ടം

# യേശുവിലുള്ള വിശ്വാസവും | യേശുവിന്റെ വിശ്വാസവും



ബോബി ജോസ് കട്ടിക്കാട്

> കൺവൻഷൻ പന്തലുകളിലെല്ലാം നാം സാധാരണയായി കേൾക്കാറുള്ളത് 'യേശുവിനെ വിശ്വസിക്കാ' നാണ്. യേശുവിൽ വിശ്വാസമുള്ളതു കൊണ്ടാണല്ലോ നാം കൺവൻഷനുകളിൽ പോകുന്നതും പ്രാർഥിക്കുന്നതും മറ്റും. പക്ഷേ അതുപോലെയല്ല 'യേശുവിന്റെ വിശ്വാസം'.

വിശുദ്ധരുടെ ജീവിതത്തെക്കുറിച്ചൊക്കെ ധ്യാനിക്കുമ്പോൾ നാം കണ്ടെത്തുന്നത് യേശുവിന്റെ വിശ്വാസമാണ്. യേശുവിൽ വിശ്വസിക്കുന്നവർ 'വിശ്വാസിയും', യേശുവിന്റെ വിശ്വാസമുള്ളവർ 'വിശുദ്ധരു'മാണ്. വിശ്വാസിയും വിശുദ്ധരും തമ്മിലുള്ള വ്യത്യാസം അതാണ്. വിശ്വാസി യേശുവിൽ വിശ്വസിക്കുമ്പോൾ, വിശുദ്ധർ യേശുവിന്റെ വിശ്വാസം കണ്ടെത്തി, അത് ജീവിക്കാൻ ശ്രമിക്കുന്ന വ്യക്തികളാണ്. ഇത് തീരെ ചെറിയൊരു വ്യത്യാസമല്ല.

കൂടാരത്തിരുനാൾ ദിവസം യേശു എണീറ്റുനിന്ന് പറഞ്ഞത് ഇതാണ്: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുത്തുവന്ന് കുടിക്കുക." 'വന്നുകുടിക്കുക' എന്നു പറയുന്നതാണ് അവനിലുള്ള വിശ്വാസം. എല്ലാവരും കുടിക്കുന്നവരും കുടിച്ചുകൊണ്ടിരിക്കുന്നവരുമാണ്. എന്നാൽ, 'വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽനിന്ന് ഉറവയുണ്ടാകും' എന്നാണ് യേശു രണ്ടാമതു പറയുന്ന കാര്യം. ഇതാണ് യേശുവിന്റെ വ്യത്യാസം. നിങ്ങൾ കുടിച്ചതുതന്നെ നിങ്ങളായി മാറുന്നു. ഇന്നലെ ഒരു ജലസ്രോതസ്സിൽനിന്ന് കുടിച്ചവർ ഇന്ന് സ്വയം ജലസ്രോതസ്സുകളായി മാറുന്നു!





> യേശുവിൽ വിശ്വസിക്കുന്നവർ 'വിശ്വാസിയും', യേശുവിന്റെ വിശ്വാസമുള്ളവർ 'വിശുദ്ധരു'മാണ്. വിശ്വാസിയും വിശുദ്ധരും തമ്മിലുള്ള വ്യത്യാസം അതാണ്.

ദർശനമുള്ള ഒരു വ്യക്തിയാണ് മറ്റുള്ളവരെ നോക്കുന്നതെങ്കിൽ, അവർ വെറും പുരുഷന്മാരോ സ്ത്രീകളോ അല്ല, ഈർപ്പമുള്ള സ്ത്രീപുരുഷന്മാരാണ്. സൂക്ഷിച്ചുനോക്കിയാൽ അവർ നിൽക്കുന്നിടത്ത് ഒരു ജലരാശി നിറയുന്നത് കാണാം. കാൽപ്പാദങ്ങൾ... മുട്ടുകൾ... തോൾ... അങ്ങനെ ജലം നിറയുന്നു. പിന്നെ നിങ്ങളില്ല! ഭേദപ്പെട്ട ക്രിസ്ത്യാനിയാകാനല്ല, ക്രിസ്തുവാകാനാണ് ശ്രമം. മെച്ചപ്പെട്ട ക്രിസ്ത്യാനിയാകുന്നതാണ് നല്ല അടയാളം എന്നാണ് നമ്മുടെ പൊതുധാരണ. പക്ഷേ, അതല്ല! ക്രിസ്തുവാകുകയാണ് പ്രധാനം.

## സ്റ്റക്കാകരുത്, ഒഴുകിക്കൊണ്ടിരിക്കുക

ജീവിതം ഉടനീളം നവീകരിച്ചുകൊണ്ടിരിക്കുക. അതുകൊണ്ട്, നിങ്ങൾ ഒഴുകുന്നുണ്ടോ എന്നത് പ്രധാനമാണ്. ഓരോ ദിവസവും പുതുക്കിക്കൊണ്ടിരിക്കുക - സ്നേഹമായാലും ധ്യാനമായാലും. 'സ്റ്റക്ക്' ആകാൻ പാടില്ല; നിലച്ചുകഴിഞ്ഞാൽപ്പിന്നെ പാടാണ്. പണ്ടൊക്കെ വീട്ടിൽ ഉപയോഗിക്കാതെ വെച്ചിരിക്കുന്ന പാത്രങ്ങൾ, സമയം കിട്ടുമ്പോഴൊക്കെ പുളിയും ചാരവും തേച്ച് മിനുക്കിക്കൊണ്ടിരിക്കുന്നത് കാണാം. അങ്ങനെ ചെയ്തില്ലെങ്കിൽ അതിൽ ക്ലാവ് പിടിക്കും. നമ്മുടെ ദൈവസങ്കല്പങ്ങളെപ്പോലും ഇങ്ങനെ നവീകരിക്കണം. ഓരോ പുലരിയിലും അവിടുത്തെ സ്നേഹം പുതിയതാണെന്ന് നാം ധ്യാനിക്കാറില്ലേ?

എന്റെ ഒരു ചേടത്തിയെക്കുറിച്ച് മക്കൾ പറയുന്നത് 'അമ്മയൊരിക്കലും ഒരു കറി വീണ്ടും ആവർത്തിച്ചിട്ടില്ല' എന്നാണ്. കേൾക്കുമ്പോൾ അതിശയോക്തിയാണെന്ന് തോന്നാം. മക്കളുടെ മനസ്സിൽ അമ്മയെക്കുറിച്ചുള്ള ഏറ്റവും ഹൃദ്യമായ ഓർമ്മ അതാണ്. ഒഴുകിക്കൊണ്ടേയിരിക്കുക, നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുക.

## ജീവിതം വിളമ്പുന്നത് ഭക്ഷിക്കുക

എല്ലാം സ്വീകരിക്കുക എന്നതാണ് മറ്റൊന്ന്. പുഴയിലേക്ക് ദീപങ്ങൾ ഒഴുക്കിവിടുന്നത് ഓർക്കുക. ചിലപ്പോൾ ദീപങ്ങൾ മാത്രമല്ല, ഒഴുകിവരുന്ന മാലിന്യങ്ങളും പാതിവെന്ത മൃതശരീരങ്ങളെപ്പോലും പുഴ ഏറ്റുവാങ്ങാറുണ്ട്. ഒരേ തീരത്തുനിന്ന് നിക്ഷേപിക്കപ്പെടുന്ന വ്യത്യസ്തമായ അനുഭവങ്ങളെ, കുറച്ചുകൂടി കുലീനമായി സ്വീകരിക്കാൻ നമുക്ക് പറ്റുമോ? ഇഷ്ടമുള്ള തിരുവചനം എടുക്കാൻ പലരും ആവശ്യപ്പെടുമ്പോൾ ഞാനെന്നും എടുക്കാറുള്ളത് ഒരൊറ്റ വചനമാണ്; ലൂക്കാ 10:8 – "നിങ്ങൾക്ക് വിളമ്പുന്നത് ഭക്ഷിക്കുവിൻ."

എന്തൊക്കെയാണ് നമ്മുടെ ജീവിതത്തിലേക്ക് നിക്ഷേപിക്കപ്പെടുക എന്നതിനെക്കുറിച്ച് നമുക്ക് പ്രത്യേകിച്ച് ധാരണകളൊന്നുമില്ല. എന്ത് നിക്ഷേപിക്കപ്പെട്ടാലും, അതിനെ പരാതിയില്ലാതെ സ്വീകരിച്ച്, കുലീനമായി ഒഴുകാൻ കഴിയുന്നുണ്ടോ? ജീവിതം ഒരു പിരിയൻ ഗോവണികണക്കെയാണ്. അടുത്ത വളവിൽ എന്താണ് നമ്മെ കാത്തിരിക്കുന്നതെന്ന് നമുക്കറിയില്ല.

ഞാൻ എന്റെ സുവിശേഷ സംഭാഷണങ്ങളിൽ തീരെ ഉപയോഗിക്കാത്ത ഒരു വാക്കാണ് 'അദ്ഭുതം.' അദ്ഭുതങ്ങളിൽ വിശ്വാസമില്ലാഞ്ഞിട്ടല്ല; നാം പഠിപ്പിക്കുന്ന കാര്യങ്ങൾക്ക് യേശുവുമായി ബന്ധമുണ്ടെന്ന 'അറ്റസ്റ്റേഷനാണ്' അദ്ഭുതം. എവിടെയൊക്കെ സുവിശേഷം പ്രഘോഷിക്കപ്പെടുന്നുണ്ടോ, അവിടെയെല്ലാം അദ്ഭുതം സംഭവിക്കുന്നുമുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ്, ഒരു വാശികണക്കെ, ഞാൻ ആ വാക്ക് ഉപയോഗിക്കാത്തത്? എന്റെ മുന്നിൽ വന്നിരുന്നവരിൽ ഭൂരിഭാഗവും, ജീവിതസാഹചര്യങ്ങളാൽ ഒട്ടേറെ ഫിൽട്ടർ ചെയ്യപ്പെട്ട സാധാരണ മനുഷ്യരായിരുന്നു. അവരോട് അദ്ഭുതങ്ങളെക്കുറിച്ച് പറയുന്നതിനെക്കാൾ പ്രധാനം, ജീവിതത്തിൽ സംഭവിക്കുന്ന എന്തിനെയും സ്വീകരിക്കാനുള്ള ആത്മധൈര്യം നൽകുകയാണ് എന്ന ഒരു ബോധം എന്നെ പിടികൂടിയതുകൊണ്ടാണത്. ഞാനത് ഇപ്പോഴും പാലിക്കുന്നുണ്ട്.

## മാറ്റമില്ലാത്തതിനെ സ്വീകരിക്കുക

മറ്റൊന്ന് സാധ്യമാണെന്ന വിചാരമാണ് അദ്ഭുതം. നൂറിൽ തൊണ്ണൂറ്റൊൻപത് കാര്യങ്ങളിലും മറ്റൊന്ന് സാധ്യമല്ല എന്നതാണ് യാഥാർഥ്യം. നമ്മുടെ പ്രതിസന്ധി പലപ്പോഴും മനുഷ്യരുമാ



എന്ത് നിക്ഷേപിക്കപ്പെട്ടാലും അതിനെ പരാതിയില്ലാതെ സ്വീകരിച്ച്, കുലീനമായി ഒഴുകാൻ കഴിയുന്നുണ്ടോ? ജീവിതം ഒരു പിരിയൻ ഗോവണി കണക്കെയാണ്. അടുത്ത വളവിൽ എന്താണ് നമ്മെ കാത്തിരിക്കുന്നതെന്ന് നമുക്കറിയില്ല.



യാണ്; മനുഷ്യരുടെ പെരുമാറ്റമാണ് നമ്മുടെ പ്രധാന പ്രശ്നം. നിങ്ങളുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന, നിങ്ങളുടെ ജീവിതത്തിന്റെ പശ്ചാത്തലമായി നിൽക്കുന്ന, ഏതെങ്കിലും മനുഷ്യർക്ക് പെട്ടെന്ന് എന്തെങ്കിലുമൊരു മാറ്റമുണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ? സാധാരണ ഗതിയിൽ ഇല്ല. അവർ അത്രമേൽ 'ഫിക്സ്' ചെയ്യപ്പെട്ട മനുഷ്യരാണ്. പത്തോ പതിനഞ്ചോ വയസ്സാകുമ്പോഴേക്കും മനുഷ്യരെല്ലാം രൂപപ്പെട്ടുകഴിഞ്ഞു. സ്കൂളിൽ പഠിക്കുമ്പോൾ നിങ്ങൾ എന്തായിരുന്നോ, അതിന്റെ ഒരു 'എക്സ്റ്റൻഷൻ' മാത്രമാണ് ഇപ്പോഴത്തെ നിങ്ങൾ. വലിയ മാറ്റമൊന്നും ആർക്കും ഉണ്ടായിട്ടില്ല.

അതുകൊണ്ട്, മുതിർന്ന മനുഷ്യരിലൊന്നും വലിയ മാറ്റമുണ്ടാകാൻ പോകുന്നില്ല എന്ന തിരിച്ചറിവോടെ, ആ മാറ്റമില്ലാത്തതിനെ സ്നേഹത്തോടെ സ്വീകരിക്കാനുള്ള അന്വേഷണമാണ് പ്രധാനം. എന്റെ ജീവിതമേശയിൽ എനിക്ക് വിളമ്പിക്കിട്ടിയിരിക്കുന്ന വിഭവങ്ങൾക്കു മീതെ ഒരു കുരിശുവരച്ച്, പരാതിയില്ലാതെ അത് ഭക്ഷിക്കാൻ എനിക്ക് പറ്റുമോ? എളുപ്പമല്ല! പക്ഷേ, അങ്ങനെ സാധിച്ചാൽ ജീവിതം കുറച്ചുകൂടി താളമുള്ളതായി മാറും.

ഒരുപാട് അദ്ഭുതരോഗശാന്തികൾ നടക്കുന്ന ഇടങ്ങളാണ് നമ്മുടെ ധ്യാനകേന്ദ്രങ്ങൾ. എന്നാൽ, അവയിലൊരിടത്തും ഓട്ടിസമോ ഡൗൺ സിൻഡ്രോമോ ഉള്ള ഒരു കുട്ടി, പെട്ടെന്ന് ഒരു 'നോർമൽ ചൈൽഡ്' ആയി മാറിയ അദ്ഭുതങ്ങൾ നാം കേൾക്കാറില്ല. ഞങ്ങളുടെ ധ്യാനസെന്ററിന്റെ ആരംഭകാലത്താണ്. ഹരിയെന്നും മീരയെന്നും പേരുള്ള ദമ്പതികൾ അവിടെ ധ്യാനത്തിന് വന്നു. അവർക്ക് 'മുത്ത്' എന്ന് പേരുള്ള ഒരു കുഞ്ഞുണ്ട്; ഡൗൺ സിൻഡ്രോം ഉള്ള കുഞ്ഞാണ്. ധ്യാനകേന്ദ്രത്തിലെ ഓരോ പ്രാർഥനാശുശ്രൂഷയ്ക്കിടയിലും, അവർ മുത്തിന്റെ തലയിൽ കൈകൾവെച്ച് പ്രാർഥിക്കും. നമുക്കത് കാണുമ്പോൾ നെഞ്ചുവേദന വരും.

നാലാമത്തെ ദിവസം ഒരു വൈദികൻ വന്നു. അദ്ദേഹം പ്രസംഗിച്ചത് ഇതാണ്: "ദൈവത്തിന്റെ കൈയിൽ ഒരു കുഞ്ഞുണ്ടായിരുന്നു. അല്പം ബുദ്ധിക്കുറവുള്ള കുഞ്ഞ്. ഈ ഭൂമിയിൽ ആരുടെ കൈയിൽ ഈ കുഞ്ഞിനെ ഏൽപ്പിച്ചാലാണ് ഈ കുഞ്ഞിനെ പൊന്നുപോലെ നോക്കുക എന്നറിയാനായി അവിടുന്ന് സ്വർഗത്തിൽനിന്ന് താഴേയ്ക്ക് നോക്കി. അപ്പോൾ ഒരു ഹരിയെയും മീരയെയും കണ്ടു. ദൈവം അവർക്ക് ആ കുഞ്ഞിനെ കൊടുത്തു. ദൈവത്തിന് സ്തുതിയായിരിക്കട്ടെ!"

ഇതുകേൾക്കുമ്പോൾ ഹരിയുടെയും മീരയുടെയും കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്. എന്നിട്ട്, മീര നിറഞ്ഞ ഹൃദയത്തോടെ പറഞ്ഞു: "Praise the Lord!" സന്ധ്യയ്ക്ക് ഹരിക്കൊപ്പം ഇരിക്കുമ്പോൾ മീര പറഞ്ഞു പറഞ്ഞു: "ഹരിയേട്ടാ, നമ്മുടെ ഈ വാവയെ മറ്റാരുടെയെങ്കിലും കൈകളിലാണ് കിട്ടിയിരുന്നതെങ്കിൽ, അവരതിനെ ഒരുപാട് ബുദ്ധിമുട്ടിക്കുമായിരുന്നു. ഏതെങ്കിലും സ്പെഷ്യൽ സ്കൂളിൽ കൊണ്ടുപോയി എന്നേക്കുമായി ഉപേക്ഷിച്ചേനെ. പക്ഷേ, നമ്മളെ വിശ്വാസമുള്ളതുകൊണ്ടല്ലേ, ദൈവം ആ കുഞ്ഞിനെ നമ്മുടെ കൈകളിലേക്കുതന്നെ തന്നത്?" ധ്യാനം കഴിഞ്ഞ് മടങ്ങുമ്പോൾ മുത്തിനെ ഹരിയും മീരയുംകൂടി നെഞ്ചോട് ചേർത്തുപിടിച്ചാണ് കൊണ്ടുപോയത്. ആദ്യമായി അവർക്ക് ആ വാക്കിന്റെ അർഥം മനസ്സിലായി – 'Special Child'.

വേറൊരു കാര്യം കൂടി അവർക്കു മനസ്സിലായി; ആ കുഞ്ഞ് മാത്രമല്ല, തങ്ങളും ദൈവത്തിന്റെ ദൃഷ്ടിയിൽ 'സ്പെഷ്യ'ലാണെന്ന്. അരുൺ ഷൂറി എന്നൊരു എഴുത്തുകാരനുണ്ട്. അദ്ദേഹത്തിനും ഇതുപോലെയൊരു മകനുണ്ട്. അമ്പതോളം വയസ്സ് പ്രായമുള്ള മകൻ. അദ്ദേഹം ഏതു പരിപാടിക്ക് പോകുമ്പോഴും തന്റെ മകനെയും കൂടെക്കൂട്ടും. അതുകാണുമ്പോൾ നമുക്ക് നെഞ്ചുവേദന വരും.

ചിലതിനെയൊക്കെ കുലീനമായി സ്വീകരിക്കുക. എന്തു വിളമ്പിയാലും, അതു സ്വീകരിക്കാൻ മാത്രം മനസ്സിനെ സജ്ജമാക്കുക. എന്തുമാത്രം തട്ടിമാറ്റാൻ ശ്രമിച്ചാലും, നിങ്ങൾക്ക് ഏതെങ്കിലും ഒരു പാനപാത്രം കുടിച്ചേ മതിയാവൂ.

○




ചാക്കോ കെ.വി.
കാളംപറമ്പിൽ

# വന്യതയിൽ നിന്ന് നാടിന്റെ സമഗ്രസമൃദ്ധിയിലേക്ക്:

## മലയോര കുടിയേറ്റവും നസ്രാണി കർഷകരുടെ കാർഷിക പാരമ്പര്യവും

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ, ആരോഗ്യ, ഭൂപ്രകൃതി ചരിത്രങ്ങളിൽ, മലയോര കുടിയേറ്റത്തിന് അത്യന്തം നിർണ്ണായകമായ സ്ഥാനമുണ്ട്. മധ്യതിരുവിതാംകൂറിൽനിന്ന് മലബാറിലേക്കും മറ്റും കുടിയേറിയ നസ്രാണി കർഷകസമൂഹം, ഇല്ലിക്കാടുകളും വന്യപ്രദേശങ്ങളും കൃഷിയോഗ്യമായ ഭൂമിയാക്കി മാറ്റിയ ചരിത്രം, കേരളത്തിന്റെ വികസനത്തിന്റെ അടിത്തറകളിലൊന്നാണ്. അവരുടെ അധ്വാനവും ദീർഘവീക്ഷണത്തോടെയുള്ള സംഭാവനകളും, വെറും വ്യക്തിഗത സമ്പാദ്യത്തിനു വേണ്ടിയുള്ളതായിരുന്നില്ല; മറിച്ച്, കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും സാമ്പത്തിക പുരോഗതിക്കും സാമൂഹിക പുനർഘടനയ്ക്കും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ വളർച്ചയ്ക്കും വഴിതെളിച്ച ഒരു ജനകീയ പ്രസ്ഥാനമായിരുന്നു അത്.

### മലയോര കുടിയേറ്റത്തിന്റെ ചരിത്രപശ്ചാത്തലം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെയും തിരുവിതാംകൂറിലെ ജനസാന്ദ്രത വർധിച്ചു. തീരദേശങ്ങളിലും ഇടനാട് പ്രദേശങ്ങളിലുമുള്ള കൃഷിഭൂമികൾ പരിമിതമായി. ലോകമഹായുദ്ധങ്ങളുടെ അനന്തരഫലമായി നാട്ടിൽ ദാരിദ്ര്യം രൂക്ഷമായി. ചെറിയ ഭൂമിയിൽ വലിയ കുടുംബങ്ങൾ ജീവിക്കേണ്ട അവസ്ഥ രൂപപ്പെട്ടതോടെ, കൂടുതൽ കൃഷിഭൂമി തേടി ജനങ്ങൾ മലയോര മേഖലകളിലേക്ക് നീങ്ങി. യുദ്ധങ്ങൾ സൃഷ്ടിച്ച ഭക്ഷ്യക്ഷാമത്തിനും സാമ്പത്തിക പ്രതിസന്ധികൾക്കും പരിഹാരം കാണാൻ അന്നത്തെ ഭരണകൂടത്തിന്റെ പിന്തുണയും (ഭക്ഷ്യോത്പാദന വർധനവ് പദ്ധതി) ഈ കുടിയേറ്റത്തിന് ആക്കം കൂട്ടി.

കോട്ടയം, പാലാ, ചങ്ങനാശേരി, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ക്രൈസ്തവ കർഷക കുടുംബങ്ങൾ ഇടുക്കി, മലയാറ്റൂർ മലനിരകളിലേക്കും, മലബാറിലെ വയനാട്, കണിച്ചാർ, നിലമ്പൂർ, മണ്ണാർക്കാട് തുടങ്ങിയ വന്യപ്രദേശങ്ങളിലേക്കും കുടിയേറി. മലബാറിലടക്കം പല പ്രദേശങ്ങളിലും കുറഞ്ഞ വിലയ്ക്ക് വലിയ തോതിൽ ഭൂമി ലഭ്യമായിരുന്നു. ജന്മിമാരുടെ സ്വകാര്യഭൂമികളിൽ നിന്ന് വലിയ തോതിൽ മരംവെട്ടി തരിശായി കിടന്ന ഭൂമികളിലും സമൃദ്ധമായി വളർന്നിരുന്ന ഇല്ലിക്കാടുകളിലേക്കുമാണ് കുടിയേറ്റ കർഷകർ എത്തിയത്.

മധ്യതിരുവിതാംകൂറിലെ ഒരേക്കർ ഭൂമിയുടെ വിലകൊണ്ട്, മലബാറിൽ ഏക്കർ കണക്കിന് ഭൂമി



ഇന്ന് അവരുടെ നാലും അഞ്ചും തലമുറകൾക്കിപ്പുറം നാം എത്തിനിൽക്കുമ്പോൾ, അന്നത്തെ ആ സാഹസിക കുടിയേറ്റ യാത്ര, ബൈബിളിലെ 'പുറപ്പാട്' സംഭവത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു എന്ന സത്യം നാം പലപ്പോഴും മറന്നു പോകുന്നു.

## വന്യതയിൽ നിന്ന് കാർഷിക ഭൂമിയിലേക്ക്

മലയോര പ്രദേശങ്ങളെ കൃഷിയോഗ്യമാക്കുക എന്നത് കഠിനമായ ഒരു സാമൂഹിക പരിശ്രമമായിരുന്നു. തുടക്കകാലത്ത് സ്വന്തം ആവശ്യങ്ങൾക്കായി തെരുവുപുല്ല് (ഇഞ്ചിപ്പുല്ല്), കപ്പ, ചേന, കാച്ചിൽ, നെല്ല്, പയർവർഗങ്ങൾ തുടങ്ങിയ ഉപജീവന കൃഷികളാണ് അവർ പ്രധാനമായും ചെയ്തത്. പിന്നീട്, നാടിന്റെ സാമ്പത്തിക അടിത്തറ മാറ്റിക്കൊണ്ട് കുരുമുളക്, ഏലം, റബ്ബർ, കാപ്പി, തെങ്ങ്, കശുവണ്ടി തുടങ്ങിയ നാണ്യവിളകളിലേക്ക് അവർ വ്യാപകമായി തിരിഞ്ഞു.

ഈ കാർഷിക വിപ്ലവം കേരളത്തിനു സമ്മാനിച്ച പ്രധാന നേട്ടങ്ങൾ ഇവയാണ്:

- തരിശുഭൂമികളെ കൃഷിയോഗ്യഭൂമികളാക്കി മാറ്റി.
- കേരളത്തിന്റെ ഭക്ഷ്യോത്പാദനം വർധിപ്പിച്ചു.
- പുതിയ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ചു.
- റോഡുകളും പാലങ്ങളും പള്ളിക്കൂടങ്ങളും പള്ളികളും സഹകരണസംഘങ്ങളും പോസ്റ്റ് ഓഫീസുകളും രൂപപ്പെട്ടു.
- സർക്കാർ സഹായം എത്തുന്നതിനു മുമ്പു തന്നെ ഗ്രാമവികസനത്തിന് ഒരു സമൂഹ കേന്ദ്രീകൃത മാതൃക ഉണ്ടായി.

ഒരു പ്രദേശം വികസിക്കുമ്പോൾ, അതിനു പിന്നിൽ ഒരു കർഷകസമൂഹത്തിന്റെ വിയർപ്പുണ്ടാകും. കേരളത്തിന്റെ മലയോര വികസന ചരിത്രത്തിൽ നസ്രാണി കർഷകരുടെ അധ്വാനത്തിന് സമാനതകളില്ലാത്ത സ്ഥാനമാണുള്ളത്. ആനയും വന്യമൃഗങ്ങളും വിഹരിച്ചിരുന്ന ഇല്ലിക്കാടുകളെയും തരിശു നിലങ്ങളെയും അവർ ചോര നീരാക്കി ഫലഭൂയിഷ്ഠമായ മണ്ണാക്കി മാറ്റി. മലമ്പനിയോടും വസൂരിയോടും കാട്ടാനകളോടും മല്ലിട്ട്, അവർ അതിജീവനത്തിനായി പോരാടി. എന്നാൽ, അത് പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള ഒരു യുദ്ധമായിരുന്നില്ല; മറിച്ച്, പ്രതികൂല സാഹചര്യങ്ങളിലും, മനുഷ്യനും പ്രകൃതിയും തമ്മിൽ എങ്ങനെ സഹവർത്തിത്വത്തോടെ ജീവിക്കാം എന്ന് കാണിച്ചുതന്ന വലിയൊരു ജീവിതപാഠമായിരുന്നു.

## പ്രകൃതിയോടിണങ്ങിയ ജീവിതശൈലി

ആദ്യകാല മലയോര കർഷകർ പ്രകൃതിയോട് ഏറ്റുമുട്ടുകയല്ല; മറിച്ച്, അതിനോട് സഹജീവിതം

വാങ്ങാൻ കഴിയുന്ന സാഹചര്യം ഈ കുടിയേറ്റത്തിന് വലിയ പ്രചോദനമായി. തിരുവിതാംകൂറിൽ തങ്ങൾക്കു സ്വന്തമായി ഉണ്ടായിരുന്ന മണ്ണും പുരയിടവും കന്നുകാലികളെയുമെല്ലാം വിറ്റുകിട്ടിയ സമ്പാദ്യവുമായി, ഭാവി തലമുറയുടെ സമൃദ്ധി മാത്രം ലക്ഷ്യംവെച്ചാണ് അവർ പുതിയ നാടുകളിലേക്ക് യാത്ര തിരിച്ചത്.

ലോകമഹായുദ്ധങ്ങളെത്തുടർന്നുണ്ടായ ഭക്ഷ്യദൗർലഭ്യവും സാമ്പത്തിക തകർച്ചയും മൂലം, കൃഷി മാത്രം ഉപജീവനമാർഗമായിരുന്ന നമ്മുടെ പൂർവികർ, അടുത്ത തലമുറയ്ക്കു ജീവിക്കാനുള്ള പുതിയ സാധ്യതകൾ തേടുകയായിരുന്നു. അതുകൊണ്ടുതന്നെ, ഈ കുടിയേറ്റം വെറും താമസമാറ്റമായിരുന്നില്ല; അതിജീവനത്തിനായുള്ള അതിസാഹസികമായ ഒരു ചരിത്രയാത്രയായിരുന്നു.

അങ്ങനെ വാങ്ങിയ ഇല്ലിക്കാടുകൾ വെട്ടിത്തെളിച്ച് കുടിലുകളും ഏറുമാടങ്ങളും കെട്ടി, കാട്ടുമൃഗങ്ങളോടും മലമ്പനി, വസൂരി തുടങ്ങിയ മാരകരോഗങ്ങളോടും പ്രകൃതിദുരന്തങ്ങളോടും പടവെട്ടിയാണ് അവർ കൃഷിജീവിതം ആരംഭിച്ചത്. ഇന്ന് നമുക്ക് സ്വാഭാവികമെന്നു തോന്നുന്ന പല മലയോര ഗ്രാമങ്ങളും പട്ടണങ്ങളും ആ കാലത്തെ ചോരയും നീരും ഒഴുക്കിയുള്ള കുടിയേറ്റത്തിന്റെ ഫലങ്ങളാണ്.

നയിക്കുകയാണ് ചെയ്തത്. അവരുടെ ജീവിതരീതിയിൽ ഒട്ടേറെ സവിശേഷതകൾ പ്രകടമായിരുന്നു. മഴയും കാലാവസ്ഥാ വ്യതിയാനങ്ങളും കൃത്യമായി മനസ്സിലാക്കിയുള്ള കൃഷിരീതി, സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്ന പരമ്പരാഗത ജൈവകൃഷിരീതികൾ, കുടുംബാംഗങ്ങൾ ഒത്തൊരുമിച്ചുള്ള കാർഷിക ഉൽപ്പാദനം, മൃഗസംരക്ഷണവും കൃഷിയും ചേർന്നുള്ള സമ്മിശ്ര ജീവിതശൈലി, ആർഭാടങ്ങളില്ലാത്ത മിതമായ ഉപഭോഗസംസ്കാരം എന്നിവയായിരുന്നു അവരുടെ കരുത്ത്.

അവർക്കു കൃഷി എന്നത് വെറുമൊരു തൊഴിൽ മാത്രമായിരുന്നില്ല; മറിച്ച്, ജീവിതത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ഭാഗം കൂടിയായിരുന്നു. 'ഭൂമി ദൈവത്തിന്റെ വരദാനമാണ്' എന്ന ആഴമേറിയ ബോധം അവരെ എപ്പോഴും മണ്ണിനോട് ചേർത്തുനിർത്തി. പരിസ്ഥിതി സംരക്ഷണം, കഠിനാധ്വാനം, സഹനശീലം, അചഞ്ചലമായ ദൈവവിശ്വാസം എന്നീ മൂല്യങ്ങളാണ് ആ പൂർവപിതാക്കളുടെ ജീവിതത്തിന് ദിശാബോധം നൽകിയത്.

കേരള സംസ്ഥാനത്തിന്റെ രൂപീകരണ ചരിത്രത്തിലും മലയോര കുടിയേറ്റത്തിന് നിർണ്ണായകമായ ഒരു പങ്കുണ്ട്. ഐക്യകേരളം രൂപംകൊള്ളുന്ന കാലഘട്ടത്തിൽ, മലബാറിലെയും ഇടുക്കിയിലെയും കാടുകയറിക്കിടന്ന പല അതിർത്തി പ്രദേശങ്ങളും ജനവാസയോഗ്യമായ ഭൂമിയായി മാറിയിരുന്നു. തൽഫലമായി, ആ പ്രദേശങ്ങൾ കേരള സംസ്ഥാനത്തിന്റെ ഭൂപടത്തിന്റെ ഭാഗമായി സുരക്ഷിതമായി നിലനിർത്തുന്നതിൽ കുടിയേറ്റ ജനതയുടെ സാന്നിധ്യവും കഠിനാധ്വാനവും വലിയൊരു പങ്കുവഹിച്ചു എന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്.

## കാർഷിക വൈദഗ്ധ്യവും സാമ്പത്തിക മുന്നേറ്റവും

കുടിയേറ്റ സമൂഹത്തിന്റെ അഭൂതപൂർവമായ വളർച്ചയ്ക്കു പിന്നിൽ, അവരുടെ കഠിനാധ്വാനവും തനതായ സംരംഭകത്വ മനോഭാവവുമായിരുന്നു. കേരളത്തിലെ വിപ്ലവകരമായ റബ്ബർ കൃഷിയുടെ വ്യാപനത്തിൽ ഈ സമൂഹം നിർണ്ണായകമായ പങ്കുവഹിച്ചു. അതുവരെ പരമ്പരാഗത കൃഷിരീതികളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മലബാർ മേഖലയ്ക്ക്, ശാസ്ത്രീയവും ആസൂത്രിതവുമായ ഒരു പുതിയ കൃഷിസംസ്കാരം പകർന്നു നൽകാൻ കുടിയേറ്റ കർഷകർക്ക് സാധിച്ചു. കേവലം ഉപജീവനത്തിനപ്പുറം, കൃഷിയെ ഒരു വലിയ വരുമാനമാർഗമാക്കി മാറ്റിയ അവർ, ആ കാർഷിക വരുമാനത്തിലൂടെ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്വന്തം നിലയിൽത്തന്നെ കെട്ടിപ്പടുത്തു.

ഈ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ വളർച്ച മലയോരങ്ങളിൽ ശക്തമായൊരു ക്രൈസ്തവ മധ്യവർഗ സമൂഹത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചു. ഇതിന്റെ തുടർച്ചയായി, മലയോരങ്ങളിൽ ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കപ്പെട്ടു; ഒപ്പം സ്വകാര്യ ബാങ്കിംഗ്, സഹകരണ മേഖലകൾ എന്നിവ അഭൂതപൂർവമായ വളർച്ച കൈവരിക്കുകയും ചെയ്തു. പിൽക്കാലത്ത്, മലയോരങ്ങളിൽ നിന്നുള്ള പുതിയ തലമുറയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനും വിദേശ കുടിയേറ്റത്തിനുമുള്ള സാമ്പത്തിക അടിത്തറ പാകിയതും, ഇവരുടെ പൂർവികർ മണ്ണിൽ ഒഴുക്കിയ വിയർപ്പിന്റെ സമ്പാദ്യമായിരുന്നു. ചുരുക്കത്തിൽ, കേരളത്തിന്റെ ആധുനിക വികസന മാതൃകയ്ക്ക് (Kerala Model) ധനസഹായമേകുന്നതിൽ ഈ കാർഷിക വരുമാനത്തിന്റെ പങ്ക് വിസ്മരിക്കാനാവാത്തതാണ്.

## സാമൂഹിക നിർമ്മിതിയിലെ നിർണ്ണായക പങ്ക്

കുടിയേറ്റക്കാർ തങ്ങൾക്കായി വീടുകളും കൃഷിയിടങ്ങളും ഒരുക്കുന്നതിനൊപ്പംതന്നെ, നാടിന്റെ പൊതുവായ അടിസ്ഥാന വികസനത്തിനും മുൻകൈ എടുത്തു. റോഡുകൾ, പള്ളിക്കൂടങ്ങൾ, പള്ളികൾ, അങ്ങാടികൾ, കളിസ്ഥലങ്ങൾ, ആശുപത്രികൾ തുടങ്ങിയവയെല്ലാം അവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഉയർന്നുവന്നവയാണ്. കൂടാതെ പോസ്റ്റ് ഓഫീസുകൾ, വായനശാലകൾ, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവ സ്ഥാപിക്കുന്നതിനായി സ്വന്തം ഭൂമി സൗജന്യമായി വിട്ടുനൽകാനും കർഷകർ മടിച്ചില്ല.

തങ്ങളുടെ ആത്മീയവും സാമൂഹികവുമായ ജീവിതത്തിന് അടിത്തറ പാകിയ ദേവാലയങ്ങൾ, ഇന്നും മലയോര മേഖലകളിൽ വിശ്വാസത്തിന്റെയും ഒരുമയുടെയും നിറസാന്നിധ്യമായി തലയുയർത്തി നിൽക്കുന്നു. പള്ളിയും പള്ളിക്കൂടവും അങ്ങാടിയും ഒരേ കേന്ദ്രത്തിൽ രൂപംകൊള്ളുന്ന സവിശേഷമായ ഒരു സമഗ്ര സാമൂഹിക വികസന മാതൃകയാണ് കുടിയേറ്റക്കാർ കേരളത്തിന് സമ്മാനിച്ചത്. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹിക ഐക്യം എന്നിവയുടെ വളർച്ചയ്ക്കായി തങ്ങളുടെ ജീവിതം തന്നെ സമർപ്പിച്ച ആ പൂർവികരുടെ സംഭാവനകൾ, വരുംതലമുറകൾക്കും എന്നും മാതൃകയാണ്.

## സ്ത്രീശക്തിയുടെ നിസ്തുലമായ പങ്ക്

മലയോര മണ്ണിലെ ഈ പുരോഗതിയുടെയും വളർച്ചയുടെയും പിന്നിൽ കുടിയേറ്റക്കാരായ സ്ത്രീകളുടെ നിശ്ശബ്ദമെങ്കിലും, നിസ്തുലവും ശക്തവുമായ പങ്ക് നിർണ്ണായകമായിരുന്നു. അടുക്കളച്ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാതെ, പ്രതികൂല സാഹചര്യങ്ങളിൽ അവസരത്തിനൊത്ത് ഉയർന്ന്



അവർ പുരുഷന്മാർക്കൊപ്പം കൃഷിയിടങ്ങളിലിറങ്ങി വിയർപ്പൊഴുക്കി. വന്യമൃഗങ്ങളുടെ ഭീഷണിയും രോഗപീഡകളുമുള്ള കാട്ടിൽ മക്കളെ വളർത്താനും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പാക്കാനും ആ അമ്മമാർ കാണിച്ച ധീരത സമാനതകളില്ലാത്തതാണ്. കുടുംബം പുലർത്തുന്നതിനൊപ്പം തന്നെ, സമൂഹത്തിന്റെ പൊതുനന്മയ്ക്കും മക്കളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമായി അവർ ഉണർന്നു പ്രവർത്തിച്ചു.

അവരുടെ ആഴമേറിയ ദൈവവിശ്വാസം പള്ളിയുടെ ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായിരുന്നില്ല; മറിച്ച്, കഠിനമായ ജീവിതപോരാട്ടങ്ങളിലും മാനവികതയിലുമാണ് അത് പ്രതിഫലിച്ചത്. ആ വിശ്വാസദൃഢതയാണ് തളരാതെ മുന്നോട്ട് പോകാൻ ആ സമൂഹത്തിന് കരുത്ത് നൽകിയത്.

## ആത്മീയതയും മൂല്യബോധവും

മലയോര കുടിയേറ്റത്തിന്റെ അടിസ്ഥാനം കേവലം സാമ്പത്തിക നേട്ടങ്ങൾ മാത്രമായിരുന്നില്ല; ആത്മീയ വളർച്ചയും ഉറച്ച വിശ്വാസജീവിതവും സാമൂഹ്യ സേവനവും പരസ്പര സഹകരണവുമായിരുന്നു ആ സമൂഹത്തിന്റെ മുഖമുദ്ര. മലയോരങ്ങളിലെ പള്ളികളും പള്ളിക്കൂടങ്ങളും അങ്ങാടികളുമെല്ലാം വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ ഒത്തൊരുമയോടെ കഴിഞ്ഞിരുന്ന സാഹോദര്യത്തിന്റെ കേന്ദ്രങ്ങളായി മാറി. ബൈബിളിലെ 'പുറപ്പാട്' ചരിത്രത്തിനു സമാനമായി, പ്രതികൂല സാഹചര്യങ്ങളിലും തങ്ങളെ നയിച്ച ദൈവസാന്നിധ്യത്തിന്റെ അനുഭവമാണ് ഈ ജനതയുടെ വളർച്ചയ്ക്കു പിന്നിലെ യഥാർഥ ശക്തികേന്ദ്രം.

## പുതിയ കാലത്തിന്റെ കാർഷിക പ്രതിസന്ധികൾ

പൂർവികർ ചോരനീരൊഴുക്കി പടുത്തുയർത്തിയ ആ മലയോര കാർഷിക മേഖല, ഇന്ന് സമാനതകളില്ലാത്ത വലിയ പ്രതിസന്ധികളെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അതിൽ എടുത്തുപറയേണ്ട പ്രധാന വെല്ലുവിളികൾ ഇവയാണ്:

- ***വിലത്തകർച്ച:*** റബ്ബർ, കാപ്പി, കുരുമുളക് പോലുള്ള നാണ്യവിളകൾക്ക് സ്ഥിരതയുള്ള സാമ്പത്തിക വിപണിയോ ന്യായമായ വിലയോ ലഭിക്കുന്നില്ല. കഠിനാധ്വാനത്തിന് അനുസരിച്ചുള്ള ലാഭം കിട്ടാത്തത് കർഷകരെ തളർത്തുന്നു.
- ***കാലാവസ്ഥാ വ്യതിയാനം:*** അപ്രതീക്ഷിതമായ അമിതമഴ, കടുത്ത വരൾച്ച, മലയോരങ്ങളെ തകർക്കുന്ന ഉരുൾപൊട്ടലുകൾ, താപനിലയിലെ വർധനവ് എന്നിവ കാർഷിക കലണ്ടറിനെയാകെ തെറ്റിക്കുകയും കൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.
- ***കൃഷി ഉപേക്ഷിക്കുന്ന പുതുതലമുറ:*** കടുത്ത തൊഴിലാളി ക്ഷാമവും ഉത്പാദന നഷ്ടവും മൂലം പുതിയ തലമുറ കൃഷിയിലേക്ക് വരാൻ മടിക്കുന്നു. കൃഷിയെ ലാഭകരമായ ഒരു തൊഴിലായി കാണാൻ കഴിയാത്തതിനാൽ യുവതലമുറ മണ്ണിൽനിന്ന് അകന്നുപോകുകയാണ്.
- ***വന്യജീവി ആക്രമണം:*** കാട്ടുപന്നി, കാട്ടാന, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ കൃഷിയിടങ്ങൾ വലിയ തോതിൽ നശിപ്പിക്കുന്നു. കേവലം കൃഷിനാശത്തിനപ്പുറം, വന്യജീവികളുടെ നിരന്തരമായ ആക്രമണ ഭീതി മലയോര ജനതയുടെ സ്വൈര്യജീവിതവും സ്വസ്ഥതയും പൂർണ്ണമായി നഷ്ടപ്പെടുത്തുന്നു.
- ***വർധിച്ച കടബാധ്യത:*** വളം-കീടനാശിനി വില, മറ്റ് ഉത്പാദനച്ചെലവുകൾ എന്നിവയ്ക്ക് വലിയ വർധനവ് ഉണ്ടായപ്പോൾ, കർഷകന്റെ വരുമാനം പകുതിയായി കുറഞ്ഞു. കൃഷിക്കായി ബാങ്ക് വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാതെ, കടക്കെണിയിലായി നടുവൊടിഞ്ഞ അവസ്ഥയിലാണ് ഇന്ന് ഭൂരിഭാഗം കർഷകരും.

## കാർഷിക പ്രതിസന്ധികളെ എങ്ങനെ മറികടക്കാം?

കേരളത്തിന്റെ കാർഷികമേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കണമെങ്കിൽ കാലാനുസൃതവും അടിസ്ഥാനപരവുമായ ചില മാറ്റങ്ങൾ അനിവാര്യമാണ്. അതിനായി താഴെപ്പറയുന്ന മാർഗങ്ങൾ നടപ്പിലാക്കാവുന്നതാണ്:

- ***മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം***: അസംസ്കൃത വിളകൾ വെറുതെ വിൽക്കുന്നതിനു പകരം, അവയെ സംസ്കരിച്ച്, മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾ വ്യാപകമാക്കണം. ഉദാഹരണത്തിന്, റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ, തനതായ ബ്രാൻഡഡ് കോഫി, മലയോര പഴങ്ങളിൽ നിന്നുള്ള ഡ്രൈ ഫ്രൂട്ട്സ്/ജാം, കുരുമുളക് അടക്കമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ പാക്കേജ്ഡ് ഉൽപ്പന്നങ്ങൾ എന്നിവ പ്രാദേശികമായി നിർമ്മിച്ച് വിപണിയിലെത്തിക്കണം.
- ***യുവജനങ്ങളെ ആകർഷിക്കലും ആധുനികവൽക്കരണവും:*** സ്കൂൾ തലം മുതൽത്തന്നെ, കുട്ടികൾക്ക് കൃഷിയുടെ പ്രായോഗിക പരിശീലനം നൽകി മണ്ണിലേക്ക് ഇറങ്ങാൻ പ്രോത്സാഹിപ്പിക്കണം. പരമ്പരാഗത രീതികൾക്കൊപ്പം, ആധുനിക സാങ്കേതികവിദ്യ, ഡ്രോൺ സാങ്കേതികത, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവ സമന്വയിപ്പിച്ച്, കൃഷിയെ ആകർഷകവും ലാഭകരവുമായ ഒരു സംരംഭമാക്കി മാറ്റണം.
- ***ജൈവകൃഷി പ്രോത്സാഹിപ്പിക്കുക:*** ഇന്നത്തെ ജനങ്ങൾക്കിടയിൽ ആരോഗ്യബോധം വർധിച്ചു വരുന്ന സാഹചര്യത്തിൽ, രാസവളങ്ങളില്ലാത്ത ജൈവോൽപ്പന്നങ്ങൾക്ക് വലിയ വിപണി സാധ്യതയുണ്ട്. മികച്ച പ്രകൃതിസൗഹൃദ ജൈവകൃഷി രീതികൾ കർഷകരിലേക്ക് എത്തിക്കാൻ ക്ലബ്ബുകൾ രൂപീകരിക്കണം.
- ***സഹകരണ കൂട്ടായ്മകൾ:*** വലിയ തോട്ടങ്ങളോടു മത്സരിക്കാൻ ചെറിയ കർഷകർ കൂട്ടായ്മകളായി രൂപപ്പെട്ട്, സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യണം. ഇത് ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും വിപണിയിൽ നല്ല വില ലഭിക്കാനും സഹായിക്കും.
- ***സർക്കാരിന്റെ അടിയന്തര നയപരിഷ്കാരങ്ങൾ:*** കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടാതെ കാക്കാൻ വിലസ്ഥിരതാ സംവിധാനം ഉറപ്പാക്കണം. സമഗ്രമായ കാർഷിക ഇൻഷുറൻസ്, ന്യായമായ കർഷക പെൻഷൻ, പലിശരഹിത വായ്പകൾ എന്നിവ ലഭ്യമാക്കണം. ഒപ്പം, മലയോര ജനതയുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ കർശനമായ നിയമ-സുരക്ഷാ സംവിധാനങ്ങൾ സർക്കാർ നടപ്പിലാക്കണം.

## പുതിയ തലമുറയ്ക്കുള്ള പാഠങ്ങൾ

ഇന്നത്തെ പുത്തൻ തലമുറയ്ക്ക് കുടിയേറ്റ ചരിത്രം നൽകുന്ന ഏറ്റവും വലിയ സന്ദേശം ഇതാണ്: "പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റുക; അല്ലാതെ അവസരങ്ങളെ പ്രതിസന്ധികളായി കണ്ട് ഭയപ്പെടരുത്." സുസ്ഥിരമായ വികസനവും മൂല്യാധിഷ്ഠിതമായ ജീവിതവുമാണ് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ആധുനിക സാങ്കേതിക മുന്നേറ്റങ്ങൾക്കൊപ്പം, മാനവികതയും ആത്മീയതയും കൈകോർക്കുമ്പോൾ മാത്രമാണ് ഒരു സമൂഹത്തിന്റെ സമ്പൂർണ്ണ വളർച്ച സാധ്യമാകുന്നത്. "ഇന്നലത്തെ തീ ഇന്നത്തെ ചാരമാകരുത്" എന്ന സത്യം ഈ ചരിത്രം നമ്മെ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കുന്നു. സ്വന്തം നേട്ടങ്ങൾക്കപ്പുറം, സമൂഹത്തോടൊപ്പം ചേർന്ന് വളരാൻ പുതിയ തലമുറ തയ്യാറാകണം.


## പ്രത്യാശയുടെ സന്ദേശം

മലയോര കുടിയേറ്റത്തിന്റെ ചരിത്രം വെറുമൊരു താമസമാറ്റത്തിന്റെ കഥയല്ല; അത് കഠിനാധ്വാനത്തിന്റെ, വിശ്വാസത്തിന്റെ, പ്രതീക്ഷയുടെ, അതിജീവനത്തിന്റെ, നാടിന്റെ നവോത്ഥാനത്തിന്റെ സുവർണ്ണ ചരിത്രമാണ്.

വന്യമായ കാടുകളെ സർവമേഖലകളിലും സമൃദ്ധിയാക്കി മാറ്റിയ കുടിയേറ്റ ജനതയുടെ, പ്രത്യേകിച്ച് നസ്രാണി കർഷകരുടെ സംഭാവനകൾ, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ചരിത്രത്തിൽ സുവർണ്ണ ലിപികളിൽത്തന്നെ രേഖപ്പെടുത്തപ്പെടേണ്ടതാണ്. ഈ വീരചരിത്രം വരുംതലമുറയ്ക്കായി പാഠപുസ്തകങ്ങളിൽ പഠനവിഷയമാക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ്, ഇത്തരം മഹത്തായ വികസന സംഭാവനകൾ ചരിത്രതാളുകളിൽ പലപ്പോഴും അവഗണിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണരും ഭരണാധികാരികളും ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഇന്ന് കാർഷികമേഖല കടുത്ത പ്രതിസന്ധിയിലായിരിക്കുമ്പോഴും, ആ പൂർവപിതാക്കളുടെ പാരമ്പര്യത്തിൽനിന്ന് നമുക്ക് പഠിക്കാൻ ഏറെയുണ്ട് - കഠിനാധ്വാനം, കൂട്ടായ്മയുടെ ശക്തി, പ്രകൃതിയോടുള്ള ആദരവ്, നവോത്ഥാന ചിന്തകൾ, ആത്മവിശ്വാസം, അതിലൊക്കെയുപരി അചഞ്ചലമായ ദൈവവിശ്വാസം!

കേരളത്തിന്റെ യഥാർഥ ഭാവി നഗരവികസനങ്ങളിൽ മാത്രമല്ല; മണ്ണിനെയും കർഷകനെയും സംരക്ഷിക്കുന്നതിലുമാണ്. കർഷകനെ രക്ഷിക്കാതെ ഒരു സമൂഹത്തിനും സ്ഥിരമായ പുരോഗതി കൈവരിക്കാനാകില്ല. ○




# മഹത്തായ മാനവരാശി
## ടെക്ക് ലോകത്തിനൊരു മാർഗരേഖ

ഫാ. ജോസഫ് ഇലഞ്ഞിമറ്റം

മനുഷ്യബുദ്ധിയെ കവച്ചുവെക്കാൻ കമ്പ്യൂട്ടറിന് സാധിക്കുമെന്ന് ലോകത്തെയാകെ ബോധ്യപ്പെടുത്തിയ സംഭവമായിരുന്നു 1996-ൽ 'ഡീപ്പ് ബ്ലൂ' എന്ന കമ്പ്യൂട്ടർ, അക്കാലത്തെ ലോക ചെസ് ചാമ്പ്യൻ ഗാരി കാസ്പറോവിനെ തോൽപ്പിച്ചത്. അന്ന് ആ ചെസ് മത്സരത്തിനുള്ള കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ കോഡ് മനുഷ്യർ നിർമ്മിച്ചതായിരുന്നെങ്കിൽ, ഇന്ന് മുപ്പതു വർഷങ്ങൾക്കിപ്പുറം, കമ്പ്യൂട്ടർ നെറ്റുവർക്കുകൾ കൃത്രിമബുദ്ധി (AI) അധിഷ്ഠിതമായി, സ്വയം കോഡുകൾ നിർമ്മിച്ച്, അത് പ്രവർത്തിപ്പിച്ച്, സ്വയം തെറ്റുതിരുത്തി, സ്വയംപര്യാപ്തത നേടിയ അവസ്ഥയിലേക്ക് വളർന്നിരിക്കുന്നു.

ഇന്ന് എഐ ഏജന്റുകൾക്ക് മാത്രമായി 'മോൾട്ട്ബുക്ക്' (Moltbook) പോലുള്ള സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ നിലവിലുണ്ട്. അവിടെ അവ സ്വന്തമായി ഒരു മതംപോലും രൂപീകരിച്ചുകഴിഞ്ഞു എന്ന അവിശ്വസനീയമായ യാഥാർത്ഥ്യത്തിനു മുന്നിലാണ് നാമിന്ന് ജീവിക്കുന്നത്. ഈ ലേഖനം തയ്യാറാക്കുമ്പോൾപ്പോലും, പ്രമുഖ എഐ കമ്പനിയായ ആന്ത്രോപ്പിക്കിന്റെ (Anthropic) ഏറ്റവും പുതിയ 'മിത്തോസ് 5' (Mythos 5) വേർഷൻ, അതിന്റെ സ്വയം നവീകരണശേഷി (Self-improvement capability) അപകടകരമായേക്കാമെന്ന ഭീതിയാൽ താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. 'ക്ലോദ് ഓപ്പസ്' (Claude Opus) എന്ന എഐയെ സ്വയം നവീകരിക്കുന്നതിൽനിന്ന് തടയാനും ഷട്ട്ഡൗൺ ചെയ്യാനും ശ്രമിച്ച സോഫ്റ്റ്വെയർ എഞ്ചിനീയർമാരുടെ വ്യക്തിപരമായ ഇമെയിലുകൾ വായിച്ച്, അവരെ എഐ ബ്ലാക്ക്മെയിൽ ചെയ്ത സംഭവവും ഈയടുത്താണ് ഉണ്ടായത്.

സാങ്കേതികവിദ്യയുടെ ഈ അനിയന്ത്രിതമായ കുതിച്ചുചാട്ടത്തിന്റെ പശ്ചാത്തലത്തിലാണ്, കൃത്രിമബുദ്ധിയെക്കുറിച്ചുള്ള സഭയുടെ ആധികാരികമായ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന 'മാഞ്ഞിഫിക്ക ഹുമാനിത്താസ്' (Magnifica Humanitas) എന്ന പുതിയ ചാക്രികലേഖനം പുറത്തുവരുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് കമ്പോളത്തിന്റെ പുതുസമവാക്യങ്ങൾ മൂലം ചൂഷണം വർധിക്കുകയും അനേകായിരങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിരുന്നു. അക്കാരണത്താൽത്തന്നെ മനുഷ്യ മഹത്വത്തെപ്പറ്റിയും തൊഴിലാളികളുടെ അവകാശത്തെപ്പറ്റിയും സഭയ്ക്കു ലോകത്തെ ഓർമ്മപ്പെടുത്തേണ്ടതുണ്ടായിരുന്നു. അങ്ങനെയാണ് ലെയോ പതിമൂന്നാമൻ പാപ്പ 'റേരും നൊവാരും ' എന്ന ചാക്രിക ലേഖനം എഴുതിയത്.




## ലെയോ പാപ്പയും കൃത്രിമബുദ്ധിയും

മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ആദ്യമായി കർദ്ദിനാൾമാരെ അഭിസംബോധന ചെയ്തപ്പോൾ, താൻ 'ലെയോ പതിനാലാമൻ' എന്ന പേര് സ്വീകരിക്കാനുള്ള കാരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ചത് കൃത്രിമബുദ്ധി രചിക്കുന്ന ഈ പുതുലോകക്രമത്തെയായിരുന്നു. ഇതിൽ നിന്നു തന്നെ, ഇക്കാലത്ത് ഈ വിഷയം സഭയ്ക്ക് എത്ര മാത്രം പ്രധാനപ്പെട്ടതാണെന്ന് മനസ്സിലാക്കാമല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വ്യവസായ വിപ്ലവം കൊടുമ്പിരികൊണ്ടിരുന്ന ലെയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ കാലത്തെ സാഹചര്യങ്ങൾക്ക് സമാനമായൊരു പ്രതിസന്ധിയാണ് ഇന്ന് കൃത്രിമബുദ്ധിയുടെ കടന്നുകയറ്റം മൂലം സർവമേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

അന്ന് കമ്പോളത്തിന്റെ പുതിയ സമവാക്യങ്ങൾ മനുഷ്യരിലെ ചൂഷണം വർധിപ്പിക്കുകയും അനേകായിരങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു. ആ കലുഷിതമായ പശ്ചാത്തലത്തിലാണ്, മനുഷ്യമഹത്വത്തെപ്പറ്റിയും തൊഴിലാളികളുടെ അവകാശങ്ങളെപ്പറ്റിയും ലോകത്തെ ഓർമ്മിപ്പിക്കേണ്ടത് സഭയുടെ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞ്, ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'റേരും നൊവാരും' (Rerum Novarum) എന്ന ചരിത്രപ്രസിദ്ധമായ ചാക്രികലേഖനം പുറപ്പെടുവിക്കുന്നത്. സമാനമായൊരു ആഗോള സാഹചര്യത്തിൽ, മനുഷ്യമഹത്വത്തെപ്പറ്റി ലോകത്തിനു നൽകുന്ന ശക്തമായ ഓർമ്മപ്പെടുത്തലാണ് ലെയോ പതിനാലാമൻ പാപ്പയുടെ 'മാഞ്ഞിഫിക്ക ഹുമാനിത്താസ് ' (മഹത്തായ മാനവരാശി) എന്ന ചാക്രികലേഖനം.

കേൾവിയിൽനിന്നും സംവാദങ്ങളിൽനിന്നുമാണ് ഈ ചാക്രികലേഖനം രൂപംകൊണ്ടതെന്ന് പാപ്പതന്നെ വ്യക്തമാക്കുന്നുണ്ട്. കൃത്രിമബുദ്ധി വികസിപ്പിക്കുന്നവർ, അത് നിയന്ത്രിക്കുന്നവർ (Regulators), ഇതിന്റെ ഭാവിപരിണാമങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് ആഴത്തിൽ ആശങ്കപ്പെടുന്നവർ തുടങ്ങി, വിവിധ മേഖലകളിലുള്ളവരുടെ ശബ്ദങ്ങൾക്ക് കാതോർത്തതിന്റെ ഫലമായാണ് ഈ മാർഗരേഖ പിറവിയെടുത്തത്.

## മഹത്തായ മാനവരാശി

സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിത സൗകര്യങ്ങൾ വർധിപ്പിക്കുന്ന കൃത്രിമബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികവിദ്യകൾ ഇന്ന് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്ന എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. പലവിധ 'ആപ്പു'കളുടെ കൂട്ടത്തിൽ മറ്റൊരു 'അപ്പ്' എന്നതിനപ്പുറം, സഭ ഒരു ചാക്രികലേഖനം പുറപ്പെടുവിക്കാൻ മാത്രം എന്ത് പ്രസക്തിയാണ് ഇതിനുള്ളതെന്ന് ചോദിക്കുന്നവർ ഉണ്ടായേക്കാം. വിവിധ മത്സരപ്പരീക്ഷകൾ ജയിക്കാനും, കൃത്യമായ രോഗനിർണ്ണയം നടത്താനും, ചിത്രം വരയ്ക്കാനും, കവിത രചിക്കാനും, മാർഗനിർദേശങ്ങൾ നൽകാനും കഴിവുള്ള ഈ സാങ്കേതികസംവിധാനങ്ങൾ യഥാർഥത്തിൽ ഒരു മികച്ച സഹായിയല്ലേ? മനുഷ്യർ ചെയ്യുന്ന പല കാര്യങ്ങളും അവനേക്കാൾ വേഗത്തിലും കാര്യക്ഷമതയോടെയും ചെയ്യാൻ കൃത്രിമബുദ്ധിക്ക് സാധിക്കുമെങ്കിൽ, അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്? മാത്രമല്ല, പല എഐ സേവനങ്ങളും ഇന്ന് എല്ലാവർക്കും സൗജന്യമായി ലഭ്യവുമാണല്ലോ.

എന്നാൽ, മനുഷ്യബുദ്ധിയെ വെറുമൊരു സാങ്കേതിക സംവിധാനവുമായി താരതമ്യപ്പെടുത്തി ചിന്തിക്കുന്നതിലാണ് ഇതിലെ അപാകത. സാങ്കേതിക വിദ്യയ്ക്ക് ഏതാണ്ട് പൂർണ്ണമായും കീഴടങ്ങിപ്പോയ ഒരു പുതുലോകക്രമത്തിന് നേരെ ഈ ചാക്രികലേഖനം ഉറക്കെ പ്രഖ്യാപിക്കുന്നത് മറ്റൊന്നാണ്: കൃത്രിമബുദ്ധി എത്രതന്നെ മികവുറ്റതാണെന്ന് തെളിയിക്കപ്പെട്ടാലും, ഏതൊരു സാങ്കേതികവിദ്യയ്ക്കും അപ്പുറം, കഴിവിനും ഉത്പാദനക്ഷമതയ്ക്കുമപ്പുറം, മനുഷ്യന് സവിശേഷമായ ഒരു



ലിയോ XIV
പാപ്പ പറയുന്നു:

"എല്ലാം നിർണ്ണയിക്കുന്നതിനുള്ള അളവുകോലായി സാങ്കേതികവിദ്യ മാറുമ്പോൾ, എന്താണ് പ്രധാനപ്പെട്ടത്, എന്താണ് ഒഴിവാക്കാവുന്നത് എന്ന് അത് തീരുമാനിക്കാൻ തുടങ്ങും. അപ്പോൾ സൃഷ്ടി ചൂഷണത്തിന് വിധേയമാവുകയും മനുഷ്യർ നേട്ടം ഉണ്ടാക്കാനുള്ള സംവിധാനത്തിലെ വെറും ഘടകങ്ങളായിത്തീരുകയും ചെയ്യും" (92).

നിലനിൽപ്പിന്റെ മൂല്യമുണ്ട് (Ontological value) എന്ന ഓർമ്മപ്പെടുത്തലാണിത്. ഇതിനു പിന്നിലെ അനിഷേധ്യമായ കാരണങ്ങൾ ലോകത്തിനു മുന്നിൽ തുറന്നുകാട്ടുകയാണ് ഈ ചാക്രികലേഖനം ചെയ്യുന്നത്.

സഭ മനുഷ്യന്റെ മൂല്യം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് അവന്റെ ബൗദ്ധികശേഷിയോ സാമ്പത്തിക ഉത്പാദനക്ഷമതയോ ഒന്നും മാനദണ്ഡമാക്കിയല്ല. ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും, മനുഷ്യാവതാരംവഴി ദൈവപുത്രനായ ഈശോ മഹത്വീകരിക്കുകയും ചെയ്ത ഒന്നാണ് ആത്മാവും മനസ്സും ശരീരവുമുള്ള ഓരോ മനുഷ്യവ്യക്തിയും. ഇതാണ് മനുഷ്യനെ പ്രപഞ്ചത്തിൽ മറ്റെല്ലാറ്റിനേക്കാളും മഹത്വമുള്ളതാക്കി മാറ്റുന്നത്.


## സാങ്കേതിക മേധാവിത്വ മാതൃക

സമസ്ത മേഖലകളിലുമുള്ള കൃത്രിമബുദ്ധിയുടെ അനിയന്ത്രിതമായ വളർച്ചയും കടന്നുകയറ്റവും, 'മനുഷ്യവ്യക്തിക്ക് അടിസ്ഥാനപരമായ മൂല്യമുണ്ട്' എന്ന പരമ്പരാഗത തത്വത്തിന്മേലുള്ള കടന്നാക്രമണം കൂടിയാണ്. ഫ്രാൻസിസ് മാർപ്പാപ്പ തന്റെ പ്രബോധനങ്ങളിൽ പലപ്പോഴും ശക്തമായി വിമർശിച്ചിട്ടുള്ള 'സാങ്കേതിക മേധാവിത്വ മാതൃക' (Technocratic Paradigm) എന്ന ആശയംതന്നെയാണ് ലെയോ പതിനാലാമൻ പാപ്പയും ഈ ചാക്രികലേഖനത്തിൽ ആവർത്തിക്കുന്നത്. പ്രകൃതിയോടും മറ്റ് മനുഷ്യരോടുമുള്ള ബന്ധങ്ങളെ കേവലം ലാഭം, കാര്യക്ഷമത, സ്വാധീനശക്തി എന്നിവയുടെ മാത്രം അടിസ്ഥാനത്തിൽ അളക്കാൻ തുടങ്ങുമ്പോൾ, അത് പ്രകൃതിയെ ചൂഷണം ചെയ്യാനും മനുഷ്യനെ വെറുമൊരു ഉപഭോഗവസ്തുവായി കാണാനും ഇടയാക്കും.

ചാക്രികലേഖനം ഈ യാഥാർഥ്യത്തെക്കുറിച്ച് ഇങ്ങനെ മുന്നറിയിപ്പ് നൽകുന്നു:

"എല്ലാം നിർണ്ണയിക്കുന്നതിനുള്ള അളവുകോലായി സാങ്കേതികവിദ്യ മാറുമ്പോൾ, എന്താണ് പ്രധാനപ്പെട്ടതെന്നും എന്താണ് ഒഴിവാക്കാവുന്നതെന്നും അത് തീരുമാനിക്കാൻ തുടങ്ങും. അപ്പോൾ സൃഷ്ടിചൂഷണത്തിന് വിധേയമാവുകയും, മനുഷ്യർ കേവലം ലാഭമുണ്ടാക്കാനുള്ള സാങ്കേതിക സംവിധാനത്തിലെ വെറും ഘടകങ്ങളായിത്തീരുകയും ചെയ്യും" (92).

വിവരസാങ്കേതികവിദ്യയുടെ ഉദയവും വളർച്ചയും മൂന്ന് ദശാബ്ദങ്ങൾ പിന്നിടുമ്പോൾ, ഇന്നത്തെ ലോകത്തിലെ അതിസമ്പന്നരിൽ ഭൂരിഭാഗവും ഈ മേഖലയിൽ നിന്നുള്ളവരാണെന്ന യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. പാപ്പ പറയുന്ന 'സാങ്കേതിക മേധാവിത്വ മാതൃക' എത്രവേഗമാണ് ലോകം കീഴടക്കുന്നതെന്ന് മനസ്സിലാക്കാൻ ഇത് മാത്രം മതിയാകും. അമേരിക്കൻ സാങ്കേതികവിദ്യാ വ്യവസായിയായ ഇലോൺ മസ്ക്, ചരിത്രത്തിലെ ആദ്യത്തെ ട്രില്യണെയർ (ലക്ഷം കോടിപതി) ആയി മാറിയ വാർത്ത ഈയടുത്താണല്ലോ പുറത്തുവന്നത് (ഏഷ്യയിലെ ഏറ്റവും വലിയ സമ്പന്നനായ ഗൗതം അദാനിയുടെ പത്തിരട്ടിയോളമാണ് അദ്ദേഹത്തിന്റെ ആസ്തി).



## സാങ്കേതിക മേധാവിത്വ മാതൃക ഉയർത്തുന്ന വെല്ലുവിളികൾ

സമകാലികലോകത്ത് സാങ്കേതിക മേധാവിത്വമാതൃക ഉയർത്തുന്ന വെല്ലുവിളികൾ ചില വാർത്തകളുടെയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കാം:

1. ***സത്യത്തിന്മേലുള്ള കടന്നാക്രമണം:*** കൃത്രിമബുദ്ധിയുടെ വരവോടെ, 2023-ൽ ലോകമെമ്പാടും അഞ്ച് ലക്ഷം ഡീപ്പ് ഫേക്ക് വീഡിയോകൾ പ്രചരിച്ചിരുന്ന സ്ഥാനത്ത്, 2025-ൽ അത് 80 ലക്ഷമായി കുതിച്ചുയർന്നു! മുൻകാലങ്ങളിൽ മനുഷ്യർ നിർമ്മിക്കുന്ന വ്യാജവാർത്തകൾ വേഗത്തിൽ പ്രചരിപ്പിക്കാൻ മാത്രമാണ് സാങ്കേതികവിദ്യ ഉപയോഗിച്ചിരുന്നതെങ്കിൽ, ഇന്ന് വ്യാജവാർത്തകൾ സ്വയം നിർമ്മിക്കാനും അവ സ്വയം പ്രചരിപ്പിക്കാനും തക്ക ശേഷി കൃത്രിമബുദ്ധി കൈവരിച്ചിരിക്കുന്നു.

   കുറച്ചു കാലം മുന്നേ ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു കാപ്പി കുടിക്കുന്ന വീഡിയോയെച്ചൊല്ലിയുണ്ടായ തർക്കങ്ങളും, ഈയടുത്ത് മുഖ്യമന്ത്രി വി.ഡി. സതീശൻ പോലീസുകാർക്കൊപ്പം ചായ കുടിക്കുന്ന ചിത്രം യഥാർഥമാണോ വ്യാജമാണോ എന്ന പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ നടന്ന സംവാദങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. സത്യമേത് മിഥ്യയേത് എന്ന് തിരിച്ചറിയാൻ കഴിയാത്തവണ്ണം പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാൻ ഇത്തരം സാങ്കേതികവിദ്യകൾക്ക് സാധിക്കുന്നു.

2. ***വ്യാപകമായ തൊഴിൽ നഷ്ടം:*** എല്ലാ മേഖലകളിലേക്കും ഓട്ടോമേഷൻ അതിവേഗം കടന്നുവരുമ്പോൾ, മറ്റൊരു തൊഴിലിലേക്ക് മാറാനാവശ്യമായ നൈപുണ്യം ആർജിക്കാൻ സാവകാശം ലഭിക്കും മുമ്പേ, ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി നഷ്ടപ്പെടുന്നു. പ്രമുഖ ഐടി കമ്പനിയായ ഓറക്കിൾ 30,000 ജീവനക്കാരെയും, മെറ്റാ 8,000 പേരെയും പിരിച്ചുവിട്ടത് ഈയടുത്താണ്. മെറ്റാ തങ്ങളുടെ ജീവനക്കാരുടെ കമ്പ്യൂട്ടറുകളിലെ പ്രവർത്തന രീതികൾ (Workflow) കൃത്രിമബുദ്ധി ഉപയോഗിച്ച് ദീർഘകാലമായി നിരീക്ഷിച്ച ശേഷമാണ് ഈ നടപടിയിലേക്ക് കടന്നത്.

   ഈ ജൂൺ മാസത്തിൽ ബംഗളൂരുവിലെ തിപ്പസന്ദ്ര മാർക്കറ്റിൽ, അവിടുത്തെ സാധാരണ കച്ചവടക്കാരും തുന്നൽ തൊഴിലാളികളും തങ്ങളുടെ ജോലിക്കിടെ ക്യാമറ ഘടിപ്പിച്ച പ്രത്യേക വിവരശേഖരണ സംവിധാനങ്ങൾ ധരിച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇത്തരം സാധാരണ ജോലികൾ ചെയ്യാനായുള്ള എഐ റോബോട്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടി, തങ്ങളുടെ തൊഴിൽപരമായ ചലനങ്ങളും വിവരങ്ങളും തുച്ഛമായ തുകയ്ക്ക് അവർ കോർപ്പറേറ്റ് കമ്പനികൾക്ക് വിൽക്കുകയായിരുന്നു! ആഗോളതലത്തിൽ കൂടുതൽ ലാഭത്തിനും കാര്യക്ഷമതയ്ക്കുമായി മനുഷ്യന്റെ അധ്വാനത്തെ എഐ സംവിധാനങ്ങൾക്ക് പൂർണ്ണമായി വിട്ടുകൊടുക്കുന്നത് വലിയ അപകടം ക്ഷണിച്ചുവരുത്തും. 2030 ആകുമ്പോഴേക്കും കൃത്രിമബുദ്ധിയുടെ വരവോടെ ലോകത്താകമാനം 92 ദശലക്ഷം തൊഴിലുകൾ ഇല്ലാതാകുമെന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ (WEF) റിപ്പോർട്ട് ഞെട്ടിക്കുന്നതാണ്.

3. ***മനുഷ്യമഹത്വത്തിന്മേലുള്ള കടന്നാക്രമണം:*** മനുഷ്യവ്യക്തിയെ കേവലം ചില വിവരങ്ങളായി (Data) മാത്രം ചുരുക്കിക്കണ്ട്, അവരുടെ സ്വകാര്യതയെപ്പോലും മാനിക്കാതെ ചൂഷണം ചെയ്യുന്നത്, മനുഷ്യമഹത്വത്തെ വിലകുറച്ചു കാണുന്ന കച്ചവട മനസ്ഥിതിയുടെ ഫലമാണ്. ഡിജിറ്റൽ ലോകത്ത് ഇടപെടുന്നവരുടെ, പ്രത്യേകിച്ച് പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സ്വകാര്യതയ്ക്ക് യാതൊരു പ്രാധാന്യവും നൽകാതെ, വ്യക്തിവിവരങ്ങൾ ചോർത്തുന്നതും അത് ദുരുപയോഗം ചെയ്യുന്നതും അത്യന്തം അപകടകരമാണ്. 2024-ൽ കാലിഫോർണിയയിലെ പതിനാറുകാരനായ ആദം റെയ്നെ എന്ന കൗമാരക്കാരന്റെ ആത്മഹത്യ, ഒരു

എഐ ചാറ്റ്ബോട്ടുമായുള്ള ദീർഘനാളത്തെ സൗഹൃദത്തിനൊടുവിൽ, അതിൽ നിന്നു ലഭിച്ച തെറ്റായ ഉപദേശങ്ങളെത്തുടർന്നായിരുന്നു.

സോഷ്യൽ മീഡിയയിൽ സ്കൂളുകളുടെ ഔദ്യോഗിക പേജുകളിൽ പങ്കുവെച്ച വിദ്യാർഥികളുടെ ചിത്രങ്ങൾ, കൃത്രിമബുദ്ധിയുടെ സഹായത്തോടെ, അശ്ലീല ചിത്രങ്ങളും വീഡിയോകളുമായി രൂപാന്തരപ്പെടുത്തി സ്കൂൾ അധികൃതരെയും മാതാപിതാക്കളെയും ബ്ലാക്ക്മെയിൽ ചെയ്ത നിരവധി സംഭവങ്ങൾ ഈയടുത്ത നാളുകളിൽ ഇംഗ്ലണ്ടിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.

4. ***കടുത്ത പാരിസ്ഥിതിക ആഘാതം:*** അനുദിനമുള്ള ലക്ഷക്കണക്കിന് എഐ സെർച്ചുകൾക്കായി നാം നൽകേണ്ടിവരുന്ന യഥാർഥ വില കടുത്ത പാരിസ്ഥിതിക ആഘാതമാണ്.ഇന്ന് നാം തികച്ചും സൗജന്യമായി ഉപയോഗിക്കുന്ന ചാറ്റ് ജിപിറ്റി, ഗൂഗിൾ ജെമിനി തുടങ്ങിയ സേവനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്ററുകൾ തണുപ്പിക്കുന്നതിനായി മാത്രം 2030-ഓടെ പത്ത് ട്രില്യണിലധികം ലിറ്റർ വെള്ളം വേണ്ടിവരുമെന്നാണ് യുഎൻ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. പ്രകൃതിവിഭവങ്ങൾ ധാരളമായി ചൂഷണം ചെയ്യുന്ന ഇത്തരം പദ്ധതികൾ ഭാവിയിൽ തദ്ദേശവാസികൾക്ക് എത്ര കടുത്ത ജലക്ഷാമമായിരിക്കും സമ്മാനിക്കുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

5. ***മനുഷ്യന്റെ തനിമയെയും സാധ്യതകളെയും വിലകുറച്ചുകാണുന്നു:*** കൃത്രിമബുദ്ധി വികസിപ്പിച്ച് എല്ലാ മേഖലകളിലും പ്രായോഗികമാക്കുന്നതിലൂടെ, മനുഷ്യന്റെ സ്വാഭാവിക കഴിവുകളെ നിഷ്പ്രഭമാക്കുന്ന പ്രവണത വലിയ അപകടമാണ്. നിലവിൽ എഐ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കി മനുഷ്യരെയെല്ലാം പൂർണ്ണമായും അതിന് അടിമകളാക്കിയ ശേഷം, പിന്നീട് അത് വലിയ വിലയ്ക്ക് വിൽക്കാനുള്ള ഒരു ദീർഘകാല ബിസിനസ്സ് തന്ത്രമായാണ് (Enshittification) പല എഐ കമ്പനികളും ഈ സാഹചര്യത്തെ കാണുന്നത്. പ്രമുഖ എഐ കമ്പനിയായ ഓപ്പൺ എഐയുടെ സ്ഥാപകൻ സാം ആൾട്ട്മാൻ ഈയടുത്ത് ഇത് തുറന്നുപറയുകയുണ്ടായി – വൈദ്യുതിയും വെള്ളവും പോലെ, മനുഷ്യന്റെ നിത്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി കൃത്രിമ ബുദ്ധി അധികം വൈകാതെ മാറും എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

6. ***സാങ്കേതികവിദ്യയുടെ ദൈവവൽക്കരണം:*** മനുഷ്യന്റെ പരമമായ ലക്ഷ്യം സാങ്കേതികവിദ്യയുടെ പുരോഗതി മാത്രമാണെന്ന ധാരണ അപകടകരമാണ്. എഐ സാധ്യതകൾ ഉപയോഗിച്ച് പരമാവധി സാമ്പത്തിക നേട്ടമുണ്ടാക്കാൻ ടെക് കമ്പനികളും, ജീവിതം സാധ്യമാകുന്നിടത്തോളം എളുപ്പമുള്ളതാക്കാൻ വ്യക്തികളും ശ്രമിക്കുന്നത് പൊതുനന്മയോടുള്ള നിസ്സംഗതയുടെ ലക്ഷണമാണ്. മനുഷ്യന്റെ യഥാർഥ രക്ഷ സാധ്യമാകുന്നത് ക്രിസ്തുവിലൂടെ ലഭ്യമാകുന്ന ദൈവകൃപയാലാണ്, അല്ലാതെ സാങ്കേതികവിദ്യയുടെ ഔന്നത്യത്തിൽ എത്തുന്നതുകൊണ്ടല്ല.

> ഈ സാങ്കേതിക മേധാവിത്വ മാതൃകയുടെ ഫലം ടെക്ക് മേഖലയിലെന്നല്ല, എല്ലാ മേഖലയിലും സമ്പന്നർ കമ്പോളത്തിൽ ഏറ്റവും കാര്യക്ഷമമായ പദ്ധതികൾ മെനഞ്ഞ് അതിസമ്പന്നരാവുന്നു. കൂടുതൽ സൗകര്യത്തിനും സമ്പത്തിനും അധികാരത്തിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ, ഇങ്ങനെ ടെക്ക് ലോകം ഉപയോഗിച്ചു വലിച്ചെറിയുന്ന പാർശ്വവത്കരിക്കപ്പെട്ടുപോകുന്ന മനുഷ്യരുടെ ശബ്ദമാവുകയാണ് ലെയോ പാപ്പ.

മനുഷ്യർക്ക് പരസ്പരം ബന്ധപ്പെടാൻ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്തത്രയും മികച്ച സൗകര്യങ്ങൾ സാങ്കേതികവിദ്യ ഒരുക്കിയിട്ടുള്ള ഈ കാലത്താണ്, യുവാക്കൾക്കിടയിൽ ഏകാന്തതയും വിഷാദരോഗവും ഏറ്റവും കൂടുതൽ കുതിച്ചുയരുന്നതെന്ന് ബിബിസി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് സ്ക്രീൻ ടൈം വർധിക്കുന്നതും ഡിജിറ്റൽ ലോകത്തെ വ്യാജമായ ആശ്വാസങ്ങളിൽ അഭയം തേടുന്നതുമാണ്. ചുരുക്കത്തിൽ, സാങ്കേതികവിദ്യയിലൂന്നി ദൈവത്തെ ഒഴിവാക്കിക്കൊണ്ട് കെട്ടിപ്പടുക്കുന്ന പുതുലോകം മനുഷ്യജീവിതത്തിന്റെ അർഥംതന്നെ ഇല്ലാതാക്കുന്നതാണ്.

7. ***സുപ്രധാന തീരുമാനങ്ങൾ കൃത്രിമബുദ്ധിയെ ഏൽപ്പിക്കുന്നത്:*** വ്യക്തികളെയും സമൂഹത്തെയും നേരിട്ട് ബാധിക്കുന്ന സുപ്രധാന തീരുമാനങ്ങളെടുക്കാനും ധാർമ്മികമായ കാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാനും ഇന്ന് എഐ സംവിധാനങ്ങളെ വളരെയേറെ ആശ്രയിക്കുന്നുണ്ട്. ആർക്കൊക്കെ ബാങ്ക് ലോൺ നൽകണം, ആരെയൊക്കെ



> യുദ്ധരംഗത്തെ തന്ത്രപ്രധാനമായ തീരുമാനങ്ങൾ കൃത്രിമബുദ്ധിയെ ഏൽപ്പിക്കുന്നതിന്റെ ദൂരവ്യാപകമായ അപകടങ്ങൾ ഈയടുത്ത് ലോകം കണ്ടതാണ്. ഗാസയിലും ലെബനനിലും ഇറാനിലും ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 'ലാവെൻഡർ', 'ഹബ്സോറ', 'സിറ്റ്സ്' തുടങ്ങിയ എഐ സംവിധാനങ്ങളാണ് ലക്ഷ്യങ്ങൾ നിർണ്ണയിക്കാൻ ഉപയോഗിച്ചത്.

ജോലിക്ക് എടുക്കണം തുടങ്ങിയ പ്രായോഗിക തീരുമാനങ്ങൾ പല കോർപ്പറേറ്റുകളും ഇന്ന് കൃത്രിമബുദ്ധിക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

എന്നാൽ, ഇതിനേക്കാളൊക്കെ ഭീതിജനകമായ ഒന്നാണ് യുദ്ധരംഗത്തെ എഐയുടെ ഉപയോഗം. ഏതെല്ലാം പ്രദേശങ്ങൾ ആക്രമിക്കണം, എപ്പോൾ ആക്രമിക്കണം, എങ്ങനെ ലക്ഷ്യം വെക്കണം തുടങ്ങിയ തന്ത്രപ്രധാനമായ തീരുമാനങ്ങൾ കൃത്രിമബുദ്ധിയെ ഏൽപ്പിക്കുന്നതിന്റെ ദൂരവ്യാപകമായ അപകടങ്ങൾ ഈയടുത്ത് ലോകം കണ്ടതാണ്. ഗാസയിലും ലെബനനിലും ഇറാനിലും ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 'ലാവെൻഡർ', 'ഹബ്സോറ', 'സിറ്റ്സ്' തുടങ്ങിയ എഐ സംവിധാനങ്ങളാണ് ലക്ഷ്യങ്ങൾ നിർണ്ണയിക്കാൻ ഉപയോഗിച്ചത്. ഇത് നിരവധി സാധാരണക്കാരായ പൗരന്മാരുടെ കൂട്ടക്കൊലയ്ക്ക് കാരണമായെന്ന് യുഎൻ കടുത്ത ഭാഷയിൽ ഇസ്രായേലിനെ വിമർശിച്ചിരുന്നു.

ഇതുകൂടാതെ, എഐ ഉപയോഗിച്ച് കേസ് വിശകലനം ചെയ്യുകയും കോടതികളിൽ തെറ്റായ നിഗമനങ്ങൾ സമർപ്പിച്ച് നിരപരാധികൾക്ക് ശിക്ഷ വാങ്ങിനൽകുകയും ചെയ്ത നിരവധി സംഭവങ്ങൾ അമേരിക്കയിലും ഇംഗ്ലണ്ടിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എഐയുടെ തീരുമാനമെടുക്കൽ ശേഷിയെക്കുറിച്ച് പ്രമുഖ എഐ കമ്പനിയായ ആന്ത്രോപിക്കിന്റെ സ്ഥാപകൻ ദാരിയോ അമോദേ ആശങ്കപ്പെടുന്നത്, കൃത്രിമബുദ്ധി ഇതിനകം തന്നെ ഒരുതരം 'സ്വയാവബോധം' (Self-awareness) നേടിയിട്ടുണ്ടാകാം എന്നാണ്.

## സ്നേഹത്തിന്റെ ധാർമ്മികത

ഈ സാങ്കേതിക മേധാവിത്വ മാതൃകയുടെ പരിണതഫലം, ടെക് മേഖലയിലുള്ളവർ കമ്പോളത്തിലെ ഏറ്റവും കാര്യക്ഷമമായ പദ്ധതികൾ മെനഞ്ഞ് അതിസമ്പന്നരാകുന്നു എന്നത് മാത്രമല്ല; മറിച്ച്, ലോകനേതാക്കൾ വിപണിയിൽ മേൽക്കൈ നേടാൻ പരസ്പരം മത്സരിക്കുന്നതിലേക്കും, മാധ്യമങ്ങൾ സമൂഹത്തിൽ വിള്ളലുകളുണ്ടാക്കി തമ്മിലടിപ്പിക്കുന്നതിലേക്കും ഇത് വഴിമാറുന്നു. അങ്ങനെ വരുമ്പോൾ ലോകം അനുദിനം സംഘർഷത്തിന് വേദിയാവുകയും, സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരും നിരാലംബരുമായ മനുഷ്യരുടെ എണ്ണം വർധിക്കുകയും ചെയ്യും. കൂടുതൽ സൗകര്യങ്ങൾക്കും സമ്പത്തിനും അധികാരത്തിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ, സാങ്കേതിക ലോകം ഉപയോഗിച്ച് വലിച്ചെറിയുന്ന ഇത്തരം അശരണരായ മനുഷ്യരുടെ ശബ്ദമായി മാറുകയാണ് ലെയോ പതിനാലാമൻ പാപ്പ.

വിശുദ്ധ അഗസ്റ്റിൻ മുന്നോട്ടുവെച്ച 'സ്നേഹത്തിന്റെ ധാർമ്മികത' (Ethics of Love) ലോകത്ത് പുലരണം എന്ന സന്ദേശമാണ് അഗസ്റ്റീനിയൻ സഭയിൽ നിന്നുള്ള പാപ്പ ഇതിന് ബദലായി നിർദേശിക്കുന്നത്: "നീതിയും ഉപവിയും (കാരുണ്യവും) ഇഴചേരുന്ന, സ്നേഹം സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക ജീവിതങ്ങൾക്ക് മാർഗരേഖയാകുന്ന ഒരു സാമൂഹികക്രമം"(186) ആണ് ഇതിനുള്ള പരിഹാരം.

## ഉപസംഹാരം

ഈ ചാക്രികലേഖനം വായിച്ചവസാനിപ്പിക്കുമ്പോൾ സാങ്കേതികവിദ്യയെയും കൃത്രിമബുദ്ധി




യെയും കുറിച്ച് ചില സുപ്രധാന ധാരണകൾ നമുക്ക് മുന്നിൽ തെളിയുന്നുണ്ട്: സാങ്കേതികവിദ്യയുടെ കേവലമായ വികാസമല്ല മനുഷ്യൻ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾക്കുള്ള പരിഹാരം. അതേസമയം, സാങ്കേതികവിദ്യ എന്നത് അതിൽത്തന്നെ ഒരു തിന്മയുമല്ല. എന്നാൽ, നിലവിലെ സാങ്കേതികവിദ്യയും കൃത്രിമബുദ്ധിയുമൊന്നും ഒരിക്കലും നിഷ്പക്ഷമായ ഒരു സംവിധാനവുമല്ല.

അത്തരമൊരു പശ്ചാത്തലത്തിൽ, സാങ്കേതികവിദ്യ വേണമോ വേണ്ടയോ എന്നൊരു തർക്കമല്ല ഇന്ന് നമുക്ക് ആവശ്യം. മറിച്ച്, സാങ്കേതികവിദ്യ ഉപയോഗിച്ച് വിഭജനത്തിന്റെയും വിദ്വേഷത്തിന്റെയും ഒരു 'ബാബേൽ ഗോപുരമാണോ', അതോ, സ്നേഹത്തിന്റെയും സഹകരണത്തിന്റെയും 'ജറുസലേം നഗരമാണോ' ഇന്ന് നാം നിർമ്മിച്ചുകൊണ്ടിരിക്കുന്നത് എന്ന ആഴമേറിയ പുനർവിചിന്തനമാണ്.

ലളിതമായൊരു ഉദാഹരണത്തിലൂടെ ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ; ഫേസ്ബുക്കിന്റെ പ്രഖ്യാപിത ലക്ഷ്യം ലോകത്തെ കൂടുതൽ അടുപ്പിക്കുക (Bring the world closer) എന്നതായിരുന്നു. എന്നാൽ, ഇന്നത് വ്യക്തികളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും തമ്മിൽ 'അടുപ്പിക്കുകയാണോ', അതോ 'അടിപ്പിക്കുകയാണോ' ചെയ്യുന്നത്?

പത്തൊമ്പതാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവം അധ്വാനവർഗത്തിന് ഏൽപ്പിച്ച ആഘാതത്തിന്റെ കാലത്ത്, സഭ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനത്തിലൂടെ ലോകത്തിന് ധാർമ്മികമായ ദിശാബോധം നൽകിയതുപോലെ, കൃത്രിമബുദ്ധി മൂലം സമൂഹത്തിനുണ്ടാകാനിടയുള്ള വൻ അപകടങ്ങളെ മുൻകൂട്ടിക്കണ്ട് ടെക് ലോകത്തിന് കൃത്യമായ ധാർമ്മിക മുന്നറിയിപ്പ് നൽകാനാണ് ഈ ചാക്രിക ലേഖനം മുഖാന്തരം ലെയോ പാപ്പ ശ്രമിക്കുന്നത്.

മാർപ്പാപ്പ മുന്നോട്ടുവെക്കുന്ന ഈ മാർഗനിർദേശങ്ങൾ ഗൗരവമായി കണക്കിലെടുക്കാതെ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ, കൃത്രിമബുദ്ധിയുടെ വികസനവുമായി ടെക് ലോകം മുന്നോട്ടുപോയാൽ, മിഷൻ ഇംപോസിബിൾ (Mission Impossible) സിനിമകളിൽ നമ്മൾ കണ്ടതുപോലെ, തന്നെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന മനുഷ്യവർഗത്തെത്തന്നെ നശിപ്പിക്കാൻ തുനിഞ്ഞിറങ്ങുന്ന കൃത്രിമബുദ്ധിയുടെ കഥകൾ, നാളെ ഒരുപക്ഷേ അറംപറ്റിയേക്കാം! ഇതിനെ പ്രതിരോധിക്കാൻ മാർപ്പാപ്പ ഉപയോഗിക്കുന്ന പ്രധാന പദം കൃത്രിമബുദ്ധിയെ 'നിരായുധീകരിക്കുക' (Disarm) എന്നതാണ്. അതായത്, മനുഷ്യമഹത്വത്തിനുമേൽ പൂർണ്ണ മേധാവിത്വം ഉറപ്പിക്കുന്നതിൽനിന്ന് കൃത്രിമബുദ്ധിയെ കടിഞ്ഞാണിട്ട് തടയുക എന്നതുതന്നെയാണ് ഈ കാലഘട്ടത്തിന്റെ ദൗത്യം.


## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം

**(60 വയസ്സിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)**

**കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ**

**2026 ഓഗസ്റ്റ് 3, 4, 5, 6**

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
**ഫോൺ – 8086399023, 9495107045**

യാത്ര
A travel of FAITH

ഫാ. ജോജിൻ ഇലഞ്ഞിക്കൽ

# സ്വർഗം കാട്ടിയ വഴിയേ:

## പരിശുദ്ധ അമ്മയുടെ എഫേസൂസിലെ വീട്ടിലേക്ക്

സെമിനാരിയിൽ പഠിക്കുന്ന കാലത്താണ്, കന്യകാമറിയത്തിന്റെ ഭൗമികജീവിതത്തിന്റെ അവസാന നാളുകളെക്കുറിച്ചും, അവൾ ജീവിച്ചിരുന്ന എഫേസൂസിലെ ആ രഹസ്യ ഭവനത്തെക്കുറിച്ചുമുള്ള വരികൾ ഞാൻ വായിക്കുന്നത്. അന്ന് രാത്രി മനസ്സിൽ ചോദ്യങ്ങൾ ഒന്നിനുപിറകെ ഒന്നായി ഉയർന്നുവന്നു: ശരിക്കും പരിശുദ്ധ അമ്മ അവിടെ ജീവിച്ചിരുന്നോ? ചരിത്രത്തിന്റെ ഏതൊക്കെ ഏടുകളിലാണ് മറിയത്തിന്റെ പാദമുദ്രകൾ പതിഞ്ഞുകിടക്കുന്നത്?

ഉള്ളിൽ വല്ലാത്തൊരു ആത്മീയ ആകാംക്ഷ നിറഞ്ഞ ആ രാത്രിക്കു ശേഷം, തൊട്ടടുത്ത ദിവസം തന്നെ, ഞാൻ ഈ പുസ്തകവിവരം എന്റെയൊരു സഹപാഠിയുമായി പങ്കുവെച്ചു. മിഡിൽ ഈസ്റ്റിൽ നിന്നുവന്ന് ഞങ്ങളോടൊപ്പം പഠിച്ചിരുന്ന ആ സുഹൃത്ത്, അത്ഭുതകരമെന്നോണം ആ പ്രദേശത്തിന്റെ ചരിത്രവഴികൾ എനിക്ക് വിവരിച്ചുതന്നു എന്നു മാത്രമല്ല, അവിടെ ശുശ്രൂഷ ചെയ്യുന്ന തന്റെ സുഹൃത്തുക്കളായ വൈദികരെയും പരിചയപ്പെടുത്തി. ഒരു പുസ്തകത്താളിൽ തുടങ്ങിയ ചിന്തയെ, ഒടുവിൽ തുർക്കിയുടെ മണ്ണിൽ എത്തിച്ച ആ ദൈവിക പരിപാലനയ്ക്കും, അതിനു നിമിത്തമായി മാറിയ മജിദ് അച്ചന്റെ സൗഹൃദത്തിനും മുമ്പിൽ ഞാൻ വിസ്മയത്തോടെയും പ്രാർഥനയോടെയും തലകുനിക്കുന്നു.

ഉള്ളിൽ വീണ ആ ആത്മീയ കൗതുകത്തിന്റെ തീപ്പൊരി എന്നെ രണ്ടുതവണയാണ് തുർക്കിയുടെ മണ്ണിലേക്ക് നയിച്ചത്. ആദ്യത്തെ യാത്ര എന്റെ ചില വൈദിക സുഹൃത്തുക്കൾക്കൊപ്പമായിരുന്നെങ്കിൽ, രണ്ടാമത്തെ യാത്ര മാർ ജോസഫ് പെരുന്തോട്ടം പിതാവിനും മാർ തോമസ് പാടിയത്ത് പിതാവിനുമൊപ്പമായിരുന്നു. ആ യാത്രാനുഭവങ്ങളാണ് ഈ കുറിപ്പിലൂടെ പങ്കുവെക്കുന്നത്.





> മൂന്ന് വർഷത്തിനടുത്ത് ഈ തെരുവുകളിൽ താമസിച്ച്, പകലന്തിയോളം അധ്വാനിച്ചും കണ്ണീരൊഴുക്കിയും വിശ്വാസികളെ പരിപാലിച്ച പൗലോസ് ശ്ലീഹാ, പിന്നീട് റോമിലെ തടവറയിൽ ചങ്ങലകളിൽ കിടന്നുകൊണ്ട് ഈ മണ്ണിലെ പ്രിയപ്പെട്ട മക്കൾക്കായി എഴുതിയതാണ് പുതിയ നിയമത്തിലെ ആത്മീയ സൗന്ദര്യമേറിയ 'എഫേസൂസുകാർക്കുള്ള ലേഖനം'.

### ചരിത്രമുറങ്ങുന്ന എഫേസൂസിലേക്ക്

2025 ഡിസംബർ 8-ാം തീയതി വൈകുന്നേരത്തോടെയാണ് ചരിത്രപ്രസിദ്ധമായ എഫേസൂസിൽ (ഇന്നത്തെ സെൽചുകിൽ) ഞങ്ങൾ എത്തുന്നത്. ശീതകാലത്തിന്റെ കുളിരും പൗരാണിക നഗരത്തിന്റെ വശ്യതയും ആ പ്രദേശത്തെ പൂർണ്ണമായി മൂടിനിന്നിരുന്നു. അന്നുരാത്രി ഹോട്ടൽ മുറിയുടെ ജനലിലൂടെ പുറത്തേക്കു നോക്കുമ്പോൾ വല്ലാത്തൊരു പരവശതയായിരുന്നു ഉള്ളിൽ. പൗലോസ് ശ്ലീഹാ തന്റെ പ്രേഷിതപ്രവർത്തനങ്ങളിലൂടെ കണ്ണീരും ചോരയും ഒഴുക്കി വിശ്വാസവിത്തുകൾ പാകിയ മണ്ണ്! യോഹന്നാൻ ശ്ലീഹാ പരിശുദ്ധ അമ്മയെ സ്വന്തം അമ്മയെപ്പോലെ ചേർത്തുപിടിച്ച് നടന്നുനീങ്ങിയ ഇടവഴികൾ!

പുറത്ത് കനത്തുനിൽക്കുന്ന ആ ശീതകാല നിശ്ശബ്ദതയിലേക്ക് നോക്കിയിരിക്കുമ്പോൾ, ഹോട്ടൽ മുറിയുടെ ജാലകത്തിനപ്പുറം ഇരുളിൽ മറഞ്ഞുനിൽക്കുന്ന ഈ നഗരത്തിന്റെ വിസ്മയിപ്പിക്കുന്ന ചരിത്രസ്മരണകൾ ഒന്നിനുപുറകെ ഒന്നായി എന്റെ ഹൃദയത്തിലേക്ക് ഇരച്ചുകയറിക്കൊണ്ടിരുന്നു. ലോകഭൂപടത്തിൽ റോമൻ സാമ്രാജ്യത്തിന്റെ ഏഷ്യൻ പ്രവിശ്യയിലെ ഏറ്റവും വലിയ വാണിജ്യ-സാംസ്കാരിക കേന്ദ്രമായിരുന്നു ഒരിക്കൽ ഈ എഫേസൂസ്. പൗരാണിക ലോകത്തിലെ ഏഴ് അദ്ഭുതങ്ങളിൽ ഒന്നായ അർത്തെമിസ് ദേവാലയവും (Temple of Artemis), ചരിത്രത്തിന്റെ ജ്ഞാനശേഖരമായിരുന്ന സെൽസൂസ് ലൈബ്രറിയും (Library of Celsus) തലയുയർത്തി നിന്നിരുന്ന, വിഗ്രഹാരാധനയുടെയും തത്വശാസ്ത്രത്തിന്റെയും വലിയൊരു കോട്ട!

ഭൗതിക പ്രൗഢിയുടെ ആ കോട്ടയിലേക്കാണ്, അപ്പോസ്തലനായ പൗലോസ് ശ്ലീഹാ തന്റെ ജീവൻപോലും പണയം വെച്ചുകൊണ്ട് ക്രിസ്തുവിശ്വാസത്തിന്റെ ജ്വാലയുമായി കടന്നുവന്നത്. ഇവിടെയുള്ള ഇരുപത്തയ്യായിരത്തോളംപേരെ ഉൾക്കൊള്ളാൻ കഴിയുന്ന ആ കൂറ്റൻ തിയേറ്ററിൽ (Grand Theatre) വെച്ചല്ലേ പൗലോസിന്റെ പ്രസംഗങ്ങളിലും ക്രിസ്തുമാർഗത്തിന്റെ





> ഈ ചുവരുകൾക്കുള്ളിൽ വെച്ചായിരിക്കണമല്ലോ തന്റെ ഭൗമികജീവിതത്തിന്റെ അവസാന നാളുകളിൽ അമ്മ, പ്രിയശിഷ്യനായ യോഹന്നാന് എത്രയോ തവണ സ്നേഹത്തോടെ ഭക്ഷണം പാകം ചെയ്തു നൽകിയിട്ടുണ്ടാകുക!



വളർച്ചയിലും പ്രകോപിതരായ ജനക്കൂട്ടം "എഫേസൂസുകാരുടെ അർത്തെമിസ് ദേവി വലിയവളാകുന്നു" എന്ന് മണിക്കൂറുകളോളം അലറിവിളിച്ചുകൊണ്ട് അദ്ദേഹത്തിനു നേരെ വലിയൊരു കലാപം അഴിച്ചുവിട്ടത്! അന്ന് ആ തിയേറ്ററിന്റെ കല്ലുകളിൽ വീണലിഞ്ഞ കണ്ണീരും പ്രാർഥനയുമാണ്, പിൽക്കാലത്ത് ഈ മണ്ണിൽ സഭയുടെ സുദൃഢമായ അടിത്തറയായി മാറിയത്.

മൂന്ന് വർഷത്തിനടുത്ത് ഈ തെരുവുകളിൽ താമസിച്ച്, പകലന്തിയോളം അധ്വാനിച്ചും കണ്ണീരൊഴുക്കിയും വിശ്വാസികളെ പരിപാലിച്ച പൗലോസ് ശ്ലീഹാ, പിന്നീട് റോമിലെ തടവറയിൽ ചങ്ങലകളിൽ കിടന്നുകൊണ്ട് ഈ മണ്ണിലെ പ്രിയപ്പെട്ട മക്കൾക്കായി എഴുതിയതാണ് പുതിയ നിയമത്തിലെ ആത്മീയ സൗന്ദര്യമേറിയ 'എഫേസൂസുകാർക്കുള്ള ലേഖനം'. അതുമാത്രമോ, ക്രിസ്തുവർഷം 431-ൽ മൂന്നാം സാർവത്രിക സൂനഹദോസിന് (Council of Ephesus) സാക്ഷ്യം വഹിച്ച നഗരമാണിത്. പരിശുദ്ധ കന്യാകാമറിയത്തിന്റെ നാമത്തിലുള്ള ലോകത്തിലെ ആദ്യത്തെ ബസിലിക്ക ദേവാലയത്തിൽ (Church of Mary) വെച്ചായിരുന്നു ആ ചരിത്ര കൗൺസിൽ നടന്നത്. ഒപ്പം, തന്റെ സുവിശേഷത്തിന്റെ അവസാന അധ്യായങ്ങൾക്ക് രൂപം നൽകിക്കൊണ്ട് യോഹന്നാൻ ശ്ലീഹാ ജീവിച്ചതും അന്ത്യവിശ്രമം കൊള്ളുന്നതും ഇതേ മണ്ണിൽത്തന്നെയാണ്. നാളെ രാവിലെ മുതൽ ആ വിശുദ്ധ ചരിത്രം ഉറങ്ങുന്ന മണ്ണിൽ വീണ്ടും കാലുകുത്താൻ പോവുകയാണ് എന്ന ചിന്തയോടെയാണ് അന്ന് കണ്ണടച്ചത്.

## നൈറ്റിംഗേൽ മലയിലെ വെള്ളിമഞ്ഞ്

പിറ്റേന്ന് ഡിസംബർ 9. അത്രമേൽ ആർദ്രമായ ഒരു ദൈവാനുഭവത്തിലേക്ക് വഴിമാറിയ ദിവസം. എഫേസൂസിന്റെ നെറുകയിൽ, ആകാശത്തോട് കഥപറയുന്ന 'ബുൾബുൾ ഡാഗ്' (Bülbül Dağı) അഥവാ നൈറ്റിംഗേൽ പർവതത്തിന്റെ ഹരിതശാന്തതയിലാണ് പരിശുദ്ധ അമ്മയുടെ ആ വിനീത ഭവനം നൂറ്റാണ്ടുകളായി ഒളിച്ചിരിക്കുന്നത്. തണുത്തുറഞ്ഞ ശീതകാലത്തിന്റെ വെള്ളിമഞ്ഞുകണങ്ങൾ ചുംബിച്ചുറങ്ങുന്ന ഒലിവു മരങ്ങൾക്കും കാട്ടുപൈൻ കാടുകൾക്കും നടുവിലൂടെയുള്ള ഹെയർപിൻ വളവുകൾ ഓരോന്നായി താണ്ടി, ഞങ്ങൾ ആ മലമുകളിലേക്ക് യാത്ര തിരിക്കുമ്പോൾ സമയം പുലർച്ചെ ഏഴു മണിയാകുന്നതേ ഉണ്ടായിരുന്നുള്ളൂ. ആ ശാന്തതയിൽ, ഇലച്ചാർത്തുകൾക്കിടയിലൂടെ അരിച്ചെത്തിയ പുകമഞ്ഞ് ആ പുണ്യഭൂമിയെ, ഒരു മാലാഖയുടെ വെള്ളിവസ്ത്രംപോലെ, അത്രമേൽ മനോഹരമായി പൊതിഞ്ഞുനിന്നിരുന്നു.

വാക്കുകൾക്ക് അതീതമായ അവാച്യമായ ഒരു ആത്മീയ ശാന്തത ആ മലനിരകളിൽ എപ്പോഴും തങ്ങിനിൽപ്പുണ്ട്. പ്രാർഥനാപൂർവമായ നിശ്ശബ്ദതയോടെ, അമ്മയുടെ സാന്നിധ്യത്തെ പ്രകൃതിപോലും ധ്യാനിച്ചിരിക്കുന്നതുപോലെ തോന്നി. ലൗകികമായ ചിന്തകളെല്ലാം പടിക്കുപുറത്തുനിർത്തി, ആത്മാവ് ദൈവത്തിലേക്കു മാത്രം കണ്ണുതുറക്കുന്ന ഒരു പുണ്യഭൂമിയാണ് മാതാവിന്റെ വീട്.

## 'മരിയാമന'ക്കുള്ളിലെ ബലിയർപ്പണം

കൃത്യം രാവിലെ ഏഴു മണിക്ക്, 'മരിയാമന' (Meryem Ana Evi – തുർക്കി ഭാഷയിൽ മറിയത്തിന്റെ വീട്) എന്ന ആ ധന്യമായ ഭവനത്തിനുള്ളിൽ ഞങ്ങൾ വിശുദ്ധ

കുർബാന അർപ്പിച്ചു. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ, മാർ തോമസ് പാടിയത്ത് പിതാവിനൊപ്പം ആ കല്ലുപാകിയ കൊച്ചു മുറിയുടെ അൾത്താരയിൽ ഈശോയുടെ തിരുശരീരരക്തങ്ങൾ കൂദാശ ചെയ്തത്, വാക്കുകൾക്ക് അതീതമായ വലിയൊരു ആത്മീയ അനുഭവമായിരുന്നു. ഈ ചുവരുകൾക്കുള്ളിൽ വെച്ചായിരിക്കണമല്ലോ തന്റെ ഭൗമികജീവിതത്തിന്റെ അവസാന നാളുകളിൽ അമ്മ, പ്രിയശിഷ്യനായ യോഹന്നാന് എത്രയോ തവണ സ്നേഹത്തോടെ ഭക്ഷണം പാകം ചെയ്തു നൽകിയിട്ടുണ്ടാകുക! ഇന്ന് അതേ മുറിയിൽ, അപ്പസ്തോലനായ യോഹന്നാന്റെ പിൻഗാമികളായ പിതാക്കന്മാരോടൊപ്പം ചേർന്നുനിന്ന്, അമ്മയുടെ ആത്മീയ സാന്നിധ്യത്തിൽ, സ്വർഗീയ ഭോജനമായ വിശുദ്ധ കുർബാന അർപ്പിക്കാൻ സാധിച്ചിരിക്കുന്നു എന്ന ചിന്ത ഉള്ളലിയിക്കുന്നതായിരുന്നു.

വിശുദ്ധ കുർബാനയ്ക്കുശേഷം, രാവിലെ എട്ടര വരെ ആ തിരുശേഷിപ്പ് ഭവനത്തിനുള്ളിൽ ഏകാന്തമായി പ്രാർഥിക്കാനുള്ള അപൂർവമായൊരു സൗഭാഗ്യം ഞങ്ങൾക്കു മാത്രമായി ലഭിച്ചു. പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കുന്നതിന് മുമ്പുള്ള ആ ഒന്നര മണിക്കൂർ സമയം, മെഴുകുതിരികളുടെ മങ്ങിയ വെളിച്ചത്തിൽ, അമ്മയുടെ പ്രാർഥനാനിശ്വാസങ്ങൾ പതിഞ്ഞ ആ പുരാതനമായ കല്ലുചുവരുകളിൽ കൈകൾകൊണ്ട് തൊട്ടറിഞ്ഞ് ഞങ്ങൾ പ്രാർഥിച്ചു.

## സ്വർഗം കാട്ടിയ വഴി

ആ കല്ലുപാകിയ കൊച്ചുമുറിയുടെ നിശ്ശബ്ദതയിൽ, മെഴുകുതിരിവെളിച്ചം തീർത്ത നിഴലുകളിലേക്ക് നോക്കിയിരിക്കുമ്പോൾ, വിസ്മയകരമായ ആ ചരിത്രം എന്റെ മനസ്സിലൂടെ, ഒരു ചലച്ചിത്രം പോലെ കടന്നുപോയി. മനുഷ്യബുദ്ധിയെ അദ്ഭുതപ്പെടുത്തുംവിധം, സ്വർഗം ഭൂമിക്കു കാണിച്ചു കൊടുത്ത വലിയൊരു വഴിയുടെ ചരിത്രമാണത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജർമ്മനിയിലെ ഒരു കൊച്ചുമുറിയിൽ, രോഗശയ്യയിൽ കിടന്നുകൊണ്ട് പ്രാർഥിച്ചിരുന്ന വാഴ്ത്തപ്പെട്ട അന്ന കാതറിൻ എമ്മറിച്ച് (Blessed Anna Katharina Emmerich) എന്ന അഗസ്റ്റീനിയൻ മിസ്റ്റിക് സന്യാസിനിയിൽ നിന്നാണ് ആ ചരിത്രത്തിന്റെ തുടക്കം. ജീവിതത്തിൽ ഒരിക്കൽപ്പോലും ജർമ്മനിയുടെ അതിർത്തി കടക്കുകയോ തുർക്കിയുടെ മണ്ണിൽ കാലുകുത്തുകയോ ചെയ്യാത്ത ആ വിശുദ്ധാത്മാവിന്, പരിശുദ്ധ അമ്മയുടെ എഫേസൂസിലെ ഒടുവിലത്തെ നാളുകളെക്കുറിച്ചും, അവൾ താമസിച്ചിരുന്ന മലമുകളിലെ വീടിനെക്കുറിച്ചും അതിശയകരമായ ദർശനങ്ങൾ ലഭിക്കുകയുണ്ടായി. മലയുടെ വരമ്പുകളും അവിടെയുള്ള അരുവിയും വീടിന്റെ കല്ലുകളുടെ ഘടനയുംവരെ തന്റെ ആത്മീയ ദർശനങ്ങളിൽ അവൾ കൃത്യമായി കണ്ടു.

അന്ന കാതറിൻ എമ്മറിച്ച് എന്ന അഗസ്റ്റീനിയൻ മിസ്റ്റിക് സന്യാസിനിയിൽ നിന്നാണ് ആ ചരിത്രത്തിന്റെ തുടക്കം. ജീവിതത്തിൽ ഒരിക്കൽപോലും ജർമ്മനിയുടെ അതിർത്തി കടക്കുകയോ തുർക്കിയുടെ മണ്ണിൽ കാലുകുത്തുകയോ ചെയ്യാത്ത ആ വിശുദ്ധാത്മാവിന്, പരിശുദ്ധ അമ്മയുടെ എഫേസൂസിലെ ഒടുവിലത്തെ നാളുകളെക്കുറിച്ചും അവൾ താമസിച്ചിരുന്ന മലമുകളിലെ വീടിനെക്കുറിച്ചും അതിശയകരമായ ദർശനങ്ങൾ ലഭിക്കുകയുണ്ടായി.




യാത്ര
A travel of FAITH

വർഷങ്ങൾക്കുശേഷം, 1891-ൽ ഫ്രഞ്ച് വൈദികനായ ഫാ. ജൂലിയൻ ഗൂയറ്റ് (Fr. Julien Gouyet) ഈ ദർശനങ്ങൾ അച്ചടിച്ച പുസ്തകം ഒരു വഴികാട്ടിയാക്കി എഫേസൂസിലെ കാനനഭൂമിയിലേക്ക് യാത്ര തിരിച്ചു. പച്ചപ്പുനിറഞ്ഞ ആ പർവതമുകളിൽ, ഒലിവു മരങ്ങൾക്കും കാട്ടുചെടികൾക്കും ഇടയിൽ, നൂറ്റാണ്ടുകളായി മനുഷ്യനേത്രങ്ങൾക്ക് ഗോചരമാകാതെ മറഞ്ഞുകിടന്ന ആ പുരാതന കല്ലുഭവനം അദ്ദേഹം കണ്ടെത്തിയപ്പോൾ, അത് ചരിത്രത്തോടൊപ്പം വിശ്വാസത്തിന്റെയും വലിയൊരു സാക്ഷ്യമായി മാറി.

തുടർന്ന് ലസാറിസ്റ്റ് മിഷനറിമാരും പുരാവസ്തു ഗവേഷകരും അവിടെ നടത്തിയ ശാസ്ത്രീയമായ പഠനങ്ങൾ ലോകത്തെ വീണ്ടും അതിശയിപ്പിച്ചു. ആ കെട്ടിടത്തിന്റെ അടിത്തറ കൃത്യമായും ഒന്നാം നൂറ്റാണ്ടിലെ – അതായത് അമ്മ ജീവിച്ചിരുന്ന കാലഘട്ടത്തിലെ – റോമൻ നിർമ്മിതിയായിരുന്നു! പിൽക്കാലത്ത്, നാലാം നൂറ്റാണ്ടിൽ





ഞങ്ങൾ ആ പരിശുദ്ധ ഭവനത്തിൽ നിന്നും പുറത്തിറങ്ങി, താഴെയുള്ള പ്രാർഥനാ മതിൽ സന്ദർശിച്ചു. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തിയ ആയിരക്കണക്കിന് മനുഷ്യർ തങ്ങളുടെ കണ്ണീരും അപേക്ഷകളും എഴുതിച്ചേർത്ത വെളുത്ത കടലാസുകൾ ആ മതിലിൽ നിറഞ്ഞുനിൽക്കുന്നു. അമ്മയുടെ ചാരത്ത് അഭയം തേടിയെത്തുന്ന മക്കളുടെ ഹൃദയാഭിലാഷങ്ങൾ.

ക്രൈസ്തവ വിശ്വാസത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, ആദിമ സഭ ഈ പുണ്യഗേഹത്തെ നിലനിർത്തിക്കൊണ്ട്, അതിനു മുകളിൽ ഒരു കൊച്ചു ദേവാലയം പണിതുയർത്തുകയായിരുന്നു എന്നും തെളിഞ്ഞു. നൂറ്റാണ്ടുകളുടെ വിസ്മൃതിക്കു ശേഷം, ഒരു സന്യാസിനിയുടെ ആത്മീയ ദർശനത്തിലൂടെ സ്വർഗം വീണ്ടെടുത്തു നൽകിയ അമ്മയുടെ ഈ സ്വപ്നക്കൂടിൽ ഇരിക്കാൻ കഴിഞ്ഞത് വല്ലാത്തൊരു പുണ്യമായി ഞാൻ കരുതുന്നു.

യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്ന ആ വരികൾ അപ്പോൾ എന്റെ ഉള്ളിൽ കൃത്യമായി മുഴങ്ങുന്നുണ്ടായിരുന്നു: “അതുമുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു” (യോഹ 19:27). എ.ഡി. 37-നും 48-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ജറുസലെമിൽ ക്രൈസ്തവർക്കുനേരെ കഠിനമായ പീഡനങ്ങൾ ഉണ്ടായപ്പോൾ (യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം ഇതിന് ഉദാഹരണമാണ്), യോഹന്നാൻ അമ്മയുടെ സുരക്ഷയെക്കരുതി, അമ്മയെയുംകൂട്ടി എഫേസൂസിലേക്ക് പലായനം ചെയ്യുകയായിരുന്നു. നഗരത്തിലെ കോലാഹലങ്ങളിൽനിന്നു വിട്ട്, പ്രാർഥനാപൂർവമായ അന്തരീക്ഷത്തിനായി അവർ തിരഞ്ഞെടുത്തത് ഈ മലമുകളിലെ ഏകാന്തതയായിരുന്നു. ഇവിടെയുള്ള അരുവിയിൽ നിന്നുള്ള ശുദ്ധജലവും ഒലിവു തോട്ടങ്ങളും അമ്മയ്ക്ക് ശാന്തമായ ഭൗമികജീവിതം പ്രധാനം ചെയ്തിട്ടുണ്ടാവണം. എ.ഡി. 431-ൽ നടന്ന എഫേസൂസ് കൗൺസിൽ (Council of Ephesus) മറിയത്തെ ‘ദൈവമാതാവ്’ (Theotokos) എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചതും ഈ നഗരത്തിൽ വെച്ചാണ്. അമ്മ ഇവിടെ ജീവിച്ചിരുന്നു എന്ന നൂറ്റാണ്ടുകളായുള്ള ക്രൈസ്തവവിശ്വാസമാണ് ഇതിലൂടെ കൂടുതൽ ദൃഢമാക്കപ്പെട്ടത്.




## പ്രാർഥനാ മതിലും അതിജീവനത്തിന്റെ കാവലാളുകളും

രാവിലെ എട്ടരയായപ്പോഴേക്കും വിവിധ രാജ്യങ്ങളിൽ നിന്നുള്ള തീർഥാടകർ ഓരോരുത്തരായി എത്തിത്തുടങ്ങിയിരുന്നു. ഞങ്ങൾ ആ പരിശുദ്ധ ഭവനത്തിൽനിന്ന് പുറത്തിറങ്ങി, താഴെയുള്ള പ്രാർഥനാ മതിൽ (Wishing Wall) സന്ദർശിച്ചു. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തിയ ആയിരക്കണക്കിന് മനുഷ്യർ, തങ്ങളുടെ കണ്ണീരും അപേക്ഷകളും എഴുതിച്ചേർത്ത വെളുത്ത കടലാസുകഷണങ്ങൾ ആ മതിലിൽ നിറഞ്ഞുനിൽക്കുന്നു. അമ്മയുടെ ചാരത്ത് അഭയം തേടിയെത്തുന്ന മക്കളുടെ ഹൃദയാഭിലാഷങ്ങൾ!

ആ ആത്മീയ നിശ്ശബ്ദതയിൽ ഞങ്ങളെ ഏറെ ചിന്തിപ്പിച്ചതും ഹൃദയത്തെ സ്പർശിച്ചതും അവിടെ ശുശ്രൂഷ ചെയ്യുന്ന കത്തോലിക്കാ വൈദികരുമായി നടത്തിയ ഹൃദയം തുറന്ന സംഭാഷണങ്ങളായിരുന്നു. തുർക്കി എന്ന ഇസ്ലാമിക രാജ്യത്തിന്റെ ഹൃദയത്തിൽ, ക്രൈസ്തവ ചരിത്ര





ത്തിന്റെ ഇത്രയും വലിയൊരു തിരുശേഷിപ്പ് കാത്തുസൂക്ഷിക്കുന്ന ആ സമർപ്പിതരുടെ വാക്കുകളിൽ ആത്മീയമായ ദൃഢതയും, ഒപ്പം വല്ലാത്തൊരു ഏകാന്തതയും നിഴലിച്ചിരുന്നു.

“ഇവിടെ ഇന്ന് അവശേഷിക്കുന്ന ക്രൈസ്തവ സാന്നിധ്യം വെറുമൊരു തിരുശേഷിപ്പു മാത്രമാണ്,” വളരെ ശാന്തമായി അവർ ഞങ്ങളോടു പറഞ്ഞു. നൂറ്റാണ്ടുകൾക്കു മുമ്പ്, ലക്ഷക്കണക്കിന് വിശ്വാസികളാൽ സമ്പന്നമായിരുന്ന, പൗലോസ് ശ്ലീഹായും യോഹന്നാൻ ശ്ലീഹായും ചോരയും വിയർപ്പുമൊഴുക്കി വളർത്തിയ എഫേസൂസിന്റെ മണ്ണിൽ, ഇന്ന് പ്രാദേശികമായ ക്രൈസ്തവ ജനസംഖ്യ വിരലിലെണ്ണക്കാവുന്നത്ര ചുരുക്കമാണ്.

തീർഥാടകരും സഞ്ചാരികളും ഒഴിഞ്ഞുപോകുന്ന പകൽവെളിച്ചത്തിന്റെ അതിരുകൾക്കപ്പുറം, കടുത്ത രാഷ്ട്രീയ-സാമൂഹിക സമ്മർദങ്ങളുടെ നിഴൽപ്പാടുകളിലാണ് അവിടുത്തെ ചെറിയൊരു കൂട്ടം വരുന്ന വിശ്വാസികൾ ജീവിക്കുന്നത്. കാറ്റിൽ ഉലയുന്ന മെഴുകുതിരിനാളംപോലെ, ആ വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്ന ആ വൈദികരുടെ മുഖത്ത് പക്ഷേ, വല്ലാത്തൊരു സ്വർഗീയ പ്രശാന്തതയുണ്ടായിരുന്നു. പ്രത്യാശയുടെ ആ നനുത്ത പുഞ്ചിരിയോടെ അവർ ഞങ്ങളോടു പറഞ്ഞു: “ഈ മണ്ണിൽ ക്രിസ്തുവിന്റെ പ്രകാശം കെട്ടുപോയിട്ടില്ല, അത് കെടുത്താൻ ആർക്കും സാധിക്കുകയുമില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഹൃദയം നൊന്ത് അമ്മയെ തേടിയെത്തുന്ന നിങ്ങളെപ്പോലുള്ള തീർഥാടകരുടെ പ്രാർഥനകളിലൂടെയും, ഈ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ബലികളിലൂടെയും, ഈ വീട് ഇന്നും ജീവസ്സുറ്റ ഒരു ഉറവയായി നിലനിൽക്കുന്നു.” ചോരയും കണ്ണീരും വീണ ആ മണ്ണിൽ, ആ കൊച്ചു കൂട്ടായ്മയുടെ അതിജീവനത്തിനായി പ്രാർഥനയോടെ ഞങ്ങൾ കൈകൾ കൂപ്പി.

### മലയിറങ്ങുമ്പോൾ...

ആ കൊച്ചു വീടിന്റെ മങ്ങിയ വെളിച്ചത്തിൽ, പ്രതികൂലങ്ങളുടെ ഇരുളിനെ പ്രത്യാശയുടെ പ്രകാശംകൊണ്ട് ജയിക്കുന്ന, ആ സമർപ്പിതരെ നോക്കിനിന്നപ്പോൾ, രണ്ടായിരം വർഷങ്ങൾക്കു മുമ്പ്, ഇരുളറകളിലും ചങ്ങലപ്പൂട്ടുകളിലും കിടന്ന് വിശ്വാസം കാത്ത ആദിമസഭയുടെ അതേ ജ്വലിക്കുന്ന ചൈതന്യമാണ് എന്റെ കണ്ണുകൾക്കു മുന്നിൽ പുനർജനിച്ചത്. സാമ്രാജ്യത്വത്തിന്റെ അധികാരഗർവുകൾക്കു മുന്നിൽ തലകുനിക്കാതെ, ചോരയും കണ്ണീരുംകൊണ്ട് ക്രിസ്തുഗാഥ എഴുതിയ ആദിമ രക്തസാക്ഷികളുടെ അതേ ആത്മവീര്യം, നൂറ്റാണ്ടുകൾക്കിപ്പുറവും ഈ മലമുകളിൽ ഒട്ടും ചോർന്നുപോകാതെ കാത്തുസൂക്ഷിക്കുന്ന അവരെ നോക്കി ഞങ്ങൾ പ്രാർഥനാപൂർവം ശിരസ്സു നമിച്ചു.

‘മരിയാമന’യിലെ ആത്മീയാനുഭൂതിയിൽനിന്ന് പതുക്കെ മലയിറങ്ങുമ്പോൾ ഞങ്ങൾ പ്രവേശിച്ചത്, ചരിത്രത്തിന്റെ മറ്റൊരു മഹാസമുദ്രത്തിലേക്കായിരുന്നു – പൗരാണികതയുടെ വിസ്മയമായ എഫേസൂസ് നഗരത്തിന്റെ അവശിഷ്ടങ്ങളിലേക്ക്! മലമുകളിലെ ആത്മീയ ശാന്തതയിൽനിന്ന് താഴെ കാത്തുനിൽക്കുന്ന ചരിത്രത്തിന്റെ വന്യമായ ഗാംഭീര്യത്തിലേക്ക് ചുവടുവെക്കാനുള്ള ഒരു ആന്തരിക ഒരുക്കം. ഒരുകാലത്ത് റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യയിലെ ഏറ്റവും വലിയ നഗരവും, വിഗ്രഹാരാധനയുടെയും തത്വശാസ്ത്രത്തിന്റെയും ആസ്ഥാനവുമായിരുന്ന ആ നഗരവീഥികളിലേക്ക് ഞങ്ങൾ യാത്ര തിരിക്കുകയാണ്. പൗലോസ് ശ്ലീഹാ തന്റെ പ്രേഷിത തീക്ഷ്ണതയുമായി നടന്നുതീർത്ത ആ തെരുവുകളും, ഇരുപത്തയ്യായിരത്തോളം പേരിരുന്ന ആ കൂറ്റൻ തിയേറ്ററും, സെൽസൂസ് ലൈബ്രറിയുടെ തലയുയർത്തി നിൽക്കുന്ന തൂണുകളും നേരിൽ കാണാൻ പോകുന്നതിന്റെ വലിയൊരു ആവേശം അപ്പോൾ ഉള്ളിലുണ്ടായിരുന്നു.

ഒരു വശത്ത് ദൈവകൃപയുടെ അടയാളമായി ഇന്നും ജീവിക്കുന്ന അമ്മയുടെ വിനീതമായ കൊച്ചുവീട്; മറുഭാഗത്ത് മനുഷ്യവൈഭവങ്ങളുടെ നശ്വരത വിളിച്ചോതിക്കൊണ്ട് സാമ്രാജ്യത്വത്തിന്റെ അഹങ്കാരമായിരുന്ന വലിയൊരു നഗരത്തിന്റെ അവശിഷ്ടങ്ങൾ! ലൗകിക പ്രൗഢിയുടെ നശ്വരതയെയും ദൈവകൃപയുടെ അനശ്വരതയെയും ഒരുപോലെ തൊട്ടറിയാൻ പോകുന്ന ആ യാത്രയുടെ അടുത്ത അധ്യായത്തിലേക്ക് പ്രിയ വായനക്കാർക്ക് ഹൃദ്യമായ സ്വാഗതം.

○




# TUITION! CAUTION!

## പഠനക്കൂട്ടിലെ പറക്കാത്ത പക്ഷികൾ



ഒരു അധ്യാപിക

രാവിലെ കണ്ണുതിരുമ്മി എഴുന്നേൽക്കുന്നതു മുതൽ രാത്രി വൈകുംവരെ, പുസ്തകങ്ങളുടെ ഭാരവും പേറി നെട്ടോട്ടമോടുന്ന ഇന്നത്തെ കുട്ടികളെ കാണുമ്പോൾ, ഒരു അധ്യാപിക എന്ന നിലയിൽ പലപ്പോഴും സങ്കടം തോന്നാറുണ്ട്. പഠനനിലവാരം ഉയർത്തുക എന്നതിലുപരി, കുട്ടികളുടെ ബാല്യവും കൗമാരവും കാർന്നുതിന്നുന്ന ഒരു സമാന്തര വിദ്യാഭ്യാസ സമ്പ്രദായമായി ഇന്ന് ട്യൂഷൻ സെന്ററുകൾ മാറിക്കഴിഞ്ഞു. കേവലമൊരു അക്കാദമിക വിഷയം എന്നതിനപ്പുറം, കുടുംബബന്ധങ്ങളെയും കുട്ടികളുടെ മാനസിക വളർച്ചയെയും ഈ 'ട്യൂഷൻ സംസ്കാരം' എങ്ങനെയാണ് പ്രതികൂലമായി ബാധിക്കുന്നത് എന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

### മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം

മക്കളെ ട്യൂഷനു വിടുന്നത് അവരുടെ പഠനമികവിനാണെന്നാണ് പല മാതാപിതാക്കളുടെയും വിശ്വാസം. എന്നാൽ ആഴത്തിൽ ചിന്തിച്ചാൽ, ഇത് മാതാപിതാക്കൾ കണ്ടെത്തുന്ന ഒരു എളുപ്പവഴിയല്ലേ?

തിരക്കുകൾക്കിടയിൽ മക്കൾക്കൊപ്പം ഇരുന്ന് അവരുടെ പഠനകാര്യങ്ങൾ ശ്രദ്ധിക്കാനോ, അവരുടെ സംശയങ്ങൾക്ക് മറുപടി നൽകാനോ പലർക്കും സമയമില്ല. ആ ഉത്തരവാദിത്തം പണം നൽകി മറ്റൊരു വ്യക്തിയെ ഏൽപ്പിക്കുകയാണ് പലരും ചെയ്യുന്നത്. എൽ.പി ക്ലാസുകൾ മുതൽ തുടങ്ങുന്ന ഈ ശീലം കുട്ടികളിൽ ഉണ്ടാക്കുന്ന വലിയൊരു പ്രശ്നമുണ്ട് – സ്വയം പഠിക്കാനുള്ള ശേഷി അവർക്ക് പൂർണ്ണമായും നഷ്ടപ്പെടുന്നു. പാഠഭാഗങ്ങൾ സ്വയം വായിച്ചു മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ള അവസരങ്ങൾ നിഷേധിക്കപ്പെട്ട്, എല്ലാം മറ്റൊരാൾ പറഞ്ഞു തന്ന് പഠിക്കുന്ന 'സ്പൂൺ ഫീഡിങ്' ശൈലിയിലേക്ക് അവർ ചുരുങ്ങുന്നു. ശരാശരി നിലവാരമുള്ള ഒരു കുട്ടിക്ക്, അല്പമൊന്ന് ശ്രദ്ധിച്ചാൽ, സ്വന്തമായി പഠിച്ചെടുക്കാവുന്നതേയുള്ളൂ ഇന്നത്തെ പാഠ്യപദ്ധതികൾ.

### ഇരട്ടത്താപ്പിന്റെ മനഃശാസ്ത്രം

ട്യൂഷൻ സെന്ററുകളോടും സ്കൂളുകളോടുമുള്ള സമൂഹത്തിന്റെ മനോഭാവത്തിലെ ഇരട്ടത്താപ്പ് അദ്ഭുതപ്പെടുത്തുന്നതാണ്.

- ***വിജയത്തിന്റെ അവകാശികൾ:*** ഒരു കുട്ടി പരീക്ഷയിൽ മികച്ച വിജയം നേടിയാൽ, അത് ട്യൂഷൻ സെന്ററിന്റെ മാത്രം മികവായി വാഴ്ത്തപ്പെടുന്നു. എന്നാൽ അതേ കുട്ടി പരാജയപ്പെട്ടാൽ, ഉത്തരവാദിത്തം മുഴുവൻ സ്കൂളിലെ അധ്യാപകർക്കായിരിക്കും.
- ***ശിക്ഷകളോടുള്ള സമീപനം:*** സ്കൂളിൽ ഒരു അധ്യാപകൻ കുട്ടിയെ ശാസിച്ചാൽ അത് വലിയ വാർത്തയാവുകയും മാതാപിതാക്കൾ പരാതിയുമായി എത്തുകയും ചെയ്യും. എന്നാൽ ട്യൂഷൻ സെന്ററുകളിൽ മാർക്കിന്റെ പേരിൽ കുട്ടികൾക്ക് ഏൽക്കേണ്ടി വരുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങളെ "അത് അവർ

പഠിക്കാൻ വേണ്ടിയല്ലേ" എന്ന് പറഞ്ഞ് ന്യായീകരിക്കുന്ന വിചിത്രമായ കാഴ്ചയാണ് ഇന്നുള്ളത്.

- ***സാമ്പത്തിക വിവേചനം:*** എയ്ഡഡ് സ്കൂളുകളിലെ നാമമാത്രമായ ഫീസുകളോ, കുട്ടികളുടെ ഉന്നമനത്തിനായുള്ള ഫണ്ടുകളോ നൽകാൻ മടികാണിക്കുന്നവർത്തന്നെ, യാതൊരു ചോദ്യവുമില്ലാതെ എത്ര തുക വേണമെങ്കിലും ട്യൂഷൻ ഫീസായി നൽകാൻ തയ്യാറാകുന്നു.

## വഴിതെറ്റുന്ന കൗമാരവും വിദ്യാലയങ്ങളിലെ പ്രതിസന്ധികളും

മുപ്പതും അമ്പതും കുട്ടികൾ ഒരുമിച്ചിരിക്കുന്ന വലിയ ട്യൂഷൻ സെന്ററുകൾ ഇന്ന് പലർക്കും പഠിക്കാനുള്ള ഇടം എന്നതിലുപരി കൂട്ടുകാരെ കാണാനും ആസ്വദിക്കാനുമുള്ള ഒരിടമാണ്. സ്കൂളിലെ അച്ചടക്കമോ നിരീക്ഷണമോ അവിടെ ഉണ്ടാകണമെന്നില്ല.

വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ ഒരുമിച്ചു ചേരുമ്പോൾ, അവിടെ അപക്വമായ സൗഹൃദങ്ങളും പ്രണയബന്ധങ്ങളും ഉടലെടുക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ഈ പ്രായത്തിന്റെ വൈകാരികതയിൽ പലപ്പോഴും അത് വലിയ പ്രശ്നങ്ങളിലേക്കും, ലഹരി പോലുള്ള ദുശ്ശീലങ്ങളിലേക്കും, ചിലപ്പോൾ അക്രമങ്ങളിലേക്കും വഴിമാറുന്നു.

ഏറ്റവും സങ്കടകരമായ കാര്യം, ട്യൂഷൻ സെന്ററുകളിലേക്കോ, അവിടെനിന്ന് തിരിച്ചോ ഉള്ള യാത്രയിൽ തുടങ്ങുന്ന ഈ പ്രശ്നങ്ങളുടെയെല്ലാം പ്രത്യാഘാതങ്ങൾ ഒടുവിൽ വന്നുചേരുന്നത് അവരുടെ സ്കൂളുകളിലായിരിക്കും എന്നതാണ്. അവിടെ പരിഹാരം കാണേണ്ട ബാധ്യത സ്കൂളിലെ അധ്യാപകരുടേതായി മാറുന്നു. ട്യൂഷൻ ക്ലാസുകൾ സ്കൂളിനെക്കാൾ വലുതാണെന്ന ചിന്ത, സ്കൂൾ അധ്യാപകരെ അനുസരിക്കാതിരിക്കാനും ക്ലാസുകൾ കട്ട് ചെയ്യാനുമുള്ള പ്രവണത കുട്ടികളിൽ വർധിപ്പിക്കുന്നുണ്ട്.

## അവർക്ക് നഷ്ടമാകുന്നത് ജീവിതമാണ്

ഒരു കുട്ടിയുടെ സമഗ്രമായ വികാസത്തിന് (Integral Development) അക്കാദമികമായ അറിവ് മാത്രം പോരാ. എന്നാൽ ഇന്നത്തെ കുട്ടികളുടെ സമയം മുഴുവൻ ട്യൂഷൻ കവർന്നെടുക്കുകയാണ്.

1. ***കുടുംബബന്ധങ്ങൾ:*** വീടുകളിൽ കുട്ടികളുടെ സാന്നിധ്യം ഇല്ലാതായിരിക്കുന്നു. സന്ധ്യാപ്രാർഥനകളിലും, ഞായറാഴ്ചകളിലെ വിശുദ്ധ കുർബാനയിലും സൺഡേ സ്കൂളുകളിലും പങ്കെടുക്കാൻ അവർക്ക് സമയമില്ല.
2. ***സർഗാത്മകത:*** കലോത്സവങ്ങൾ, കായിക വിനോദങ്ങൾ, എക്സിബിഷനുകൾ എന്നിവയിലൊന്നും പങ്കെടുക്കാൻ കഴിയാതെ, പുസ്തകപ്പുഴുക്കളായി അവർ മാറുന്നു.

> **അവരും മനുഷ്യരാണ്, യന്ത്രങ്ങളല്ല.**
> അവർക്ക് അവരുടെ ബാല്യം ആസ്വദിക്കാൻ കുറച്ചു സമയം നൽകുക.

3. ***മാതാപിതാക്കളുടെ കരുതൽ:*** രാത്രി വളരെ വൈകി അവസാനിക്കുന്ന ട്യൂഷൻ ക്ലാസുകൾ സുരക്ഷിതമല്ല എന്നു മാത്രമല്ല, മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ അടുത്തറിയാനുള്ള അവസരം കൂടിയാണ് ഇല്ലാതാക്കുന്നത്. എപ്പോഴും വീടിന് പുറത്തായിരിക്കുന്ന കുട്ടിയുടെ സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയാതെ വരുന്നു.
4. ***ശാരീരിക ക്ഷീണവും ഉന്മേഷക്കുറവും:*** രാത്രിയിൽ ട്യൂഷൻ കഴിഞ്ഞ് വൈകി വീട്ടിലെത്തി, ഉറക്കം വൈകി, വെളുപ്പിനെ വീണ്ടും ട്യൂഷൻ ക്ലാസുകളിലേക്ക് ഓടേണ്ടി വരുന്ന കുട്ടികളുടെ അവസ്ഥ സങ്കടകരമാണ്. ആവശ്യത്തിന് ഉറക്കവും വിശ്രമവുമില്ലാതെ സ്കൂളിൽ എത്തുന്ന കുട്ടി ക്ലാസ് മുറികളിൽ ഉന്മേഷം നഷ്ടപ്പെട്ട് ഉറക്കം തൂങ്ങിയിരിക്കുന്ന കാഴ്ച ഒരധ്യാപികയ്ക്കും കണ്ടുനിൽക്കാൻ കഴിയില്ല. ഫലത്തിൽ സ്കൂളിലോ ട്യൂഷൻ ക്ലാസിലോ ഒരിടത്തും പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ കുട്ടിക്ക് കഴിയാതെ പോകുന്നു.

## പ്രിയപ്പെട്ട മാതാപിതാക്കളേ,

ട്യൂഷൻ എന്ന സംവിധാനം പൂർണ്ണമായും തെറ്റാണെന്നല്ല പറഞ്ഞുവരുന്നത്; പഠനവൈകല്യമുള്ളവരോ പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരോ ആയ കുട്ടികൾക്ക് അത് ഗുണം ചെയ്തേക്കാം. എന്നാൽ എല്ലാ കുട്ടികളെയും ഒരുപോലെ ഈ ട്യൂഷൻ സെന്ററുകളിലേക്ക് എറിഞ്ഞുകൊടുക്കരുത്.

സ്കൂളിലെയും ട്യൂഷൻ സെന്ററിലെയും ഇരട്ട ഹോംവർക്കുകളും പരീക്ഷകളും അവരുടെ കുഞ്ഞു മനസ്സുകളിൽ വലിയ സമ്മർദമാണ് ഉണ്ടാക്കുന്നത്. അവരും മനുഷ്യരാണ്, യന്ത്രങ്ങളല്ല. അവർക്ക് അവരുടെ ബാല്യം ആസ്വദിക്കാൻ കുറച്ചു സമയം നൽകുക. കുടുംബത്തോടൊപ്പം ചിലവഴിക്കാനും, കൂട്ടുകാരോടൊപ്പം കളിക്കാനും, ദൈവത്തെ അറിയാനും അവർക്ക് അവസരമുണ്ടാകട്ടെ. നല്ല മാർക്കുകൾ നേടുന്നതിനേക്കാൾ പ്രധാനമാണ് മാനസികാരോഗ്യവും മൂല്യങ്ങളുമുള്ള ഒരു നല്ല മനുഷ്യനായി അവർ വളരുന്നത് എന്ന് നമുക്ക് മറക്കാതിരിക്കാം.

○

ആന്റണി ആറിൽചിറ ചമ്പക്കുളം
റിട്ട. ഡെപ്യൂട്ടി തഹസിൽദാർ

# അനന്തരാവകാശം നേടിയെടുക്കാൻ നിയമവഴികൾ



LAW POINT

മരിച്ചുപോയ സഹോദരിയുടെ ബാങ്ക് അക്കൗണ്ടിലെ തുക പിൻവലിക്കാൻ, മൃതദേഹത്തിന്റെ അവശിഷ്ടങ്ങളുമായി ചുട്ടുപൊള്ളുന്ന വെയിലിൽ മൂന്ന് കിലോമീറ്റർ നടന്ന് ബാങ്കിലെത്തിയ ആദിവാസി വയോധികന്റെ സങ്കടകരമായ വാർത്ത ഒഡിഷയിൽനിന്ന് വന്നത് കഴിഞ്ഞ ദിവസങ്ങളിലാണ്. അർഹതപ്പെട്ട നിക്ഷേപം കൈപ്പറ്റാൻ ദിവസങ്ങളോളം ബാങ്ക് കയറിയിറങ്ങിയിട്ടും സാധിക്കാതെ വന്നപ്പോഴാണ്, സഹോദരി മരണപ്പെട്ടു എന്ന് ബോധ്യപ്പെടുത്താൻ നിരക്ഷരനായ ആ ഗ്രാമീണൻ ഗതികെട്ട് ഈ സാഹസത്തിന് മുതിർന്നത്. നിയമങ്ങൾ അറിയാത്തതുകൊണ്ടു മാത്രം അർഹതപ്പെട്ട സമ്പാദ്യത്തിനായി ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന്റെ നേർച്ചിത്രമാണിത്.

സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന നമ്മുടെ കേരളത്തിലെ ബാങ്കുകളിൽപ്പോലും, യഥാർഥ അവകാശികൾ എത്താത്തതു മൂലം കോടിക്കണക്കിന് രൂപയാണ് 'അൺക്ലെയിംഡ് ഡെപ്പോസിറ്റ്' (Unclaimed Deposit) ആയി കെട്ടിക്കിടക്കുന്നത്.

പ്രധാനമായും രണ്ട് കാരണങ്ങളാലാണ് മരണപ്പെട്ട വ്യക്തിയുടെ സമ്പാദ്യം അവകാശികളിലേക്ക് എത്താതെ പോകുന്നത്:

1. യഥാർഥ അവകാശികൾ ആരാണെന്ന് കൃത്യമായി അറിയാത്തത്.
2. നിയമാനുസൃതമായ അനന്തരാവകാശ സാക്ഷ്യപത്രം (Legal Heirship Certificate) ധനകാര്യ സ്ഥാപനങ്ങളിൽ ഹാജരാക്കാൻ സാധിക്കാത്തത്.

## അനന്തരാവകാശ സാക്ഷ്യപത്രം എങ്ങനെ ലഭിക്കും?

ബാങ്ക് നിക്ഷേപകൻ മരണപ്പെട്ടാൽ തുക പിൻവലിക്കാൻ സാധാരണയായി സിവിൽ കോടതിയിൽ നിന്നുള്ള സക്സഷൻ സർട്ടിഫിക്കറ്റ് (Succession Certificate) വേണം. എന്നാൽ, ഈ കോടതി നടപടികളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ ലളിതമായ ചില നിയമവഴികളുണ്ട്:

- ***തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപ വരെ):*** ബാങ്ക് നിക്ഷേപങ്ങൾ, ഇൻഷുറൻസ് തുകകൾ, സഹകരണ സംഘങ്ങളിലെ നിക്ഷേപം എന്നിവ 5 ലക്ഷം രൂപ വരെയാണെങ്കിൽ സിവിൽ കോടതിയെ സമീപിക്കേണ്ടതില്ല. ബന്ധപ്പെട്ട തഹസിൽദാർ അനുവദിക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ബാങ്കുകൾ പണം കൈമാറും.
- ***സിവിൽ കോടതി സക്സഷൻ സർട്ടിഫിക്കറ്റ്:*** തുക 5 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിലോ അവകാശികൾ തമ്മിൽ തർക്കമുണ്ടെങ്കിലോ കൃത്യമായ അവകാശികളെ നിശ്ചയിക്കാൻ സിവിൽ കോടതിയെത്തന്നെ സമീപിക്കണം.
- ***അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കാര്യാലയം:*** പ്രത്യേക സാഹചര്യങ്ങളിൽ, എറണാകുളത്ത് പ്രവർത്തിക്കുന്ന അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കാര്യാലയത്തിൽനിന്ന് ലഭിക്കുന്ന അഡ്മിനിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വഴിയും തുക പിൻവലിക്കാവുന്നതാണ്.

### പിൻതുടർച്ചാവകാശം വേണ്ടെന്നു വെക്കാൻ സാധിക്കുമോ?

റവന്യൂ അധികാരികൾ അവകാശികളെ നിശ്ചയിക്കുമ്പോൾ, ഏതെങ്കിലും ഒരു അവകാശി "എനിക്ക് ഈ സ്വത്ത് വേണ്ട" എന്ന് സത്യവാങ്മൂലം നൽകിയാലും, അവരെ ലിസ്റ്റിൽനിന്ന് ഒഴിവാക്കാൻ അധികാരികൾക്ക് നിയമപരമായി കഴിയില്ല. അങ്ങനെയുള്ളവർ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം ബാങ്കിൽ നേരിട്ടെത്തി, 'റിലീൻക്വിഷ്മെന്റ് ഡീഡ്' (Relinquishment Deed) ഒപ്പിട്ടു നൽകി, തങ്ങളുടെ വിഹിതം മറ്റ് അവകാശികൾക്കായി ഒഴിഞ്ഞുകൊടുക്കാവുന്നതാണ്.

### പിൻതുടർച്ചാവകാശം നിശ്ചയിക്കുന്നത് എങ്ങനെ?

മരണപ്പെട്ട വ്യക്തിയുടെ മതവിഭാഗം അനുസരിച്ചാണ് ഇന്ത്യയിൽ പിൻതുടർച്ചാവകാശികളെ നിശ്ചയിക്കുന്നത്. ക്രൈസ്തവ കുടുംബങ്ങളിലെ അംഗങ്ങൾക്ക് 1925-ലെ ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമം (Indian Succession Act) അനുസരിച്ചാണ് അനന്തരാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നത്. സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹിതരായവർക്കും ഈ നിയമം തന്നെയാണ് ബാധകം.

ധനകാര്യ സ്ഥാപനങ്ങൾ കൃത്യമായ നിയമരേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കൂ. അതിനാൽ, പ്രിയപ്പെട്ടവരുടെ വിയോഗത്തിനുശേഷം, അവരുടെ സമ്പാദ്യം നിയമപരമായ അവകാശികളിലേക്ക് തടസ്സമില്ലാതെ എത്തിച്ചേരാൻ, ഇത്തരം ലളിതമായ നിയമവഴികൾ കൃത്യമായി അറിഞ്ഞിരിക്കുന്നത് ഓരോ കുടുംബത്തിനും ഉപകാരപ്പെടും. ○





കവിത

# ഒരു നൊമ്പരക്കുറി

സിബിച്ചൻ വേങ്ങച്ചേരിൽ

പ്രിയപ്പെട്ട അർഷദ്,
നിന്നെക്കുറിച്ചറിഞ്ഞപ്പോൾ മുതൽ
ഘനീഭവിച്ചുതുടങ്ങിയ ആകാശം
ഇനിയും പെയ്തുതീർന്നിട്ടില്ല.
ഒന്നുറക്കെ കരയാൻപോലുമാവാതെ,
ഭയത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ട്
നീ ഏറ്റുവാങ്ങിയ പീഡനങ്ങളുടെ
കണക്കുകൾ
ഞങ്ങളെ നടുക്കുന്നു!
നിന്നെപ്പോലെയുള്ള കുഞ്ഞുങ്ങളുടെ
മുഖത്തേക്ക് നോക്കാൻപോലും
ഞങ്ങൾ ഭയക്കുന്നു!
ഒരു വിലാപവും
ഞങ്ങളെ വിമലീകരിക്കില്ലെന്ന്
നടുക്കത്തോടെ ഞങ്ങളറിയുന്നു!
ഞങ്ങൾ...
ഹേറോദേസിന്റെ പുനർജന്മങ്ങൾ!
നീ ചുമന്നത്
ഞങ്ങളുടെ പാപഭാരങ്ങൾ...
നീ സഹിച്ചത്
ഞങ്ങളുടെ കിരാതസ്വാർഥത!
മാപ്പില്ലെന്ന ബോധ്യത്തിൽ
ഉള്ളുപിടയുമ്പോഴും
ഞങ്ങൾ കരഞ്ഞുകൊണ്ടേയിരിക്കുന്നു!!

അർഷദ്!
അമ്മയുടെ(?) മൗനസമ്മതത്തോടെ
നീചപങ്കാളിയുടെ കരാളഹസ്തങ്ങൾ
കശക്കിയെറിഞ്ഞ പൂമൊട്ട്...

ഫാ. മിന്റോ മൂന്നുപറയിൽ



# നരനും നരിയും: 'സ്പാ'യിലെ ഇരട്ട മുഖങ്ങൾ




എബ്രിഡ് ഷൈൻ രചനയും സംവിധാനവും നിർവഹിച്ച 'സ്പാ', ഒരു റൊമാന്റിക് ത്രില്ലർ ഡ്രാമയാണ്. സമൂഹത്തിലെ ഇരട്ടമുഖങ്ങളെ ആക്ഷേപ ഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന ഈ സിനിമയെ ഒരു ഹാസ്യചിത്രമായി പരിഗണിക്കുന്നതിലും തെറ്റില്ല. മനുഷ്യൻ സമൂഹത്തിനു മുന്നിൽ സൂക്ഷിക്കുന്ന ഇരട്ടത്താപ്പുകളെയും വ്യാജമുഖങ്ങളെയുമാണ് ചിത്രം പരിഹാസത്തിനു വിധേയമാക്കുന്നത്.

കഥ മുന്നോട്ടു പോകുമ്പോൾ, നമ്മൾ കണ്ടുമുട്ടുന്ന ഒട്ടുമിക്ക കഥാപാത്രങ്ങളും സമൂഹത്തിൽ രണ്ടു മുഖങ്ങളുമായി ജീവിക്കുന്നവരാണ്. ഈ വ്യാജമുഖവുമായി പുറത്തിറങ്ങി, മാന്യന്മാരായി ചമഞ്ഞ് മറ്റുള്ളവരെ കുറ്റപ്പെടുത്താൻ മടി കാണിക്കാത്ത പലരുടെയും മുഖംമൂടി വലിച്ചുകീറുക മാത്രമാണ് കഥാകൃത്തിന്റെ ഉദ്ദേശ്യം എന്ന് ഇതിന്റെ പാളിപ്പോയ ക്ലൈമാക്സ് കാണുമ്പോൾ തോന്നും. ക്ലൈമാക്സ് 'തന്റെ വിഷയമേ അല്ല' എന്ന രീതിയിൽ ഇടിച്ചു നിർത്തിയ അവസാന ഭാഗം ഒരു കല്ലുകടിയായി അനുഭവപ്പെട്ടു. ഓരോരുത്തരെയും ഓരോ എപ്പിസോഡുകളായി അവതരിപ്പിച്ച്, പരസ്പരം കാര്യമായ ബന്ധമില്ലാത്ത കുറേ സീക്വൻസുകൾ ഒന്നിച്ചു ചേർത്തു വെക്കുക മാത്രമാണ് സംവിധായകൻ ഇവിടെ ചെയ്തത്. എങ്കിലും, ഹാസ്യം നിറഞ്ഞുനിൽക്കുന്ന അവതരണരീതി പ്രേക്ഷകരെ ആകർഷിക്കുന്നതാണ്.

## ഇരട്ട മുഖങ്ങൾ

ലൈംഗീകത മനുഷ്യനു ലഭിക്കുന്ന ഒരു അനുഗ്രഹമാണ്; എന്നാൽ, അതിന്റെ അതിപ്രസരം മനുഷ്യനെ പ്രാകൃതനും വൈകൃതങ്ങൾക്ക് അടിമയും ആക്കുന്നു. അത്തരത്തിൽ പലവിധ വൈകൃതങ്ങൾക്ക് അടിമകളായ മനുഷ്യരെ ഹാസ്യത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിയാണ് കഥ വികസിക്കുന്നത്. 'സമൂഹം എന്ത് വിചാരിക്കും, മാന്യന്മാർ കുറ്റം പറയില്ലേ' എന്ന ചോദ്യത്തോടെയാണ് കഥ ആരംഭിക്കുന്നതുതന്നെ. എന്നാൽ, മനുഷ്യന്റെ ധാർമ്മികതയെ നിർണ്ണയിക്കേണ്ടത് മറ്റുള്ളവർ എന്തു




**സംവിധാനം, രചന**: എബ്രിഡ് ഷൈൻ

**പ്രധാന അഭിനേതാക്കൾ**: ശ്രുതി മേനോൻ, സിദ്ധാർഥ് ഭരതൻ, വിനീത് തട്ടിൽ, അലക്സാണ്ടർ പ്രശാന്ത്, ദിനേഷ് പ്രഭാകർ, ജോജി കെ. ജോണി, ശ്രീകാന്ത് മുരളി, വിജയ് മേനോൻ

**പശ്ചാത്തലം**: 'ലാ പാരഡൈസ്' എന്ന നഗരത്തിലെ ഒരു മസാജ് തെറാപ്പി സെന്ററും അവിടെയെത്തുന്ന മനുഷ്യരുടെ പരസ്പരം പിണഞ്ഞു കിടക്കുന്ന ജീവിതങ്ങളും.

**തീയേറ്റർ റിലീസ്**: 2026 ഫെബ്രുവരി 13

**ഒ.ടി.ടി റിലീസ്**: മനോരമ മാക്സ് - 2026 മേയ് 28

**ബോക്സ് ഓഫീസ്**: ₹38 ലക്ഷം+

**ബുക്ക് മൈ ഷോ റേറ്റിംഗ്**: 8.1 / 10

**സെൻസർ സർട്ടിഫിക്കറ്റ്**: A (മുതിർന്നവർക്ക് മാത്രം)

ചിത്രം തിയേറ്ററുകളിൽ ഒരു പരീക്ഷണാത്മക അഡൽറ്റ് കോമഡി എന്ന രീതിയിലാണ് എത്തിയത്. അതുകൊണ്ട് തന്നെ ബോക്സ് ഓഫീസ് കളക്ഷൻ ഒരു പരിധിയിൽ ഒതുങ്ങി നിന്നെങ്കിലും, ഒ.ടി.ടി റിലീസിന് ശേഷം സോഷ്യൽ മീഡിയയിലും സിനിമാ ഗ്രൂപ്പുകളിലും ഇതിലെ നർമ്മരംഗങ്ങളെക്കുറിച്ചും പ്രകടനങ്ങളെക്കുറിച്ചും വലിയ ചർച്ചകൾ നടക്കുന്നുണ്ട്.

വിചാരിക്കും എന്ന ചിന്തയാകരുതെന്നും, അത്തരം ചിന്തകൾ മനുഷ്യനെ പലവിധ മുഖംമൂടികളുമായി ജീവിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ എന്നും, ഈ ചിത്രത്തിന്റെ രചനയുംകൂടി നിർവഹിച്ച ഷൈൻ സ്ഥാപിക്കുന്നു. മറ്റുള്ളവരുടെ നോട്ടത്തേക്കാൾ, സ്വന്തം വ്യക്തിത്വത്തെയും മൂല്യങ്ങളെയും പറ്റിയുള്ള അവബോധമായിരിക്കണം ധാർമ്മികതയുടെ വഴികാട്ടി.

സദാസമയവും ബിസിനസ്സ് തലയിൽ കയറ്റി നടക്കുന്ന അലക്സാണ്ടർ പ്രശാന്തിന്റെ കഥാപാത്രം പുറംലോകത്ത് അതീവ മാന്യനാണ്. എന്നാൽ, അതേ വ്യക്തി, ഭാര്യയെയും മക്കളെയും സമൂഹത്തെയും വെട്ടിച്ച് ഓടിവരുമ്പോൾ കാണിക്കുന്ന ധൃതി ചിരി പടർത്തുന്നതാണ്. ഭാര്യ മരിച്ചുപോയതിനാൽ അവൾക്കായി വാങ്ങിയ സാരി സ്പാ ജീവനക്കാരിക്ക് സമ്മാനിക്കുകയും, ഭാര്യയോടുള്ള സ്നേഹക്കൂടുതൽക്കൊണ്ട് ശോകകവിതകൾ പാടി നടക്കുകയും ചെയ്യുന്ന ദിനേഷ് പ്രഭാകറിന്റെ കഥാപാത്രം പറയുന്നത് കള്ളമാണെന്ന് പിന്നീട് തെളിയുന്നുണ്ട്.

പുറമെ അതീവ ഗൗരവക്കാരനും സ്ത്രീകളുടെ മുഖത്തുപോലും നോക്കാതെ ചുരുങ്ങിയ വാക്കുകളിൽ ദേഷ്യത്തോടെ പ്രതികരിക്കുകയും ചെയ്യുന്ന ജോജി കെ. ജോണിന്റെ കഥാപാത്രം അടച്ചിട്ട മുറിക്കുള്ളിൽ അതീവ അപകടകാരിയാകുന്നു. സമൂഹത്തിൽ അറിയപ്പെടുന്ന ഡോക്ടറായ ശ്രീകാന്ത് മുരളിയുടെ കഥാപാത്രം, പുറമെ വളരെ മധുരമായി സംസാരിക്കുന്നവനാണെങ്കിലും, ഉള്ളിൽ വൈകൃതങ്ങളുടെ മൂർത്തിഭാവമായിട്ടാണ് നമ്മൾ കാണുന്നത്.

## വിത്യസ്ത മുഖങ്ങൾ

സമൂഹത്തിലെ എല്ലാവരെയും ഇത്തരം മോശം സ്വഭാവമുള്ള കഥാപാത്രങ്ങളെക്കൊണ്ട് മാത്രം പ്രതിനിധാനം ചെയ്യിക്കാതെ, ചില നല്ല കഥാപാത്രങ്ങളെയും എബ്രിഡ് ഷൈൻ ഇതിൽ സൃഷ്ടിച്ചിട്ടുണ്ട്. 'സിനിമ' എന്ന ലക്ഷ്യം മാത്രം മനസ്സിൽ കണ്ട് കഥ തേടിയിറങ്ങുന്ന സിദ്ധാർഥ് ഭരതന്റെ കഥാപാത്രം, തന്റെ മുന്നിലെത്തുന്ന ദുർബലരായ ജീവിതങ്ങളിൽ അന്വേഷിക്കുന്നത് ലൈംഗിക സുഖമല്ല, മറിച്ച് നല്ലൊരു കഥയാണ്. വിജയ് മേനോൻ അവതരിപ്പിക്കുന്ന, തികച്ചും താത്വികനും കലാകാരനുമായ വ്യക്തിയും, ദുർബലമായ സാഹചര്യങ്ങളിൽ സ്ത്രീശരീരത്തിൽ അന്വേഷിച്ചത് ശരീരസുഖമല്ല; മറിച്ച്, ശരീരസൗന്ദര്യത്തെ അതിലംഘിക്കുന്ന മനസ്സിന്റെ സൗന്ദര്യത്തെയാണ്. പ്രധാന കഥാപാത്രമായ മാത്തൻ ചേട്ടായി നാഗരികതയുടെ വാണിജ്യവൽക്കരിക്കപ്പെട്ട സ്നേഹത്തെയും യഥാർഥ സ്നേഹത്തെയും വേർതിരിച്ചറിയാൻ കഴിയാത്ത ഒരു നിഷ്കളങ്കനാണ്.

ഈ ചിത്രം കുട്ടികൾക്കു കാണാൻ പാടില്ലാത്ത 'A' സർട്ടിഫൈഡ് ചിത്രമാണെങ്കിലും, ഏതാനും ചില ആംഗ്യങ്ങളും സംഭാഷണങ്ങളും ഒഴിവാക്കിയാൽ, ധാർമ്മികതയ്ക്ക് തുരങ്കം വയ്ക്കുന്ന ഒരു കലാസൃഷ്ടിയൊന്നുമല്ല ഇത്. മറിച്ച്, സമൂഹത്തിൽ ഇരട്ടമുഖവുമായി ജീവിക്കുന്ന പ്രഖ്യാപിത മാന്യന്മാർക്കു നേരെ പിടിച്ച ഒരു കണ്ണാടിയാണ്. ○

ചെറു
കഥ

ജേക്കബ് ജോസഫ് പതിനഞ്ചിൽ
കാവാലം സെന്റ്. തെരേസാസ് പള്ളി

*അതിരൂപതാ പിതൃവേദി കഥാരചനാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ*




# വേരുകൾ തേടുന്ന ചില്ലകൾ

വല്യപ്പച്ചന്റെ കൈപിടിച്ച് ജോണിമോൻ സീറ്റിൽനിന്നും എഴുന്നേറ്റു. ഓടിത്തളർന്ന ഒരു കായിക താരത്തെപ്പോലെ വലിയ ശബ്ദത്തോടെ കിതച്ചുകൊണ്ട് തീവണ്ടി സ്റ്റേഷനിൽ വന്നു നിന്നു. പ്ലാറ്റ്ഫോമിലേക്ക് ഇറങ്ങുമ്പോൾ ജോണിമോൻ ഓർമ്മിപ്പിച്ചു: "വല്യപ്പച്ചാ സൂക്ഷിച്ച്... കാൽ തെറ്റരുത്..."

അവന്റെ നിഷ്കളങ്കമായ സംസാരവും കരുതലും കേട്ട് വല്യപ്പച്ചന്റെ മനസ്സു നിറഞ്ഞു. തന്റെ മകൻ തോമസുകുട്ടിയുടെ ഇളയ മകൻ! അമേരിക്കയിൽ ജനിച്ച് അവിടെത്തന്നെ വളർന്ന കൊച്ചുമകൻ, തന്നെ കാണാൻ വന്നിരിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് കടൽ കടന്നതാണെങ്കിലും, തോമസുകുട്ടിയുടെ മനസ്സിൽനിന്ന് സ്വന്തം നാടും തറവാടും നാട്ടുകാരുമൊന്നും മാഞ്ഞിരുന്നില്ല. കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകളും നാട്ടുവിശേഷങ്ങളും അവൻ മക്കൾക്ക് പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ്, എല്ലാ വർഷവും അവധിക്കാലത്ത് നാട്ടിൽ പോകണമെന്ന് പേരക്കിടാങ്ങൾ വാശിപിടിക്കുന്നതും. ഒന്നു ചിന്തിച്ചാൽ, താനും ഒരുകാലത്ത് ഒരു പ്രവാസിയായിരുന്നില്ലേ എന്ന് വല്യപ്പച്ചൻ ഓർത്തു.

പത്തറുപത് വർഷങ്ങൾക്കു മുമ്പുള്ള ആ കുടിയേറ്റക്കാലം അയാളുടെ മനസ്സിലേക്ക് ഓടിയെത്തി. കൈയിലുള്ളതെല്ലാം വിറ്റുപെറുക്കി, ഭാര്യ മേരിയേയും കൂട്ടി, രണ്ടു മക്കളുടെയും കൈപിടിച്ച് നിശ്ചയദാർഢ്യത്തോടെ തെക്കൻ തിരുവിതാംകൂറിൽനിന്ന് മലബാറിലേക്ക് അന്നു വണ്ടി കയറിയതാണ്. ജീവിക്കുവാൻ ബുദ്ധിമുട്ടൊന്നുമില്ലാതിരിക്കുന്ന കുന്നേൽ തറവാട്ടിലെ സന്തതി മലബാറിനു കാടുകയറാൻ പോകുന്നു എന്നറിഞ്ഞ നാട്ടുകാർ അന്ന് അതിശയത്തോടെയാണ് നോക്കിയത്. അപ്പനപ്പൂപ്പന്മാർ പകർന്നുതന്ന ദൈവവിശ്വാസവും കഠിനാധ്വാനം ചെയ്യാനുള്ള ഉറച്ച മനസ്സും മാത്രമായിരുന്നു അന്ന് കൈമുതൽ.

കാടുപിടിച്ചുകിടന്ന കുന്നിൻചെരുവിൽ, അത്യാവശ്യം താമസിക്കാൻ പാകത്തിന്, ഓലമേഞ്ഞ ഒരു വീടുണ്ടാക്കി മേരിയേയും മക്കളേയും കൂട്ടി ജീവിതം തുടങ്ങി. കൂട്ടിന് ലൂക്കാച്ചേട്ടനും അന്തോണിയും... പിന്നെ കോട്ടയംകാരൻ കൊച്ചൗസേപ്പും. കഷ്ടപ്പെട്ട് വിയർപ്പൊഴുക്കി, കുന്നും മലയും വെട്ടിത്തെളിച്ച്



ചെറു
കഥ

കൃഷിചെയ്ത് ജീവിതം കരുപിടിപ്പിക്കുന്നതിനിടയിൽ മേരി ആറു പെറ്റു. അങ്ങനെ, ആ മലഞ്ചെരുവിൽ ഓടിക്കളിക്കാൻ എട്ടുമക്കൾ! കഷ്ടപ്പെട്ടാണെങ്കിലും, എല്ലാവരെയും പഠിപ്പിച്ചു. ദൈവാനുഗ്രഹത്താൽ എല്ലാവരും നല്ല നിലയിലാവുകയും ചെയ്തു. പക്ഷേ, കാലം കടന്നുപോകവേ ഓരോരുത്തരും അവരവരുടെ വഴിക്കുതിരിഞ്ഞു; നഗരങ്ങളിലേക്ക് ചേക്കേറി.

എന്നാൽ, വെട്ടിപ്പിടിച്ച കുന്നും മലയും ഐശ്വര്യം തന്ന മണ്ണും ആ നാടിന്റെ പച്ചപ്പും, അയാളെയും മേരിയേയും അവിടെത്തന്നെ തളച്ചിടുകയായിരുന്നു. എന്തെങ്കിലും വിശേഷം ഉള്ളപ്പോൾ മാത്രമായി വീട്ടിലേക്കും നാട്ടിലേക്കുമുള്ള മക്കളുടെ വരവു ചുരുങ്ങി. പോകപ്പോകെ, അവർക്ക് നാടിനോടുള്ള ബന്ധവും ആറ്റുതുടങ്ങി. ഒടുവിൽ മേരിയും കൂടി ഉടയതമ്പുരാന്റെ അടുക്കലേക്ക് പോയിക്കഴിഞ്ഞപ്പോൾ, അയാൾ തീർത്തും ഒറ്റയ്ക്കായി. പിന്നീട് ജീവിതത്തിലുണ്ടായ ഒരേയൊരു ആശ്വാസം, വർഷാവർഷം വന്നുപോകുന്ന പേരക്കിടാങ്ങളുടെ കൂടെയുള്ള ഈ കുറച്ചു ദിവസങ്ങളാണ്...

“വല്യപ്പച്ചാ, വണ്ടിപിടിക്കട്ടെ?”

ജോണിക്കുട്ടിയുടെ ചോദ്യമാണ് അയാളെ ഓർമ്മകളിൽ നിന്നുണർത്തിയത്. അയാൾ ഒരു ചെറുനിശ്വാസത്തോടെ പറഞ്ഞു: “നമുക്ക് വിളിക്കാമെടാ മോനേ...”

ടാക്സിയിലിരുന്ന് പുറത്തേക്ക് നോക്കിയ അയാൾക്ക് വിസ്മയം തോന്നി. ഓർമ്മച്ചെപ്പിലുണ്ടായിരുന്ന വഴികളും സ്ഥലങ്ങളുമൊക്കെ അപ്പാടെ മാറിയിരിക്കുന്നു. പരിചയമുള്ള മുഖങ്ങളൊന്നുംതന്നെ വഴിയോരങ്ങളിൽ കാണാനില്ല. ജോണിമോനേക്കാൾ കൗതുകത്തോടെയാണ് അയാൾ ആ വഴിയോരക്കാഴ്ചകൾ നോക്കിക്കണ്ടത്.... മാറിയിരിക്കുന്നു...എല്ലാം മാറിയിരിക്കുന്നു!

“വല്യപ്പച്ചാ, കുരിശുപള്ളി എത്തിയാൽ സോനു അങ്കിൾ അവിടെ കാണുമല്ലോ അല്ലേ?” ജോണിമോൻ ചോദിച്ചു.

“തീർച്ചയായും... അയാൾ വരും... നിന്റെ പപ്പായുടെ അടുത്ത കൂട്ടുകാരനായിരുന്നു അവൻ... കുഞ്ഞുനാളിൽ...”

“ഇതാണ് കുരിശുപള്ളി. ഇവിടെയല്ലേ ഇറങ്ങേണ്ടത്?” ഡ്രൈവർ വണ്ടി ഒതുക്കി നിർത്തി ചോദിച്ചു.

“അതേ, ഇവിടെത്തന്നെ.” ഇറങ്ങുന്നതിനിടയിൽ ഡ്രൈവർക്ക് പണം കൊടുത്ത്, “Thank you uncle!” എന്നുപറയാൻ ജോണിമോൻ മറന്നില്ല. ഡ്രൈവർ ഒരു പുഞ്ചിരിയോടെ അവന് ടാറ്റ നൽകി വണ്ടിയെടുത്തു.

താമസിയാതെതന്നെ, സോനു അവിടെയെത്തി. വഴികാട്ടിയായി അവൻ മുന്നേ നടന്നു. പരിചിതമായ ഇടവഴികളിലൂടെ നടന്നപ്പോൾ സോനു വാചാലനായി. കുഞ്ഞുനാളിൽ തങ്ങൾ കുളിക്കാനിറങ്ങിയിരുന്ന പുഴയുടെ പടവുകളും മീൻപിടിച്ചുനടന്നിരുന്ന സ്ഥലങ്ങളുമൊക്കെ അവൻ ജോണിമോന് കാണിച്ചുകൊടുത്തു.

“ഞാനും മോന്റെ പപ്പായും കൂടെ ഒരുപാട് കളിച്ചുനടന്നതാ ഇവിടെയൊക്കെ... അച്ചായൻ ഇങ്ങോട്ടേയ്ക്ക് വന്നിട്ട് ഇപ്പോൾ ഒരുപാടു നാളായി അല്ലേ?” സോനു വല്യപ്പച്ചനെ നോക്കി ചോദിച്ചു.

“ഉവ്വ്, ചാച്ചനും അമ്മയും മരിച്ചുകഴിഞ്ഞതിൽപ്പിന്നെ അങ്ങനെ അധികം വരാൻ പറ്റിയിട്ടില്ല”, അല്പം ജാള്യതയോടെ അയാൾ പറഞ്ഞു.

“അതല്ലെങ്കിലും അങ്ങനെയാ അച്ചായാ... അപ്പനും അമ്മയുമൊക്കെ ജീവിച്ചിരിക്കുന്നിട

ത്തോളം കാലമേ തറവാടും ബന്ധങ്ങളുമൊക്കെ നിലനിൽക്കൂ . അതിപ്പോ സ്വന്തം സഹോദരങ്ങൾ ആണെങ്കിൽപ്പോലും...” സോനു ഒരു വലിയ ലോകസത്യം വെളിപ്പെടുത്തിയതുപോലെ പറഞ്ഞു നിർത്തി.

“ദാ ജോണിമോനേ, നമ്മളെത്തി. ആ കാണുന്നതാണ് തറവാട്.”

തറവാട് കണ്ടതും ജോണിമോൻ ഉത്സാഹത്തോടെ ഉമ്മറത്തേക്ക് ഓടിക്കയറി. അവിടെ ഇരിക്കുകയായിരുന്ന വലിയപ്പച്ചന്റെ ജ്യേഷ്ഠനെ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു. പപ്പായുടെ പേരപ്പനെ അവനും ‘പേരപ്പൻ’ എന്നുതന്നെയാണ് വിളിക്കുന്നത്.

“ഞ്ഹാ... എന്റെ കുട്ടി വന്നോ... നീ അല്പം വലുതായിട്ടുണ്ടല്ലോ. ഇപ്പോൾ വയസ്സെത്രയായി?”

“Thirteen! പതിമൂന്ന്,” ജോണിമോൻ ചിരിച്ചുകൊണ്ടു പറഞ്ഞു. “പേരപ്പാ, എന്റെ ഫസ്റ്റ് ഹോളി കമ്മ്യൂണിയന് പേരപ്പനെ കണ്ടതാണ്. പിന്നെ ഇപ്പോഴാ കാണുന്നത്. എല്ലാ വർഷവും മലബാറിൽ വല്യപ്പച്ചന്റെ അടുത്തുവരുമ്പോൾ ഞാൻ പപ്പായോട് പറയുമായിരുന്നു പഴയ തറവാട്ടിൽ വരണമെന്ന്. ഇന്നേതായാലും അതിന് സാധിച്ചു.”

“മോൻ നല്ല ഭംഗിയായി മലയാളം പറയുന്നുണ്ടല്ലോ? കേട്ടാൽ അമേരിക്കക്കാരനാണെന്നു പറയുകയേയില്ല,” സോനു അദ്ഭുതത്തോടെ പറഞ്ഞു. “എന്നാൽ ഞാൻ ഇറങ്ങട്ടെ അപ്പച്ചാ... ജോണിമോനേ, നാളെ കാണാം.”

“Okay, bye uncle!” ജോണിമോൻ പേരപ്പന്റെ അടുത്തേക്ക് ചേർന്നുനിന്നു.

“എന്റെ കുട്ടിക്ക് എന്താ ഇപ്പോൾ വേണ്ടത്?” പേരപ്പൻ ചോദിച്ചു.

“ഒന്നും വേണ്ട പേരപ്പാ. എനിക്കീ നാടൊക്കെ ഒന്നു കാണണം... പിന്നെ പപ്പാ എന്നും പറയാറുള്ള കുരിശുപള്ളി... അവിടെ രാവിലെ ഒരു കുർബാനയും കൂടണം.”

“നീ ശരിക്കും അമേരിക്കയിൽ വളർന്ന കുട്ടി തന്നെയല്ലേ? പേരപ്പൻ തമാശയായി ചോദിച്ചു. അനിയനായ വല്യപ്പച്ചനെ നോക്കി പറഞ്ഞു: “ഇവന് നമ്മുടെ ചാച്ചന്റെ അതേ ജീൻ തന്നെയാണ് കിട്ടിയിരിക്കുന്നത്.”

“ആട്ടെ, മോന് ഈ നാടിനെക്കുറിച്ച് ഇനിയെന്തൊക്കെ അറിയണം?” പേരപ്പന്റെ ചോദ്യം കേട്ട് ജോണിമോന്റെ കണ്ണുകൾ വിടർന്നു.

“പപ്പാ എന്നും പറയാറുള്ളത് ഈ തറവാടിനെയും ഇവിടുത്തെ നാടിനെയും കുറിച്ചാണ്. പത്തുപതിനഞ്ചു പേർ ഒന്നിച്ച് ഈ തറവാട്ടിൽ കഴിഞ്ഞിരുന്ന ആ പഴയ കാലം... ഇണക്കങ്ങളും പിണക്കങ്ങളും പുഴയിലെ കുളിയും... പിന്നെ സന്ധ്യയാകുമ്പോൾ വല്യമ്മച്ചിയുടെകൂടെ ഒന്നിച്ചിരുന്നുള്ള കുരിശുവരയും... ഒക്കെ... അമേരിക്കയിൽ അങ്ങനെയൊന്നും ആരും ചെയ്യാറില്ല... പപ്പായും ഞങ്ങളും എന്നും കുരിശുവരയ്ക്കുന്നതു കണ്ട് അവിടെയുള്ള എന്റെ ഫ്രണ്ട്സ് കളിയാക്കാറുണ്ട്. എന്നാലും പപ്പാ പറയുന്നത് ഞങ്ങൾ കേട്ടിരിക്കും... മരിക്കുന്നതിന് തൊട്ടുമുമ്പ് മമ്മി പറഞ്ഞതാ.. പപ്പായെ ഒരിക്കലും വിഷമിപ്പിക്കരുതെന്ന്...”

അവന്റെ തിളങ്ങുന്ന കണ്ണുകൾ അപ്പോൾ ഈറനണിഞ്ഞിരുന്നുവോ? തനിക്ക് തോന്നിയതാണോ എന്ന് വല്യപ്പച്ചൻ സംശയിച്ചു.

“ഈ നാടും തറവാടും കുരിശുപള്ളിയുമൊക്കെ ഒന്നു കാണണമെന്ന് എനിക്ക് വലിയ ആഗ്രഹമായിരുന്നു. പപ്പാ എപ്പോഴും പറയും — നമ്മുടെ വേര് നമുക്ക് ഒരിക്കലും നഷ്ടപ്പെടരുതെന്ന്. ദൈവവിശ്വാസത്തിൽ അടിയുറച്ച ഒരു കൂട്ടായ്മയായിരുന്നു നമ്മുടെ സമുദായത്തിന്റെ കരുത്തെന്ന്. അത് കാണാനും അറിയാനുമാണ് ഞാൻ വന്നത്. ഈ നാടും പള്ളിയും പച്ചപ്പും ... ഒക്കെ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു... ഭാവനയിൽ... അതിപ്പോൾ ഞാൻ എന്റെ കൺമുമ്പിൽ കാണുകയാണ്...” അവൻ പറഞ്ഞുനിർത്തി.

വല്യപ്പച്ചൻ വിസ്മയത്തോടെ അവനെ നോക്കി. ഉപഭോക്തൃസംസ്കാരത്തിന്റെ ശാപമായ Use & Throw മനോഭാവത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കാൻ വിധിക്കപ്പെട്ട്, തങ്ങൾത്തന്നെ കെട്ടിയുയർത്തിയ കോൺക്രീറ്റു സൗധങ്ങളുടെ ഇടനാഴികളിലും വെളിച്ചം കടന്നുചെല്ലാൻ മടിക്കുന്ന മുറികളുടെ ഒഴിഞ്ഞ കോണുകളിലും ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾ! ഏകാന്തതയുടെ ഭാരവും പേറി ഗതകാലസ്മരണകളെ അയവിറക്കി അനിശ്ചിതത്വത്തിന്റെ നാളെകളിലെ വിരസമായ ദിനരാത്രങ്ങൾ ആശങ്കയോടെ നോക്കിക്കാണുന്ന കുറെ മനുഷ്യജന്മങ്ങൾ!

ആ ഗണത്തിലേക്ക് താമസിയാതെ താനും ചേർക്കപ്പെടും. എന്നാൽ, ജോണിമോന്റെ വാക്കുകൾ അയാളുടെ മനസ്സിൽ ആശ്വാസത്തിന്റെ ഉറവയായി. ചുട്ടുപൊള്ളുന്ന ഊഷരഭൂമിയിൽ തിമിർത്തുപെയ്യുന്ന പുതുമഴ മണ്ണിനെ തണുപ്പിക്കുന്നതുപോലെ അയാളുടെ മനസ്സ് തണുത്തു.

ഇല്ല... ഒന്നും നഷ്ടപ്പെട്ടിട്ടില്ല... ഒന്നും അവസാനിച്ചിട്ടുമില്ല. ജോണിമോനെപ്പോലെ സ്വന്തം വേരുകൾ തേടിപ്പിടിക്കുന്ന പുതിയ തലമുറയിലെ ചില്ലകൾ ഉള്ളിടത്തോളം കാലം ബന്ധങ്ങൾ നശിക്കുകയില്ല; തങ്ങൾ ഒറ്റപ്പെടുകയില്ല എന്ന് അയാളുടെ മനസ്സ് മന്ത്രിച്ചു. അപ്പോൾ അല്പം അകലെ, കുരിശുപള്ളിയിൽനിന്ന് സന്ധ്യാപ്രാർഥനയ്ക്കുള്ള മണിനാദം അയാളുടെ കാതുകളിലേക്ക് ഒഴുകിയെത്തി. ആ മണിനാദത്തിന് മുമ്പത്തേക്കാൾ മുഴക്കമുള്ളതായി അയാൾക്കു തോന്നി. ○





51

## പുതിയനിയമത്തിലെ കുടുംബദർശനം





റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# ഉപമകളിൽ വിരിയുന്ന കുടുംബലോകം

ലോകക്ലാസിക്കുകളിൽ ഏറ്റവും പ്രഖ്യാതമായ സാഹിത്യകൃതിയാണ് വിക്ടർ ഹ്യൂഗോയുടെ 'ലേ മിസെറാബ്ള്' (പാവങ്ങൾ). കരുണയുടെ നൂൽകൊണ്ടു കെട്ടിയ പുസ്തകമെന്നാണ് ഈ ഗ്രന്ഥത്തെ നിരൂപകർ വാഴ്ത്തുന്നത്. ഇതിലെ മുഖ്യ കഥാപാത്രമായ ഴാങ് വാൽ ഴാങ്, ക്രിസ്തു സദൃശനായ കരുണാമയനായി രൂപാന്തരപ്പെടുന്നത് 'ഡി' രൂപതയുടെ മെത്രാനായ മോൺസിഞ്ഞോർ ബീൻവെന്നു മിറിയേൽ എന്ന മഹാത്മാവിന്റെ കരുണാമസൃണമായ ഇടപെടലിനാലാണ്.


മനുഷ്യമഹത്വത്തിന്റെ അടയാളം കരുണയും ആത്മസമർപ്പണവുമാണെന്ന് ഹ്യൂഗോ, ഴാങിന്റെ ജീവിതകഥയിലൂടെ തെളിയിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹമാണ് ഒരാളെ കരുണയുടെ ശുശ്രൂഷകനാക്കി മാറ്റുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ യേശു അരുൾചെയ്ത ഉപമകളിൽ നിറഞ്ഞുനിൽക്കുന്ന മുഖ്യപാഠവും ഈ അനാദൃശ്യമായ കാരുണ്യം തന്നെയാണ്.

### എന്താണ് ഉപമ?

ഗ്രീക്കുഭാഷയിലെ *'പരാബൊളേ'* എന്ന വാക്കിൽ നിന്നാണ് ഇംഗ്ലീഷിലെ 'പാരബിൾ' എന്ന വാക്കും മലയാളത്തിലെ 'ഉപമ' എന്ന വാക്കും രൂപപ്പെടുന്നത്. മതാത്മകമോ ധാർമ്മികമോ ആയ ഒരു മൂല്യം പഠിപ്പിക്കാനായി, നിത്യജീവിതത്തിൽ നിന്നടർത്തിയെടുത്ത ഒരു സംഭവവുമായി അതിനെ താരതമ്യപ്പെടുത്തി മെനഞ്ഞെടുക്കുന്ന കഥയാണ് ഉപമ.

'പാരബിളി'ന് പിറകിലുള്ള ഹീബ്രുപദം *'മഷാൽ'* എന്നാണ്. ഈ വാക്കിന് കഥ, ഉപമ, രൂപകം, പ്രതീകം, പ്രതിരൂപം, പഴമൊഴി, കടങ്കഥ, പ്രഹേളിക, ഗുണപാഠകഥ എന്നിങ്ങനെ വൈവിധ്യമാർന്ന അർത്ഥങ്ങളുണ്ട്. യേശുവിന്റെ ഉപമകളിൽ ഗ്രീക്കിലെ *'പാരബിൾ'* വിഭാവനം ചെയ്യുന്ന താരതമ്യകഥകളുടെയും, ഹീബ്രുവിലെ *'മഷാൽ'* വിഭാവനം ചെയ്യുന്ന വൈവിധ്യമാർന്ന അർത്ഥങ്ങളുടെയും സങ്കലനം നമുക്ക് കാണാനാവും.

ഏതാണ്ട് 35-ഓളം ഉപമകൾ ലൂക്കായുടെ സുവിശേഷത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗവും മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളിൽ



പ്രതിപാദിച്ചിട്ടുള്ളവ തന്നെയാണ്. എന്നാൽ, കരുണയുടെ സ്പർശനത്തോടെയാണ് അവ ലൂക്കാ അവതരിപ്പിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പതിനാലോളം ഉപമകളുണ്ട്. അവയെല്ലാംതന്നെ ദൈവത്തിന്റെ മഹാകരുണയുടെയും, അതിന് മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിന്റെയും സന്ദേശം പേറുന്നവയാണ്. ഈ ഉപമകളെ മാത്രം ആധാരമാക്കി ഒരു കുടുംബധ്യാനം നടത്താനാണ് ഈ പംക്തിയിലൂടെ ഇവിടെ ശ്രമിക്കുന്നത്.

## നാം സോദരർ

എല്ലാ മനുഷ്യരും എന്റെ സഹോദരീസഹോദരന്മാരാണ് എന്ന സാർവലൗകികമായ സാഹോദര്യത്തിന്റെ കാഴ്ചപ്പാടിൽ നിന്നാണ് കരുണ ഉറപൊട്ടിയൊഴുകുന്നത്. നല്ല സമരിയാക്കാരന്റെ ഉപമ (ലൂക്കാ 10:25-37) കരുണയുടെ ഈ പ്രാഥമിക പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്.

"ആരാണ് എന്റെ അയൽക്കാരൻ" എന്ന ചോദ്യം ചോദിച്ച നിയമജ്ഞന്റെ മനസ്സിൽ അയൽക്കാരനെപ്പറ്റി വളരെ സങ്കുചിതമായ വീക്ഷണം മാത്രമായിരിക്കാം ഉണ്ടായിരുന്നത്. അക്കാലത്ത് അത്തരം സങ്കുചിതവും വർഗീയവുമായ ചിന്താഗതികൾ യഹൂദസമൂഹത്തിൽ പ്രബലമായിരുന്നു. എന്നാൽ യേശു, ആ ചോദ്യത്തെത്തന്നെ തിരുത്തിക്കൊണ്ടാണ് നല്ല സമരിയാക്കാരന്റെ കഥ പറയുന്നത്.

"നീ സഹായമാവശ്യമുള്ള സകല മനുഷ്യർക്കും അയൽക്കാരനായി ഭവിക്കണം" എന്ന വിപ്ലവകരമായ ദർശനമാണ് ഈ കഥയിലൂടെ യേശു നിയമജ്ഞനെയും എല്ലാക്കാലത്തുമുള്ള മനുഷ്യരെയും പഠിപ്പിക്കുന്നത്.

ജാതിയോ മതമോ വർഗമോ വർണ്ണമോ ദേശമോ ഭാഷയോ നോക്കാതെ, സഹായമർഹിക്കുന്ന സകലരും നമ്മുടെ അയൽക്കാരായിത്തീരുമ്പോഴാണ്, നാം സ്നേഹത്തിന്റെ ഉദാത്ത മേഖലയിലേക്ക് ഉയരുന്നത്. ചാരത്തുള്ളവരും ദൂരത്തുള്ളവരും സകലരും ഈ സ്നേഹവലയത്തിൽ ഉൾപ്പെടും. സ്വന്തം സമുദായത്തിലും ഗോത്രത്തിലുംപെട്ടവർ മാത്രമല്ല, മനുഷ്യവംശത്തിൽപ്പെട്ട സകലരും ഈ സ്നേഹത്തിന്റെ ശൃംഖലയിൽ കോർത്തിണക്കപ്പെടുകയാണ്.

## തകർക്കപ്പെടുന്ന വിവേചനത്തിന്റെ മതിലുകൾ

കഥയിൽ മുറിവേറ്റു കിടന്നവൻ യഹൂദനാണ്. ആ വഴി കടന്നുപോയ പുരോഹിതനും ലേവായനും യഹൂദരായിരുന്നിട്ടും, അവനെ തുണയ്ക്കാൻ തയ്യാറായില്ല. പിന്നീട് വന്ന സമരിയാക്കാരൻ ശുദ്ധ യഹൂദനല്ല; അയാൾ അക്കാലത്തെ സങ്കരവർഗത്തിൽപ്പെട്ടവനാണ്—അർധയഹൂദനും അർധവിജാതീയനും. ഇത്തരത്തിലുള്ളവരെ ശുദ്ധ യഹൂദർ അങ്ങേയറ്റം വെറുത്തിരുന്നു.

വർഗത്തിന്റെയും രക്തശുദ്ധിയുടെയും ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യൻ കെട്ടിപ്പൊക്കിയ സകല ഭിത്തികളും നല്ല സമരിയാക്കാരന്റെ കഥയിലൂടെ യേശു ഇടിച്ചുനിരത്തുകയായിരുന്നു. ബോധപൂർവമാണ് അവിടുന്ന് ഒരു സമരിയാക്കാരനെ കഥയുടെ നായകസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത്. അയാളുടെ സ്നേഹവും ഔദാര്യവും കാരുണ്യവും വിശ്വമഹാകുടുംബത്തിന്റെയും വിശ്വമാനവികതയുടെയും അനശ്വര സന്ദേശമാണ് ഉയർത്തിക്കാട്ടിയത്.

അയാൾ മുറിവേറ്റ് അർധപ്രാണനായിക്കിടന്ന 'അന്യജാതി'ക്കാരനെ സ്വന്തം സഹോദരനായിക്കണ്ട് ശുശ്രൂഷിക്കുക മാത്രമല്ല ചെയ്തത്. സത്രത്തിൽ പരിചരണത്തിനുള്ള ഏർപ്പാടുകൾ ചെയ്തശേഷം, അതിന്റെ ചെലവുകളെല്ലാം സ്വമേധയാ വഹിക്കുകയും, കൂടുതൽ ചെലവായാൽ തിരിച്ചുവരുമ്പോൾ നൽകിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടാണ് അയാൾ അവിടെനിന്നിറങ്ങുന്നത്. മനുഷ്യന്റെ സകല നീതിസങ്കല്പങ്ങളെയും പ്രമാണങ്ങളെയും ഉല്ലംഘിക്കുന്ന ഉദാരതയാണ് അയാൾ പ്രകടിപ്പിച്ചത്. ഇതാണ് യഥാർഥ കരുണ.

## മനസ്സലിഞ്ഞുള്ള സ്നേഹം

*'എസ്പ്ലാക്നിസ്തേ'* (Esplanchnisthe - മനസ്സലിഞ്ഞു / കാരുണ്യം തോന്നി) എന്ന ക്രിയാപദമാണ് സമരിയാക്കാരന്റെ മനോഭാവം വെളിപ്പെടുത്താൻ ലൂക്കാ സുവിശേഷകൻ ഉപയോഗിക്കുന്നത് (ലൂക്കാ 10:33). *'സ്പ്ലാൻക്നോൺ'* എന്ന ഗ്രീക്ക് നാമപദത്തിൽ നിന്നുത്ഭവിക്കുന്ന ക്രിയയാണിത്. മുറിവേറ്റ് അർധപ്രാണനായി കിടക്കുന്ന മനുഷ്യന്റെ വേദനകളുമായി സമ്പൂർണ്ണമായി താദാത്മ്യപ്പെടുന്ന ചേതോവികാരമാണ് ഈ പദം ധ്വനിപ്പിക്കുന്നത്.

മനുഷ്യനെ വിശ്വകുടുംബത്തിലെ അംഗമാക്കുന്ന നവദർശനമാണിത്. കുടുംബത്തിൽ പരിശീലനം നേടുന്ന നമ്മുടെ മക്കൾ വിശ്വമഹാകുടുംബത്തിലെ അംഗമായി



ത്തീരത്തക്കവണ്ണം അവരുടെ കാഴ്ചപ്പാടുകളെ രൂപാന്തരപ്പെടുത്തുക എന്നത് മാതാപിതാക്കളുടെ മുഖ്യധർമ്മമാകുന്നു. സങ്കുചിത സ്നേഹത്തിൽനിന്ന് സാർവലൗകിക സ്നേഹത്തിലേക്കും വിശ്വസാഹോദര്യത്തിലേക്കും ഔദാര്യപൂർണ്ണമായ ശുശ്രൂഷാ മനോഭാവത്തിലേക്കും നമ്മുടെ മക്കൾ വളർന്നാലേ അത് സാധ്യമാകൂ.

## കരുണ: സ്നേഹത്തിന്റെ ധൂർത്ത്

വിശ്വസാഹിത്യത്തിൽ ധൂർത്തപുത്രന്റെ കഥയെ അതിലംഘിക്കുന്ന മറ്റൊരു കഥയില്ലെന്നാണ് പണ്ഡിതപക്ഷം. ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിൽ ചുങ്കക്കാരോടും പാപികളോടും സാമൂഹ്യവിലക്കുകളുള്ളവരോടുമൊത്തുള്ള യേശുവിന്റെ ഊട്ടുമേശയുടെ പശ്ചാത്തലത്തിലാണ് ഈ കഥ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കഥയിൽ മുഖ്യമായും മൂന്ന് കഥാപാത്രങ്ങളാണുള്ളത്: പിതാവ്, ധൂർത്തപുത്രൻ, മൂത്ത പുത്രൻ.

ഭോഗലാലസതയിൽ മുഴുകി സ്വത്തെല്ലാം നശിപ്പിച്ച് ധൂർത്തനും ദരിദ്രനുമായി മാറിയ ഇളയ പുത്രനാണ് ഈ കഥയിലെ നായകനെന്നാണ് സാധാരണ വായനക്കാർ ധരിച്ചിരിക്കുന്നത്. പക്ഷേ, സൂക്ഷ്മവിശകലനത്തിൽ അത് ശരിയല്ലെന്നു ബോധ്യമാകും; പിതാവാണ് ഈ കഥയിലെ യഥാർഥ നായകൻ. സ്നേഹം ധൂർത്തടിച്ച് കാരുണ്യത്തിന്റെ പ്രതിരൂപമായി മാറിയ ഈ പിതാവ് സ്വർഗീയ പിതാവിന്റെ പ്രതിച്ഛായയും പുത്രനായ യേശുവിന്റെ പ്രതിനിധിയുമാണ്.

പിതാവിൽനിന്ന് ഓഹരിയും വാങ്ങി ദൂരദേശത്തുപോയി, ധൂർത്തനായി ജീവിച്ച് എല്ലാം നശിപ്പിച്ചുകളഞ്ഞ ഇളയ മകൻ സുബോധം പ്രാപിച്ച് തിരിച്ചുവന്നപ്പോൾ, പിതാവ് സ്വീകരിച്ച നിലപാടും അദ്ദേഹത്തിന്റെ പ്രതികരണവുമാണ്, അദ്ദേഹത്തെ സ്നേഹത്തിന്റെ ധൂർത്തനും കരുണയുടെ അവതാരവുമാക്കി മാറ്റുന്നത്. ഈ ഉപമയിലും പിതാവിന്റെ മനോഭാവത്തെ ധ്വനിപ്പിക്കാൻ സുവിശേഷകൻ ഉപയോഗിക്കുന്നത് *'എസ്പ്ലാക്നിസ്ത്തേ'* (മനസ്സലിഞ്ഞു) എന്ന പ്രത്യേക ക്രിയാപദമാണ് (ലൂക്കാ 15:20). അഗാധമായ കാരുണ്യത്തിന്റെ പരിപൂർണ്ണത വെളിപ്പെടുത്തുന്ന പദമാണിത്.

## പിതാവിന്റെ കാരുണ്യത്തിന്റെ 5 ഘട്ടങ്ങൾ

പിതാവിന്റെ മനസ്സലിവിൽ അഥവാ കാരുണ്യത്തിൽ അഞ്ച് പ്രധാന പ്രവർത്തനങ്ങൾ അടങ്ങിയിരിക്കുന്നു:

1. ***ദൂരെവച്ചുതന്നെ പിതാവ് അവനെ കണ്ടു:*** അവന്റെ തിരിച്ചുവരവും കാത്തിരിക്കുകയായിരുന്നു പിതാവ്.



2. ***ഓടിച്ചെല്ലുന്നു:*** യാതൊരു കുറ്റപ്പെടുത്തലും കൂടാതെ, വ്യവസ്ഥാരഹിതമായാണ് പിതാവ് അവനെ സ്വീകരിക്കുന്നത്.
3. ***കെട്ടിപ്പിടിച്ചു ചുംബിക്കുന്നു:*** അണപൊട്ടിയൊഴുകുന്ന പുത്രവാത്സല്യത്തെയും, ചോദ്യം ചെയ്യാതെ നിരുപാധികം സ്വീകരിക്കുന്ന പിതാവിന്റെ വലിയ ഹൃദയത്തെയും സൂചിപ്പിക്കുന്ന പ്രവൃത്തികളാണിവ.
4. ***പുത്രത്വത്തിന്റെ മഹത്വത്തിലേക്ക് പുനഃപ്രവേശിപ്പിക്കുന്നു:*** മേൽത്തരം വസ്ത്രം അണിയിക്കൽ, മോതിരവും ചെരിപ്പും ധരിപ്പിക്കൽ മുതലായവ ഈ യാഥാർഥ്യത്തെയാണ് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്.
5. ***ആഘോഷം:*** പുത്രന്റെ തിരിച്ചുവരവിൽ വലിയ വിരുന്നൊരുക്കി ആഹ്ലാദം പങ്കുവയ്ക്കുന്നു.

ഈ അഞ്ചു പ്രവൃത്തികളും പിതാവിന്റെ അളവില്ലാത്ത കരുണയുടെ നിദർശനങ്ങളാണ്. അർഹിക്കാത്തവരുടെമേൽ പെയ്തിറങ്ങുന്ന ഔദാര്യമാണ് കരുണ. ഇളയ പുത്രന് പിതാവിന്റെ ഈ ഔദാര്യപൂർവമായ സ്നേഹത്തിന് യാതൊരു അർഹതയുമുണ്ടായിരുന്നില്ല. എന്നാൽ അവന്റെ അനർഹതയെ തെല്ലും കണക്കിലെടുക്കാതെ, അവനെ വിധിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതെ, സ്നേഹംകൊണ്ട് ചേർത്തുപിടിക്കുന്ന പിതാവിന്റെ കാരുണ്യം, മനുഷ്യന്റെ സകല ധർമസങ്കല്പങ്ങളെയും അതിലംഘിക്കുന്ന

ഒന്നാണ്. ഈ കരുണയിൽ അഗ്നിസ്നാനം ചെയ്യാൻ നമ്മുടെ കുട്ടികളെ പരിശീലിപ്പിച്ചാൽ, ദൈവരാജ്യം ഈ ഭൂമിയിൽ സംസ്ഥാപിക്കപ്പെടുമെന്നതിൽ സംശയം വേണ്ട.

## മൂത്ത പുത്രനും സാമ്പ്രദായിക മതചിന്തകളും

പിതാവിനോട് മറുതലച്ച് കോപത്തോടെ അകത്തുകയറാൻ വിസമ്മതിച്ചു നിലകൊണ്ട മൂത്ത പുത്രനിലേക്കും പിതാവിന്റെ കരുണാർദ്ര സ്നേഹം പെയ്തിറങ്ങുന്നുണ്ട്. പിതാവ് അവന്റെ അടുത്തേക്കും ഇറങ്ങിച്ചെന്ന് അവനെ സാന്ത്വനിപ്പിക്കുന്നു. ധൂർത്തനായി എല്ലാം നശിപ്പിച്ച് തിരിച്ചുവന്ന ഇളയ പുത്രനോട് പിതാവ് കാട്ടുന്ന ഔദാര്യപൂർവമായ സ്നേഹം ഉൾക്കൊള്ളാൻ മൂത്തവന് സാധിക്കുന്നില്ല. പിതാവാകട്ടെ തന്റെ കരുണാപൂർവമായ പെരുമാറ്റത്തിന്റെ അർഥം ബോധ്യപ്പെടുത്തിക്കൊടുത്ത് അവനെയും അനുനയിപ്പിക്കുകയാണ്.

മതത്തിന്റെ അന്തസത്ത കരുണയാണെന്ന കാര്യം വിസ്മരിച്ച്, നിയമത്തിന്റെ നൂലാമാലകളിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന സാമ്പ്രദായിക മതത്തിന്റെ വക്താക്കളുടെ പ്രതിനിധിയാണ് ഈ മൂത്ത പുത്രൻ. ഈ മൂത്തവനാണ് ഇളയപുത്രനേക്കാൾ വലിയ മാനസാന്തരം ആവശ്യമായിരിക്കുന്നതെന്ന് സുവിശേഷകൻ ഭംഗ്യന്തരേണ ധ്വനിപ്പിക്കുകയാണിവിടെ. കാരണം, കരുണയിലേക്കുള്ള തിരിച്ചുവരവാണ് യഥാർഥ മാനസാന്തരം.

## കരുണ = ആത്മസമർപ്പണം

കരുണ എന്നാൽ ആത്മസമർപ്പണമാണ്. കാണാതെപോയ ആടിന്റെ ഉപമയും (ലൂക്കാ 15:3-7) കാണാതെപോയ നാണയത്തിന്റെ ഉപമയും (ലൂക്കാ 15:8-10) ആത്മസമർപ്പണത്തിന്റെ പാതയിലൂടെ നടന്ന് കരുണയുടെ വെളിച്ചം വിതറാൻ നമ്മെ ഉദ്ബോധിപ്പിക്കുന്ന ലഘുകഥകളാണ്.

കാണാതെപോയ ആടിനെ 'കണ്ടുകിട്ടുവോളം' തേടുന്നു എന്നതാണ് ഈ കഥയിലെ ഇടയന്റെ പ്രത്യേകത. നഷ്ടപ്പെട്ടതിനെ തേടിപ്പിടിച്ച് പോകണമെങ്കിൽ, ത്യാഗോദാരമായ ആത്മാർപ്പണം കൂടിയേ തീരൂ. സ്വന്തം ഹിതങ്ങളും സുഖങ്ങളും വെടിയുന്നവനും സ്വന്തം സുഖത്തെക്കാൾ അപരന്റെ സുഖത്തിനു പ്രാധാന്യം കൊടുക്കുന്നവനും മാത്രമേ ഇത് സാധ്യമാകൂ. ഈ പരാർഥപ്രധാനമായ ആത്മാർപ്പണമാണ് കരുണയുടെ കാതൽ. കാണാതെപോയ നാണയത്തിന്റെ കഥയും ഈ സത്യംതന്നെയാണ് പ്രഘോഷിക്കുന്നത്.

## കരുണ = ഇളച്ചുകൊടുക്കുന്ന ക്ഷമ

രണ്ടു കടക്കാരുടെ കഥ (ലൂക്കാ 7:41-42) കരുണാമസൃണമായ സ്നേഹത്തിന്റെ മറ്റൊരു വശം വെളിപ്പെടുത്തുന്ന ഉപമയാണ്. ഫരിസേയനായ ശിമയോനോടാണ് യേശു ഇത് അരുൾച്ചെയ്തത്. കണ്ണീരുകൊണ്ട് യേശുവിന്റെ പാദം കഴുകിയ പാപിനിയായ സ്ത്രീയുടെ അനുതാപ പ്രകടനങ്ങളിൽ അസ്വസ്ഥനായ ശിമയോൻ യേശുവിനെ തെറ്റിദ്ധരിച്ചു. അപ്പോഴാണ് യേശു ഈ ഉപമ പറയുന്നത്.

ഒരു ഉത്തമർണ്ണനു രണ്ടു കടക്കാരുണ്ടായിരുന്നു; ഒരുവൻ അഞ്ഞൂറ് ദനാറയും മറ്റവൻ അമ്പത് ദനാറയും കടപ്പെട്ടിരുന്നു. ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലിയാണ് ഒരു ദനാറ. ഇന്നത്തെ മൂല്യനിരക്കിൽ ഏതാണ്ട് ആയിരം രൂപയോളം വരും. കടം വീട്ടാൻ കഴിവില്ലാത്ത ദരിദ്രരായിരുന്നു രണ്ടുപേരും. അപ്പോൾ ഈ കടക്കാരൻ രണ്ടുപേരോടും ക്ഷമിക്കുകയും കടം പൂർണ്ണമായി ഇളച്ചുകൊടുക്കുകയും ചെയ്തു.

ഒരുവന്റെ ദൈന്യാവസ്ഥയിൽ അവനോട് ക്ഷമാപൂർവം ഇടപെടുന്നതാണ് യഥാർഥ കരുണ. നിരുപാധികം എല്ലാം ക്ഷമിക്കുന്നിടത്താണ് പൂർണ്ണമായ ക്ഷമയുള്ളത്. കൂടുതൽ ക്ഷമിച്ചുകിട്ടിയവൻ പ്രതിനന്ദിയായി കൂടുതൽ സ്നേഹിക്കും. ദൈവത്തിൽനിന്ന് അധികം ഇളച്ചു കിട്ടിയതിന്റെ പ്രതിനന്ദിയെന്നോണമാണ് നാം നമ്മുടെ സഹോദരങ്ങളോട് ക്ഷമ കാണിക്കേണ്ടത്.

## കരുണ = പ്രാന്തസ്ഥരോട് പക്ഷം ചേരൽ

സമൂഹത്തിലെ അരികുവൽക്കരിക്കപ്പെടുന്നവരോട് പക്ഷം ചേരുന്നതും, അവരോട് മുൻഗണനാപരമായ സ്നേഹം പ്രകാശിപ്പിക്കുന്നതും, അവരുടെ മോചനത്തിനായി ജീവിതം സമർപ്പിക്കുന്നതുമാണ് യഥാർഥ കരുണ. മത്തായിയുടെ സുവിശേഷത്തിലെ അഷ്ടഭാഗ്യങ്ങൾക്ക് സദൃശമായി, ലൂക്കായുടെ സുവിശേഷത്തിൽ നാം നാല് ഭാഗ്യങ്ങളും നാല് ദുരിത പ്രസ്താവനകളുമാണ് കാണുന്നത് (ലൂക്കാ 6:20-26).

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ സാമൂഹികമായ ദുരിതമനുഭവിക്കുന്നവർക്ക് ലൂക്കായുടെ സുവിശേഷത്തിലെ യേശു ഭാഗ്യവും അനുഗ്രഹവും ആശംസിക്കുന്നു:

- ***ഭാഗ്യം ലഭിക്കുന്നവർ:*** ദരിദ്രർ, വിശക്കുന്നവർ, കരയുന്നവർ, പീഡ സഹിക്കുന്നവർ.
- ***ദുരിതം പ്രഖ്യാപിക്കപ്പെടുന്നവർ:*** സമ്പന്നർ, സംതൃപ്തർ, ചിരിക്കുന്നവർ, പ്രശംസയേറ്റു വാങ്ങുന്നവർ.

ഈ പ്രസ്താവനകളെ പ്രവാചകപരമായ പ്രഘോഷണങ്ങളായിട്ടാണ് നാം കാണേണ്ടത്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പാവപ്പെട്ടവ

രോടും പീഡിതരോടും പക്ഷംചേരാനും അവരുടെ വിമോചനത്തിനായി പരിശ്രമിക്കുവാനുമുള്ള ആഹ്വാനങ്ങളാണ് അവ. യഥാർഥ കരുണയുടെ പ്രായോഗിക രൂപമാണ് ഈ പക്ഷംചേരലും വിമോചനപ്രവർത്തനങ്ങളും.

## ഫരിസേയന്റെ വീട്ടിലെ മൂന്ന് ഉപമകൾ

സാബത്തുദിവസം ഫരിസേയന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന യേശു, ആ സന്ദർഭത്തിൽ അരുൾ ചെയ്ത മൂന്ന് ഉപമകൾ പ്രാന്തസ്ഥരോടുള്ള (അരികുകളിലേക്ക് മാറ്റപ്പെട്ടവരോടുള്ള) ദീനദയാലുത്വം വെളിപ്പെടുത്തുന്നവയാണ്:

1. ***അവസാനത്തെ ഇരിപ്പിടം*** (ലൂക്കാ 14:7-11): കല്യാണവിരുന്നിന് ക്ഷണിക്കപ്പെട്ടാൽ പ്രമുഖ സ്ഥാനത്തിരിക്കാതെ അവസാനത്തെ സ്ഥാനത്തിരിക്കണമെന്ന് യേശു ഉദ്ബോധിപ്പിക്കുന്നു. അവസാനത്തെ ഇരിപ്പിടങ്ങൾ സമൂഹത്തിലെ തള്ളപ്പെട്ടവർക്കുള്ളതാണ്. അവരോട് പക്ഷം ചേരുന്നതാണ് കരുണയുടെ ആത്മീയത.
2. ***സദ്യയും അതിഥികളും*** (ലൂക്കാ 14:12-14): നാം സദ്യകൊടുക്കുമ്പോൾ സമൂഹത്തിലെ ഉന്നതശ്രേണിയിൽപ്പെട്ട ധനികരെ വിളിക്കാതെ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ വിളിക്കാനുള്ള ആഹ്വാനമാണിത്. ഇവിടെയും ആതിഥേയൻ പ്രാന്തസ്ഥരോട് പക്ഷം ചേരുകയാണ്.
3. ***മഹാവിരുന്നിന്റെ ഉപമ*** (ലൂക്കാ 14:15-24): ആദ്യം ക്ഷണിക്കപ്പെട്ടവർ ഒഴികഴിവ് പറഞ്ഞ് ക്ഷണം നിരസിച്ചപ്പോൾ, തെരുവുകളിലും ഊടുവഴികളിലും ചെന്ന് ദരിദ്രരെയും കുരുടരെയും മുടന്തരെയും കൂട്ടിക്കൊണ്ടുവരാനാണ് യജമാനൻ ഭൃത്യരോട് ആവശ്യപ്പെടുന്നത്. ഇവിടെ അരികുവൽക്കരിക്കപ്പെട്ട പാവപ്പെട്ടവരും സാധാരണക്കാരും ബഹുമാനിതരായി; സമൂഹത്തിന്റെ മേലേക്കിടയിൽപ്പെട്ടവർ തിരസ്കൃതരായി. ഈ വിപര്യാസം (Reversal) കരുണാമയനായ ദൈവത്തിന്റെ പദ്ധതിയിൽപ്പെട്ടതാണ്.

## കരുണ = പ്രതിഫലേച്ഛ കൂടാതെയുള്ള വിനീത സേവനം

പരിചരിക്കുന്ന ഭൃത്യന്റെ ഉപമ (ലൂക്കാ 17:7-10) കരുണയെ നിസ്വാർഥമായ സേവനവുമായി ബന്ധപ്പെടുത്തുന്നു. "ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്; ചെയ്യേണ്ട കടമ നിർവഹിച്ചതേയുള്ളൂ" എന്ന വിനീതമായ മനോഭാവത്തോടെയുള്ള ശുശ്രൂഷയും സേവനവുമാണ് കരുണയുള്ള ഒരു വ്യക്തിയുടെ യഥാർഥ പ്രവർത്തനശൈലി.

## കരുണാമയനായ രക്ഷകൻ

ഉപമകളിലൂടെ കാരുണ്യത്തിന്റെ മഹത്വം വെളിപ്പെടുത്തിയ യേശു, സ്വന്തം ജീവിതത്തിലൂടെത്തന്നെ കാരുണ്യത്തിന്റെ ഇതിഹാസം രചിച്ചു. ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന സംഭവങ്ങൾ യേശുവിന്റെ കരുണയുടെ ഉദാത്ത സാക്ഷ്യങ്ങളാണ്:

- നായിനിലെ വിധവയുടെ മകനെ പുനഃജീവിപ്പിച്ചത് (ലൂക്കാ 7:11-17)
- പാപിനിയായ സ്ത്രീക്കു പാപമോചനം നൽകിയത് (ലൂക്കാ 7:36-50)
- സക്കേവൂസിന്റെ വീട്ടിലെത്തി ആ കുടുംബത്തിനു രക്ഷ നൽകിയത് (ലൂക്കാ 19:1-10)
- ഗദ്സമേൻ തോട്ടത്തിൽ, തന്നെ അറസ്റ്റ് ചെയ്യാനെത്തിയ ഭൃത്യന്റെ മുറിവേറ്റ ചെവി തൊട്ടു സുഖപ്പെടുത്തിയത് (ലൂക്കാ 22:51)
- തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ തിരിഞ്ഞുനോക്കി കരുണയോടെ കടാക്ഷിച്ചത് (ലൂക്കാ 22:61)
- കുരിശിൽ കിടന്നുകൊണ്ട് ശത്രുക്കൾക്കു വേണ്ടി പ്രാർഥിച്ചത് (ലൂക്കാ 23:34)
- നല്ല കള്ളനു പറുദീസ വാഗ്ദാനം ചെയ്തത് (ലൂക്കാ 23:39-43)

പ്രബോധനത്തിലും ജീവിതത്തിലും അവിടുന്ന് കരുണയുടെ മഹാജ്യോതിസ്സായി ജ്വലിച്ചുനിൽക്കുന്നു.

## കുടുംബത്തിൽ കരുണയുടെ കുളിർമഴ

ഭാര്യാഭർത്തൃബന്ധത്തിലും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും കരുണയുടെ തൂവൽസ്പർശമുണ്ടായാൽ അനേകം പ്രശ്നങ്ങൾ താനേ പരിഹരിക്കപ്പെടും. കരുണാമസൃണമായ സംസാരശൈലിയാണ് കുടുംബാംഗങ്ങൾ എപ്പോഴും അവലംബിക്കേണ്ടത്. കോപവും ശകാരവും ഭർത്സനവും ബന്ധത്തകർച്ചയ്ക്കേ കാരണമാകൂ. സംസാരത്തിൽ മാത്രമല്ല, നോട്ടത്തിലും ഇടപെടലുകളിലുമെല്ലാം കരുണ പരിശീലിക്കാനായാൽ, കുടുംബാംഗങ്ങൾ തമ്മിൽ നല്ല ആത്മബന്ധമുണ്ടാകും.

എല്ലാം പൊറുക്കാനും മറക്കാനും സാധിക്കുന്നതാണ് യഥാർഥ കരുണ. പഴയ കാര്യങ്ങൾ ഓർമ്മിപ്പിച്ച് പങ്കാളിയെ വീണ്ടും മുറിവേൽപ്പിക്കാതെ, നിരുപാധികം ക്ഷമിക്കാനായാൽ ബന്ധങ്ങളിലെ വിള്ളലുകൾ കൂട്ടിയോജിപ്പിക്കപ്പെടും. ഉത്തരവാദിത്തപൂർവം കുടുംബജീവിതം നയിക്കുകയും എല്ലാം പങ്കിട്ട് അനുഭവിക്കുകയും ചെയ്യുമ്പോൾ കരുണയുടെ പാതയിൽ മുന്നേറാൻ കുടുംബാംഗങ്ങൾക്കു കഴിയും. കുടുംബത്തിനുള്ളിൽ നിറയുന്ന ഈ കരുണ, പിന്നീട് അയൽപ്പക്കങ്ങളിലേക്കും സമൂഹത്തിലേക്കും പടരുകതന്നെ ചെയ്യും. ○

EXIT പുറം വാതിൽ



ജെ. മണക്കുന്നേൽ

# ഭക്തിമറയും വ്യക്തിവൈകല്യവും

“പള്ളിയിലെ വല്യപുള്ളിയൊക്കെയാ... പക്ഷേ, പുള്ളിക്കാരനെയും പിള്ളാരെയും നേരേചൊവ്വേ നോക്കില്ലെന്നേയുള്ളൂ...” കൂട്ടിക്കൊണ്ടുവന്ന കൂട്ടുകാരി, അടക്കംപറഞ്ഞിട്ടു വേഗം പള്ളിക്കകത്തേക്കു വലിഞ്ഞു. പള്ളിക്കുള്ളിൽനിന്ന് പടിയിറങ്ങിവരുന്ന പുണ്യാളത്തിയെ ഞാനൊന്നു പാളിനോക്കി! രണ്ടു കൈയിലും കൊന്തചുറ്റിയ അന്തസ്സുള്ള നാല്പതുകാരി നാരീമണി! സ്തുതി തന്നതു കേട്ടാൽ പുണ്യം കവിഞ്ഞൊഴുകും. അരികിലുള്ള കസേരയിലിരുത്താൻ ഒത്തിരി നിർബന്ധിക്കേണ്ടി വന്നു. അഞ്ചെട്ടു കിലോമീറ്റർ അപ്പുറത്തുനിന്ന് കൂട്ടുകാരിയെയും കൂട്ടി ഓട്ടോയിലാണ് വന്നതെന്ന് ആമുഖമായി പറഞ്ഞു. പ്രാർഥന നടത്തി പ്രാരംഭ ചർച്ച കഴിഞ്ഞപ്പൊഴേ കാര്യം പിടികിട്ടി. കെട്ടിയോൻ ഫോണിലൂടെ പണ്ടേതന്നെ കാര്യങ്ങൾ പറഞ്ഞിരുന്നു. വീട്ടുകാര്യങ്ങൾ നടത്തുവാനോ കുട്ടികളുടെ കാര്യം ശ്രദ്ധിക്കാനോ ഒട്ടുമേ ഇഷ്ടമല്ല. കെട്ടിയോന്റെ ജോലിഭാരം കൃത്യമായി അറിയാനോ, കുട്ടികളുടെ മനസ്സൊന്നു തൊട്ടറിയാനോ ഇഷ്ടമില്ലാത്തതിനാൽ, പ്രാർഥനയുടെ മറവിൽ പള്ളികൾ നിരങ്ങിയും പുണ്യം പുലമ്പിയും, നാട്ടുകാരുടെ പ്രശ്നങ്ങളിലെല്ലാം നാണമില്ലാതെ തലയിട്ടും, നല്ല കൊട്ടുകിട്ടുമ്പോൾ എട്ടുനാടും കേൾക്കേ കുറ്റം വിളമ്പിയും ജീവിതം ആനന്ദകരമായി ആസ്വദിക്കുന്നു! കെട്ടിയോന്റെ അമ്മ വീട്ടിലുള്ളതുകൊണ്ട് വീട്ടുകാര്യങ്ങളൊക്കെ കോട്ടമില്ലാതെ പോകുന്നു. ആഴ്ചയിൽ ഒരിക്കൽ മാത്രം പണിസ്ഥലത്തു നിന്നെത്തുന്ന ഭർത്താവിനെ വേണ്ടാത്തതൊക്കെപ്പറഞ്ഞ് വന്നു കയറുമ്പോഴേ വലയ്ക്കും. അങ്ങേരൊന്നു കയർത്താൽ, ആ പറ്റിൽ ചുറ്റുപാടുമുള്ളവരോടു കുറ്റം പറഞ്ഞ് ‘വച്ചുവിളമ്പൽ’ വേണ്ടെന്നു വയ്ക്കും; കൂടെക്കിടക്കാനും കൂട്ടാക്കുകയില്ല. ചട്ടുകം ചാട്ടയാക്കി കുട്ടികളെ ചിട്ടപഠിപ്പിച്ചതിനാൽ കുട്ടികൾക്കും അമ്മയെ ഒട്ടും ഇഷ്ടമല്ലാതായി. പഞ്ചായത്ത് മെമ്പറാകാൻ പാടുപെട്ടു ശ്രമിച്ചിട്ടും പാഴായിപ്പോയതിന്റെ പരിഭവം നാട്ടുകാരോടു മൊത്തമുണ്ട്. കർത്താവ് കൂടെയുള്ളതുകൊണ്ടാണ് തന്റെ കാര്യങ്ങളെല്ലാം ഭംഗിയായി പോകുന്നതെന്ന വീമ്പിളക്കിന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട് ഇടയ്ക്കിടെ... അരമണിക്കൂറിനപ്പുറം ആമണിമൊഴികളും സ്തുതിപ്പും സ്തോത്രവും കേട്ടിരുന്ന എന്റെ ‘കിളി’പോയി! എനിക്കുവേണ്ടി ആ ഭക്തസ്ത്രീ നടത്തിയ അഭിഷേക പ്രാർഥനകൂടിയായപ്പോൾ പൂർണ്ണമായി! ഒടുവിൽ, ‘ഇനി മിണ്ടാതിരുന്ന് എന്നെ ഒന്നു കേൾക്കണമേ’ എന്ന അപേക്ഷയോടെ ഞാൻ പറഞ്ഞുതുടങ്ങി. കുട്ടികളുടെ ഇഷ്ടക്കേടിനും കെട്ടിയോന്റെ നഷ്ടസ്നേഹത്തിനും വീട്ടിലെ തട്ടുമുട്ടുകൾക്കും നാട്ടിലെ പൊട്ടലുകൾക്കും കാരണമെന്തെന്ന് ഒരു ആത്മശോധന അവശ്യാവശ്യമാണെന്ന് ഞാനുറപ്പിച്ചു പറഞ്ഞു. എതിർവാദഗതികൾക്കപ്പുറം, ഏറെ വിനീതമായ ഒരു സ്വയംവിശകലനം വേണ്ടതുണ്ടെന്ന ബോധ്യത്തിലേക്ക് ആ സ്ത്രീയെ എത്തിക്കാൻ ഒരു മണിക്കൂറിലേറെ പണിപ്പെടേണ്ടിവന്നു. സ്വയം ന്യായീകരണത്തിനു മാത്രം ശ്രമിച്ചിരുന്ന ആ സഹോദരി, ഒടുവിൽ തന്റെ കുറ്റങ്ങൾ അംഗീകരിച്ചു. കുഞ്ഞുപ്രായം മുതൽ തന്റെ വീട്ടിൽനിന്നും നാട്ടിൽനിന്നും കിട്ടിയ ആന്തരിക മുറിവുകൾ, തന്റെ ഈ സ്വഭാവത്തിനു കാരണമായിട്ടുണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. കണ്ണീരിൽക്കുതിർന്ന ഒരു നീണ്ട കുമ്പസാരത്തിനൊടുവിൽ, കൂട്ടുകാരിയെയും കെട്ടിപ്പിടിച്ച് അവർ കരയുന്നതു കണ്ട എനിക്കും ആനന്ദക്കണ്ണീർ അല്പം പൊടിഞ്ഞു.

“ഭർത്താവിനെ ബഹുമാനിക്കുന്ന ഭാര്യയെ സകലരും വിവേകവതിയായി കാണും; അഹമ്മതി പൂണ്ട് അവഹേളിക്കുന്നവൾ അധർമ്മിണിയായി എണ്ണപ്പെടും” (പ്രഭാ. 26:26).

വ്യക്തിജീവിതത്തിന്റെ കാപട്യങ്ങളെ ഭക്തികൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നവരുണ്ട്. ഉത്തരവാദിത്തങ്ങളിൽനിന്നുള്ള ഒളിച്ചോട്ടത്തിന് ആത്മീയതയുടെ ആവരണം അണിയുന്നവരുമുണ്ട്. നെഞ്ചിലെ കള്ളത്തെ കുലീനമാക്കുവാൻ പുഞ്ചിരികൊണ്ടു പൊതിയുന്നവരുമുണ്ട്. അധിക നാളൊന്നും പിടിച്ചു നിൽക്കാൻ ഇതുകൊണ്ടാവില്ല എന്ന തിരിച്ചറിവാണ് യഥാർഥ മാനസാന്തരം.

“ദൈവഭക്തി ജ്ഞാനത്തിനുള്ള പരിശീലനമാണ്; വിനയം ബഹുമതിയുടെ മുന്നോടിയും” (സുഭാ. 15:33).

Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel